# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 മാർച്ച് 3 | ദീപം 55 | നാളം 1 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# കേഴുന്നു ലോകം ശാന്തിമന്ത്രങ്ങൾക്കായി




സിൽജി ജെ. ടോം


രക്തപ്പുഴകളിൽ അഭിരമിക്കാൻ ഇഷ്ടപ്പെടുന്ന ഭീകരതയുടെ വക്താക്കൾ സമൂഹത്തിനു സമ്മാനിക്കുക വേദനകളുടെ ചോര കിനിയുന്ന മുറിവുകളാണ്. മിസൈലുകളും ബോംബുകളും കൊലക്കത്തികളും പക തീർക്കുമ്പോൾ ചുറ്റിലുമുയരുക ആർത്തനാദങ്ങളാണ്. യുദ്ധക്കൊതിയും വർഗീയഭ്രാന്തും മതവിദ്വേഷവും രാഷ്ട്രീയമാത്സര്യങ്ങളും ചോരപ്പുഴകളൊഴുക്കുമ്പോൾ ശാന്തിമന്ത്രങ്ങൾക്കായി എവിടെയാണു തേടേണ്ടത്, നാടു മാത്രമല്ല രാജ്യവും ലോകവുമെല്ലാം.

കൊറോണ ഭീതിയൊഴിയുംമുമ്പേ യുദ്ധഭീതിയിലാണു ലോകം, മിസൈലുകളുടെ പ്രഹരത്തിൽ 'ദൈവത്തിന്റെ സ്വന്തം നാട്ടി'ലാകട്ടെ രാഷ്ട്രീയക്കൊലപാതകങ്ങളും കൂട്ടയാത്മഹത്യകളും മറ്റു ക്രിമിനൽ പ്രവർത്തനങ്ങളും വർദ്ധിക്കുന്നു. രാഷ്ട്രീയഭ്രാന്ത് തലയ്ക്കു പിടിച്ചാൽ ആളുകൾ എത്രമാത്രം അക്രമാസക്തരാകുമെന്നു തലശേരിയിൽ ഫെബ്രുവരി 21 ന് പുലർച്ചെയുണ്ടായ ഹരിദാസിന്റെ കൊലപാതകം കാണിച്ചുതരുന്നു. ജോലി കഴിഞ്ഞുവന്ന ഹരിദാസിനെ വീടിനു മുന്നിൽ വെട്ടിവീഴ്ത്തിയത് ആർ എസ് എസ് - ബി ജെ പി പ്രവർത്തകരാണെന്ന് സി പി എം ആരോപിക്കുന്നു. നിരപരാധികളുടെയും നിഷ്കളങ്കരുടെയും ചുടുചോര കുടിച്ചു കലിപൂണ്ടു നിൽക്കുകയാണ് ഇന്നാട്ടിലെ ചില മനുഷ്യജന്മങ്ങൾ. നിസ്സാരതർക്കങ്ങളുടെ പേരിൽ ജീവനെടുക്കുന്ന വിദ്വേഷത്തിന്റെ രാഷ്ട്രീയം വിട്ട് സംയമനത്തിന്റെ നാളുകളിലേക്കു കേരളത്തിലെ രാഷ്ട്രീയക്കാർ ഇനിയെന്നാണു മടങ്ങുക. ഒരു പാർട്ടിക്കാരൻ കൊല്ലപ്പെട്ടാൽ പകരം മറ്റൊരു പാർട്ടിയിലെ ആൾകൂടി കൊല്ലപ്പെട്ടാലേ രാഷ്ട്രീയപകപോക്കൽ പൂർണമാകൂ എന്നു ചിന്തിക്കാൻ മാത്രം വിവേകമില്ലാത്തവരായിരിക്കുന്നു നമ്മുടെ രാഷ്ട്രീയക്കാർ. മുൻകൊലപാതകവുമായി യാതൊരു വിധത്തിലും ബന്ധപ്പെടാത്തവരാണ് പലപ്പോഴും രാഷ്ട്രീയപകയിൽ എരിഞ്ഞടങ്ങുന്നത്.

അഹമ്മദാബാദ് സ്ഫോടനക്കേസ് വിധി നൽകുന്ന മുന്നറിയിപ്പ് രാഷ്ട്രീയപകയുടെയും മതവിദ്വേഷത്തിന്റെയും പ്രഘോഷകർക്കു പാഠമാകേണ്ടതാണ് രാജ്യത്തെ നടുക്കിയ അഹമ്മദാബാദ് സ്ഫോടനപരമ്പരക്കേസിലെ വിധി. നീണ്ടകാലം കാത്തിരിക്കേണ്ടിവന്നെങ്കിലും 56 നിരപരാധികളെ നിഷ്കരുണം കൊന്നുകളഞ്ഞ ക്രൂരതയ്ക്കു ശക്തമായ താക്കീതുതന്നെയാണ് പ്രത്യേക കോടതി കഴിഞ്ഞ ദിവസം പുറപ്പെടുവിച്ച വിധി.

വധശിക്ഷ വിധിച്ച 38 പേരിൽ മൂന്നു മലയാളിയുവാക്കളും ഉൾപ്പെടുന്നു വെന്നത് കേരളസമൂഹത്തെ ഞെട്ടിക്കുന്നതാണ്. ഇത്രയധികം പേർക്ക് ഒരുമിച്ചു വധശിക്ഷ വിധിക്കപ്പെടുന്ന രാജ്യത്തെ ആദ്യത്തെ കേസാണിത്. മരണംവരെ ജീവപര്യന്തം തടവുശിക്ഷ വിധിക്കപ്പെട്ട പതിനൊന്നു പ്രതികളിലുമുണ്ട് മൂന്നു മലയാളികൾ. തീവ്രവാദത്തെയും ഭീകരതയെയും പോറ്റി വളർത്തുന്ന, അത്തരം ഭീകരസംഘടനകളിൽ അംഗത്വമെടുക്കാൻ നാടു വിടുന്ന പെൺകുട്ടികളടക്കമുള്ളവരുടെ കഥകൾ ഇന്ന് നമ്മുടെ നാടിനു പുതുമയല്ലാതായിരിക്കുന്നു. കൂടുതൽ കരുതൽ ആവശ്യമുള്ള കാലം. ഇത്തരം കേസുകളിൽ അറിഞ്ഞോ അറിയാതെയോ അകപ്പെടാതിരിക്കാൻവേണ്ട ജാഗ്രത എല്ലാവർക്കും ഉണ്ടായേ പറ്റൂ എന്ന് ഈ വിധി മുന്നറിയിപ്പു നൽകുന്നു.

2008 ജൂലൈ 26 ന് അഹമ്മദാബാദ് നഗരത്തിലെ 14 സ്ഥലങ്ങളിലായി 21 സ്ഫോടനങ്ങളാണു നടന്നത്.



ജനജീവിതം തിരക്കിലായിരുന്ന മണിക്കൂറുകളിൽ വാഹനങ്ങളിൽ സ്ഥാപിച്ച ബോംബുകൾ പൊട്ടിത്തെറിച്ചപ്പോൾ 56 പേരുടെ ജീവൻ നഷ്ടപ്പെട്ടു. 240 ഓളം പേർക്കു പരിക്കേറ്റു. വൈകുന്നേരം 6.45 ഓടെ ആരംഭിച്ച സ്ഫോടനങ്ങൾ ഒരു മണിക്കൂറിലേറെ നഗരത്തെ പിടിച്ചുകുലുക്കി.

'ജിഹാദിനു തുടക്കം, ഗുജറാത്തിനോടുള്ള പ്രതികാരം' എന്ന തലക്കെട്ടുമായി 'അഹമ്മദാബാദിൽ സ്ഫോടനം നടക്കാൻ പോവുന്നു. തടയാമെങ്കിൽ തടയൂ.' എന്നൊരു ഇ മെയിൽ സന്ദേശം ഗുജറാത്തിലെ ടി വി ചാനലുകളുടെ ഓഫീസുകളിൽ അന്നേദിവസം എത്തിയിരുന്നു. ഇ മെയിൽ കിട്ടി മിനിറ്റുകൾക്കകം ആദ്യസ്ഫോടനം നടന്നു. തിരക്കേറിയ ഓൾഡ് സിറ്റിയിലടക്കം നടന്ന സ്ഫോടനപരമ്പരയിൽ നഗരം രക്തപ്പുഴയായി. പരിക്കേറ്റവർക്കു രക്തം നൽകുന്നതിനായി നിരവധി പേർ ആശുപത്രികളിൽ എത്തിയിരുന്നു. ഇതേ ആശുപത്രികളിലും പൊട്ടിത്തെറിയുണ്ടായത് നിരപരാധികളായ ഏറെ ജീവനുകൾ നഷ്ടമാക്കി.

ഗുജറാത്ത് ക്രൈം ബ്രാഞ്ചിലെ പ്രത്യേക അന്വേഷണസംഘമാണ് കേസ് അന്വേഷിച്ചത്. ആയിരത്തോളം പേർ കൊല്ലപ്പെട്ട 2002 ലെ ഗുജറാത്ത് കലാപങ്ങളിൽ ന്യൂനപക്ഷവിഭാഗങ്ങൾ പരക്കെ വേട്ടയാടപ്പെട്ടതിനു പ്രതികാരമെന്നോണമാണ് നിരോധിത തീവ്രവാദി സംഘടന സ്ഫോടനപരമ്പര ആസൂത്രണം ചെയ്തതെന്ന് അന്വേഷണസംഘം കണ്ടെത്തി. 'സിമി'യുടെ ഉപവിഭാഗമായ ഇന്ത്യൻ മുജാഹിദ്ദീന്റെ പ്രവർത്തകരാണ് പ്രതികളെല്ലാവരും. സ്ഫോടനങ്ങളുടെ ഉത്തരവാദിത്വം അവർ ഏറ്റെടുത്തിരുന്നു. അന്വേഷണങ്ങളിൽ 77 പേർ അറസ്റ്റിലായി. വിചാരണയ്ക്കൊടുവിൽ 28 പേരെ കോടതി കുറ്റവിമുക്തരാക്കി. ഒരാൾ നേരത്തേ മാപ്പുസാക്ഷിയായിരുന്നു.

അധികാരിവർഗങ്ങളോടു പ്രതികാരവാഞ്ഛ വച്ചുപുലർത്തുന്ന ഭീകരർ നിരപരാധികളെ കൊന്നു പകരം വീട്ടുകയാണ്. നിഷ്കളങ്കരക്തം ചിന്തിയാൽ തങ്ങളുടെ ആശയങ്ങൾ വിലമതിക്കപ്പെടുമെന്നു ചിന്തിക്കാൻമാത്രം ബുദ്ധിമോശം തീവ്രവാദപ്രസ്ഥാനങ്ങളിൽ ആകൃഷ്ടരാവുന്നവരുടെ ഭാഗത്തുനിന്നുണ്ടാകുന്നത് എന്തുകൊണ്ടെന്നറിയില്ല. അടുത്ത കാലത്ത് ഇത്തരം ഭീകരസംഘടനകളിലേക്ക് ആകൃഷ്ടരാവുന്നതിലേറെ പേരും വിദ്യാസമ്പന്നരാണ് എന്നതാണു ഞെട്ടിക്കുന്ന വസ്തുത. ■

# കാഞ്ചിയാറ്റിൽ പൂവിട്ട ജക്കരന്ത

***2021 ലെ കേന്ദ്ര സാഹിത്യ അക്കാദമി യുവപുരസ്കാർ അവാർഡ് നേടിയ മോബിൻ മോഹനുമായി മാധ്യമപ്രവർത്തകൻ എസ്. സൂര്യലാൽ നടത്തിയ അഭിമുഖം***



**എസ്. സൂര്യലാൽ**

***എഴുത്തിലേക്കുള്ള കടന്നുവരവ് എങ്ങനെയായിരുന്നു?***

നെല്ലൻകുഴിയിൽ കുടുംബം കലാകുടുംബമാണ്. കലയിലും സാഹിത്യത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച നിരവധിപേരുള്ള കുടുംബം. 1945 ൽ കോട്ടയം ജില്ലയിലെ അമ്പാറ എന്ന പ്രദേശത്തുനിന്ന് ഉപ്പുതറയിലേക്കു കുടിയേറി പാർത്തപ്പോൾ ഇവിടെയും സാംസ്കാരികപ്രവർത്തനങ്ങൾക്കനുയോജ്യമായ അന്തരീക്ഷമായിരുന്നു. നാടകപ്രവർത്തകർ, എഴുത്തുകാർ, സാംസ്കാരിക സമിതികൾ, ഗ്രന്ഥശാലകൾ, വിവിധ ക്ലബുകൾ അങ്ങനെ എല്ലാംകൊണ്ടും എഴുതാൻ കഴിയുംവിധമുള്ള സാഹചര്യങ്ങൾ സംജാതമായി.

ചെറുപ്പത്തിൽത്തന്നെ കഥയും കവിതയുമൊക്കെ എഴുതിയിരുന്നു. കാഞ്ചിയാർ ഇടുക്കിയിലെ ഒരു പ്രധാനപ്പെട്ട സാംസ്കാരിക കേന്ദ്രമാണ്. രാജഭരണം ഇപ്പോഴും നിലനിൽക്കുന്ന ഗോത്രവിഭാഗമായ മന്നാൻവിഭാഗത്തിന്റെ ആസ്ഥാനമായ കോവിൽമലയും കാഞ്ചിയാർ പഞ്ചായത്തിലാണ്. ഒട്ടേറെ എഴുത്തുകാരും നാടകപ്രവർത്തകരും സാംസ്കാരികപ്രവർത്തകരും കാഞ്ചിയാറ്റിലുണ്ട്. ഗ്രന്ഥശാലകളും ക്ലബുകളും നാടകസമിതികളും ഒക്കെയായി വലിയ ഒരു സാംസ്കാരികപൈതൃകം കാഞ്ചിയാർ എന്ന ഗ്രാമത്തിനുണ്ട്. പിതാവ് എൻ.ജി. മോഹനൻ ഇടുക്കി ജില്ലയിലെ അറിയപ്പെടുന്ന കവിയാണ്. വീട്ടിൽ കൂടുതൽ സമയവും ഏവരുടെയും സംസാരം കലയെയും സാഹിത്യത്തെയുംപറ്റിത്തന്നെയാണ്. സാംസ്കാരികപ്രവർത്തനത്തിനും സാഹിത്യത്തിനും അനുകൂലമായ നാട്ടിലെയും വീട്ടിലെയും അന്തരീക്ഷമാണ് എന്നിലെ എഴുത്തിന് ഊർജം പകർന്നത്.

***? ജക്കരന്ത വിരിഞ്ഞത് എപ്പോൾ? എങ്ങനെ?***

ഒരു മറയൂർ യാത്രയിലാണ് ജക്കരന്ത എന്ന മരം മനസ്സിൽ പതിഞ്ഞത്. അന്ന് അതിന്റെ പേരുപോലും അറിയില്ലായിരുന്നു. വയലറ്റ് പൂക്കൾ നിറഞ്ഞുനിന്ന അതിമനോഹരിയായ മരം. യാത്രയ്ക്കുശേഷവും ആ മരം മനസ്സിൽനിന്നു പോകാതെ നിൽക്കുകയാണ്. പിന്നെ മരത്തെ ചുറ്റിപ്പറ്റിയുള്ള അന്വേഷണങ്ങളായിരുന്നു. പേരും ജന്മദേശവും മറ്റും അന്വേഷിച്ചപ്പോഴാണ് യൂറോപ്പിലും ലാറ്റിനമേരിക്കയിലുമെല്ലാം ധാരാളമായി കാണപ്പെടുന്ന, വഴിയോരങ്ങൾ ഭംഗിയാക്കാൻ വച്ചുപിടിപ്പിക്കുന്ന ഒന്നാണിതെന്നു മനസ്സിലായത്. അതു പൂക്കുന്ന കാലത്ത് അതിഗംഭീരമായ ആഘോഷങ്ങളും ജക്കരന്ത ഫെസ്റ്റിവലുകൾപോലും അവിടെ നടത്താറുണ്ടെന്നും അറിഞ്ഞു. അത്രമാത്രം സ്വാധീനിച്ച മരത്തെ ചുറ്റിപ്പറ്റി ഒരു കഥ, ഫിക്ഷൻ രൂപത്തിൽ എന്തെങ്കിലുമൊന്ന്, എഴുതണമെന്ന് ആഗ്രഹം തോന്നിത്തുടങ്ങി. അതിനു ചേർന്ന ഭൂമികകൾ തിരഞ്ഞു. ആദ്യം ഒരു ചെറുകഥയായിരുന്നു മനസ്സിൽ. യൂറോപ്പിന്റെ പശ്ചാത്തലത്തിലാകുമ്പോൾ കുറെക്കൂടി അവരുടെ ജീവിതവും സംസ്കാരവുമായി ചേർന്നുനിൽക്കുമെന്നു മനസ്സിലാക്കി. യൂറോപ്പ് സന്ദർശിച്ചിട്ടുള്ള ഒരാളല്ല ഞാൻ. കാഞ്ചിയാർ എന്ന മലയോരഗ്രാമത്തിൽ ഇരുന്നുകൊണ്ട് യൂറോപ്പിനെ കാണുമ്പോൾ ആ നാടിന്റെ സംസ്കാരം, ജീവിതരീതി, അവിടുത്തെ ആളുകളുടെ പേരുകൾ, ഭക്ഷണ രീതി അങ്ങനെയെല്ലാം പഠിക്കേണ്ടതായി വന്നു. ഒടുവിൽ, യൂറോപ്പിന്റെ പശ്ചാത്തലത്തിൽ ജക്കരന്ത പിറവിയെടുത്തു.

***? കേന്ദ്ര സാഹിത്യഅക്കാദമി യുവ പുരസ്കാരിനെപ്പറ്റി?***

കേന്ദ്ര സാഹിത്യ അക്കാദമിയുടെ യുവ പുരസ്കാറിന് മൂന്നു തവണ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിരുന്നു എന്നാൽ, 2021 ലെ പുരസ്കാരമാണ് എന്നെ തേടിയെത്തിയത്. എന്റെ ആദ്യനോവലാണ് ജക്കരന്ത. കൂടുതലായും മിനിക്കഥകളാണു മുമ്പ് എഴുതിയിരുന്നത്. ആദ്യസമാഹാരം 'പുറമ്പോക്ക്' 55 മിനിക്കഥകളുടേതായിരുന്നു. 'ആകാശം പെറ്റ തുമ്പികൾ' ആയിരുന്നു രണ്ടാമത്തെ കഥാസമാഹാരം. ചെറുകഥകൾക്കപ്പുറത്തേക്ക് എഴുത്തിൽ വലിയ പ്രതീക്ഷകൾ ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. എന്നാൽ, ജക്കരന്ത നേടിത്തന്ന സ്വീകാര്യത പുതിയ എഴുത്തുകാരനെന്ന നിലയിൽ ഏറെ അഭിമാനത്തിനും



**മോബിൻ മോഹൻ**

സന്തോഷത്തിനും വക നൽകുന്നു. ഇനിയുള്ള എഴുത്തിനു കൂടുതൽ ഗൗരവം കൊടുക്കാൻ ബാധ്യസ്ഥനാക്കുന്നു. ജക്കരന്ത യൂറോപ്യൻ പശ്ചാത്തലത്തിലുള്ള നോവലായതുകൊണ്ടുതന്നെ പലരും ആദ്യം കരുതിയത് വിവർത്തനം ചെയ്യപ്പെട്ടതാണെന്നായിരുന്നു. വായിച്ച കുറെയധികം പേർ വിവർത്തനസാധ്യതയെപ്പറ്റി പറഞ്ഞു. അതുകൊണ്ടുതന്നെ വിവർത്തനം ചെയ്യപ്പെടണമെന്നും മറ്റു ഭാഷകളിൽ വായിക്കപ്പെടണമെന്നും അതിയായ ആഗ്രഹമുണ്ട്. ശ്രമങ്ങൾ നടന്നുവരികയാണ്. കേന്ദ്ര സാഹിത്യ അക്കാദമി യുവ പുരസ്കാർ എഴുത്തിനുള്ള ഒരു വലിയ ഊർജംതന്നെയാണ്.

***? കണ്ടിട്ടില്ലാത്ത സ്ഥലങ്ങളെയും അവിടത്തെ കാലാവസ്ഥയെയും ഭൂപ്രകൃതിയെക്കുറിച്ചും എഴുതിയല്ലോ. അതിനു നേരിടേണ്ടി വന്ന പ്രതിസന്ധികളെക്കുറിച്ചു പറയാമോ?***

ചന്ദ്രനിൽ കാലുകുത്തുന്നതിന് എത്രയോ മുമ്പു തന്നെ മനുഷ്യൻ അവിടം ഭാവനയിൽ കണ്ടിരിക്കും. ഭാവനയുടെ സാധ്യതകളാണ് നമുക്കു ചുറ്റുമുള്ളത്. അതില്ലെങ്കിൽ ദൈവങ്ങളില്ല, മനുഷ്യരില്ല, പിന്നെ ജീവിത ചൈതന്യമില്ല എന്നാണല്ലോ. അതുതന്നെയാണ് ഈ നോവലിൽ ഞാനും പ്രയോജനപ്പെടുത്തിയത്. കുറെയധികം പഠനങ്ങളും വായനയും അന്വേഷണവും നടത്തി. ഒരു നൂറ്റാണ്ടുമുമ്പുള്ള കഥയാണ്. അപ്പോൾ ആ കാലഘട്ടത്തിലുള്ള അവിടുത്തെ ജീവിതവ്യാപാരങ്ങളെ സംബന്ധിച്ചു കൂടുതൽ പഠനം നടത്തേണ്ടിവന്നു. അപ്പോഴൊക്കെ ചില പ്രതിസന്ധികൾ വന്നു. ഈ പ്രതിസന്ധികളെ ഭാവനയിലൂടെ മറികടക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഒരു പരിധിവരെ അതു വിജയിച്ചു എന്നാണു വിശ്വാസം.

***? വലിയ പ്രാധാന്യമൊന്നുമുള്ള കഥാപാത്രമല്ല സിസിലിയ. എങ്കിലും അവൾക്കും ഒരു കഥയുണ്ട്. ഇപ്രകാരമുള്ള സൃഷ്ടി എങ്ങനെയാണ് നടത്തുന്നത്?***

വൈവിധ്യമുള്ള കഥകൾക്കു നടുവിലാണ് നമ്മുടെ ജീവിതം. ഈ വൈവിധ്യമാണ് കഥകളുടെയും ജീവിതത്തിന്റെയും സൗന്ദര്യം. ഒരു വലിയ ക്യാൻവാസ് ആവുമ്പോൾ അത്തരം വൈവിധ്യങ്ങളുടെ സൗന്ദര്യം നമുക്കു പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും. നോവലിന് അങ്ങനെയൊരു സാധ്യതയുണ്ട്. ഒരുപാട് ഉപകഥകളെ ഒരു മാലയിലെ മുത്തുകൾ എന്നപോലെ കോർത്തെടുക്കാൻ കഴിയും. കഥയെഴുത്ത് നോവലെഴുത്തിനെ ഒരുപാടു സഹായിച്ചിട്ടുണ്ട്. ജക്കരന്തയിലെ സിസിലിയ വ്യത്യസ്തമായ ഒരു പാത്രസൃഷ്ടിയാണ്. കൊടിയ പീഡനങ്ങൾ അനുഭവിക്കേണ്ടി വന്ന അനാഥമാക്കപ്പെട്ട ഒരു ജീവിതം അവർക്കുണ്ട്. സാൽവദോറിന് വായനക്കാരുടെ മനസ്സിൽ സ്ഥാനം നേടാൻ കഴിഞ്ഞതിനു പ്രധാന കാരണം സിസിലിയയുടെ ഇടപെടലാണ്.

***? കഥകളിലെല്ലാം പ്രകൃതിഭംഗി ആവോളം കടന്നുവരുന്നുണ്ട്. കാഞ്ചിയാർ എന്ന മലയോരഗ്രാമത്തിന്റെ സ്വാധീനമാണോ ഇത്?***

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ എന്ന കുടിയേറ്റ ഗ്രാമത്തിലാണു ഞാൻ ജനിച്ചത്. ഇടുക്കിയുടെ മനോഹാരിതയെക്കുറിച്ച് ഞാൻ ഒന്നും പറയേണ്ടതില്ലല്ലോ. ഈ മലകളും മലങ്കാറ്റും മരങ്ങളും മലജന്തുക്കളും മണ്ണും മഞ്ഞും മനുഷ്യരുമാണ് എന്റെ കഥയ്ക്കുള്ള ഇന്ധനം. എനിക്കു മുന്നേ നടന്നുപോയ മനുഷ്യരെ ഈ കോടമഞ്ഞിന്റെ അവ്യക്തതയിൽ എനിക്കു കാണാൻ കഴിയുന്നില്ലെങ്കിലും എനിക്കു ചുറ്റുമുള്ള ഓരോ ഹിമകണത്തിലും അവരുടെ കണ്ണുനീരുകൂടിയുണ്ടെന്നു ഞാൻ തിരിച്ചറിയുന്നു. കാഞ്ചിയാറിന്റെ പ്രകൃതിയും ഇവിടുത്തെ കുടിയേറ്റസംസ്കാരവും ഗോത്രപ്പെരുമയും എന്നെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്. നിരവധി സാംസ്കാരികപ്രവർത്തകരുള്ള ഇടമാണ് കാഞ്ചിയാർ. അവരുമായുള്ള ആത്മബന്ധം വലിയ ഊർജമാണ് എനിക്കു തന്നിട്ടുള്ളത്.




***? എഴുത്തിന്റെ ലോകത്തെ മറ്റ് അംഗീകാരങ്ങൾ?***

ബുക്ക് കഫേ അക്ബർ കക്കട്ടിൽ നോവൽ പുരസ്കാരം, നളന്ദ പുരസ്കാരം, മലയാള ഐക്യവേദി കൊലുമ്പൻ കഥാപുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. 2021 ൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ യങ് റൈറ്റേഴ്സ് മീറ്റിൽ മലയാളത്തെ പ്രതിനിധീകരിച്ച് കഥ അവതരിപ്പിച്ചു.

***? എഴുത്തുകാരൻ എന്നതിലുപരി സ്വന്തം ജീവിതത്തെപ്പറ്റി?***

കട്ടപ്പന മുൻസിഫ് കോടതി ജീവനക്കാരനാണ്. ഗ്രന്ഥശാലാപ്രവർത്തനം സജീവമാണ്. പുരോഗമന കലാസാഹിത്യസംഘം സംസ്ഥാന സമിതി അംഗം, എഴുത്തുകൂട്ടം ഇടുക്കി ജില്ലാഘടകം പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. സാംസ്കാരികവകുപ്പ് ഇടുക്കി ജില്ലാ കോ ഓർഡിനേറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. കവിയും സാഹിത്യകാരനുമായ എൻ.ജി. മോഹനനാണ് പിതാവ്. അമ്മ ശോഭന വീട്ടമ്മയാണ്. റോസ്മിനാണ് ഭാര്യ. മകൻ: ഫിദൽ റോസ് മോബിൻ.

***? എഴുത്തിലെ പുതിയ ആഗ്രഹങ്ങൾ...***

എഴുത്തിന്റെ ആഗ്രഹങ്ങൾക്ക് അറുതിയില്ല. കാലത്തോടുള്ള നമ്മുടെ സംവദിക്കലാണല്ലോ എഴുത്ത്. എഴുത്തു തുടർന്നുകൊണ്ടേയിരിക്കും. ഇടുക്കിയുമായി ബന്ധപ്പെട്ട ഒരു നോവൽ എഴുതണമെന്ന് അതിയായ ആഗ്രഹമുണ്ട്. കുടിയേറ്റം പ്രമേയമായി വരുന്ന ഒരു നോവൽ. അത് ഉടൻ സാധ്യമാകുമെന്നാണു പ്രതീക്ഷ.

■

# തിന്മയുടെ നടുക്കടലിലുമുണ്ട്, നന്മയുടെ തുരുത്തുകൾ



പ്രഫ. റോസിലിന്റ് ജോർജ്

**കോ**ളജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഏറ്റവും ആസ്വദിച്ചിരുന്നത് ലിറ്ററേച്ചർ ക്ലാസുകളായിരുന്നു. ഷേക്സ്പിയറും ഷെല്ലിയും കീറ്റ്സും കാളിദാസനും ചങ്ങമ്പുഴയും കുഞ്ചൻനമ്പ്യാരും തകഴിയുമൊക്കെ ഇന്നും മനസ്സിൽ മായാതെ നില്ക്കുന്നു. കൊറോണക്കാലത്ത് ഏകാന്തതയ്ക്കു പരിഹാരം കണ്ടെത്തിയത് ഈ നല്ല ഓർമകളിലായിരുന്നു. സാഹിത്യകൃതികൾ പലതും അയവിറക്കിയപ്പോൾ, എക്കാലത്തും പ്രസക്തമായ ഒരു കൃതി, ലിയോ ടോൾസ്റ്റോയിയുടെ 'What men live by'എന്ന ചെറുകഥ മനസ്സിലേക്കു വന്നു. മനുഷ്യൻ എന്തുകൊണ്ടു ജീവിക്കുന്നു, അവന്റെ ജീവിതലക്ഷ്യം എന്താണ് എന്നു പ്രതിപാദിക്കുന്ന ഈ കഥയിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങളാണ് ഒരു മാലാഖയും ഒരു ചെരുപ്പുകുത്തിയും.

ഒരു സ്ത്രീയുടെ ആത്മാവിനെ പരലോകത്തേക്കു കൊണ്ടുവരാൻ നിയോഗിക്കപ്പെട്ടിരുന്ന മാലാഖ, ആ സ്ത്രീയുടെ അടുത്തെത്തിയപ്പോൾ ആകെ വിഷണ്ണനായി. രണ്ടു പെൺകുഞ്ഞുങ്ങൾക്കു ജന്മം നല്കിയിട്ട് ഒന്നോ രണ്ടോ മണിക്കൂർ മാത്രം കഴിഞ്ഞ ആ സ്ത്രീ മാലാഖയോടു തന്റെ ജീവനുവേണ്ടി കേണപേക്ഷിച്ചു. അച്ഛൻ രണ്ടുനാൾ മുമ്പ് മരിച്ചുപോയ ഈ കുഞ്ഞുങ്ങൾക്ക് ആരുണ്ട്? ആ അമ്മയുടെ ആത്മാവിനെ പറിച്ചെടുക്കാതെ ദൈവത്തിന്റെ അടുത്തെത്തിയ മാലാഖയെ ദൈവം ശിക്ഷിച്ചു. ഉടൻതന്നെ തന്റെ ആജ്ഞ അനുസരിക്കണമെന്നും മനുഷ്യൻ എന്തുകൊണ്ട് ഭൂമിയിൽ ജീവിക്കുന്നു എന്നു പഠിച്ചുവരാൻ ഭൂമിയിൽ കുറച്ചുകാലം ജീവിക്കണമെന്നും നിർദേശിച്ചു. മാലാഖ തിരിച്ചുവന്ന്, ആ സ്ത്രീയുടെ ആത്മാവിനെ ശരീരത്തിൽനിന്നു വേർപെടുത്തി സ്വർഗത്തിലേക്കു പറന്നു. എന്നാൽ, മുകളിലെത്തുംമുമ്പ് ആരോ ഉന്തിയിട്ടതുപോലെ മാലാഖ ഭൂമിയിലേക്കു പതിക്കുകയും ആത്മാവ് തനിയെ പറന്നുയരുകയും ചെയ്തു.

റഷ്യയിലെ ഒരു ഗ്രാമത്തിലെ കപ്പേളയ്ക്കു മുന്നിലാണ് മനുഷ്യരൂപം പ്രാപിച്ച മാലാഖ വന്നുവീണത്. മഞ്ഞുപെയ്യുന്ന ആ സന്ധ്യയിൽ ഒരു പുതപ്പുവാങ്ങാനാണ് ആകെയുള്ള ഒരു കോട്ടുമിട്ട് ഒരു ചെരുപ്പുകുത്തി ആ വഴി വന്നത്. പുതപ്പിനു പണം തികയാഞ്ഞിട്ട് തിരികെ വരുംവഴി ഉള്ളകാശിന് കള്ളുംകുടിച്ചു കപ്പേളയുടെ സമീപത്തുകൂടി നടക്കുമ്പോഴാണ്, നഗ്നനായ ആ യുവാവിനെ ചെരുപ്പുകുത്തി കണ്ടത്. തനിക്കെന്തു കാര്യം എന്നോർത്ത് യുവാവിനെ ഗൗനിക്കാതെ കുറച്ചു മുമ്പോട്ടു നടന്നെങ്കിലും ആ മനുഷ്യരൂപം ചെരുപ്പുകുത്തിയുടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങുകയും ഏതോ ശക്തി അയാളെ പിന്നോട്ടു നടക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. ദയ തോന്നിയ ചെരുപ്പുകുത്തി താൻ ധരിച്ചിരുന്ന കോട്ട് തണുത്തു വിറങ്ങലിച്ച ആ യുവാവിനു നല്കുകയും അയാളെയും കൂട്ടി വീട്ടിലേക്കു നടക്കുകയും ചെയ്തു.

പുതപ്പു വാങ്ങാൻ പോയ ഭർത്താവ്, ഉള്ള കാശിനു കള്ളും കുടിച്ച് ഒരു അലവലാതിയെയും കൊണ്ട് വീട്ടിൽ കയറി വന്നപ്പോൾ ചെരുപ്പുകുത്തിയുടെ ഭാര്യ അരിശം കൊണ്ടലറി. കൂടെ വന്നവനോടുള്ള ദേഷ്യം കാണിക്കാൻ ഉച്ചത്തിൽ കതകടച്ച് ഉറങ്ങാൻ പോയി. എന്നാൽ, എത്ര ശ്രമിച്ചിട്ടും വിശന്നു വിറങ്ങലിച്ച ആ മനുഷ്യരൂപം അവളിൽനിന്നു മാഞ്ഞുപോയില്ല. തന്റെ ഉപേക്ഷ കൊണ്ട് അയാളെങ്ങാനും മരിച്ചുപോയാലോ? അവൾ വാതിൽതുറന്ന് അടുക്കളയിൽ ചെന്ന് അടുത്തദിവസത്തെ പ്രാതലിനു കരുതി വച്ചിരുന്ന കുറച്ചു റൊട്ടിയും സൂപ്പും അപരിചിതനു നല്കി. നന്ദിയോടെ അയാൾ ആ സ്ത്രീയെ നോക്കി പുഞ്ചിരിച്ചു.

പിറ്റേന്നു പോകാൻ തയ്യാറാകാതെനിന്ന യുവാവിനെ തന്റെ കൂടെ നിർത്തി ചെരുപ്പുതുന്നൽ പഠിപ്പിക്കാമെന്നു ചെരുപ്പുകുത്തി കരുതി. വളരെ സന്തോഷത്തോടെ യുവാവ് ചെരുപ്പുതുന്നാൻ പഠിക്കുകയും ദിവസങ്ങൾക്കകം വളരെ മനോഹരമായ ചെരുപ്പുകൾ നിർമിക്കാൻ തുടങ്ങുകയും ചെയ്തു. ചെരുപ്പുകാരൻ തുന്നുന്ന ചെരുപ്പുകൾക്കു വളരെ പ്രചാരം സിദ്ധിച്ചു. ദൂരദേശത്തുനിന്നുപോലും ആളുകൾ ചെരുപ്പുകടയിലേക്കു വരാൻ തുടങ്ങി.

അങ്ങനെയിരിക്കെയാണ് ഒരുനാൾ ആ നാട്ടിലെ പ്രഭു പരിചാരകരോടൊപ്പം കുതിരവണ്ടിയിൽ കടയുടെ മുമ്പിൽ വന്നിറങ്ങിയത്. തനിക്കുവേണ്ടി മേൽത്തരം ബൂട്ടുകൾ നിർമിക്കണമെന്നാവശ്യപ്പെട്ടായിരുന്നു പ്രഭുവിന്റെ വരവ്. പ്രഭുവിനെ കണ്ട വലിയ ചെരുപ്പുകുത്തി അമ്പരന്നു. ചെരിപ്പിഷ്ടപ്പെട്ടില്ലെങ്കിൽ തല പോയതുതന്നെ. എന്നാൽ, യുവാവായ ചെരുപ്പുകുത്തി പ്രഭുവിന്റെ പിന്നിൽ നില്ക്കുന്ന ആരെയോ നോക്കി പുഞ്ചിരിക്കുകയും ചെരുപ്പിനായി പാദങ്ങളുടെ അളവെടുക്കുകയും ചെയ്തു. ദിവസങ്ങൾക്കുള്ളിൽ പ്രഭുവിനായി നിർമിച്ച ചെരിപ്പുകൾ കണ്ടു പ്രഭു അലറി: ബൂട്ടിനു പകരം സാധാരണ ചെരുപ്പുകൾ! തത്സമയം ഒരു കുതിരവണ്ടി ചെരുപ്പുകടയുടെ മുമ്പിൽ വരികയും ഞങ്ങളുടെ പ്രഭു മരിച്ചുപോയി, ഇനി ബൂട്ടു വേണ്ട, സാധാരണ ഒരു ചെരിപ്പു മതി എന്നറിയിക്കുകയും ചെയ്തു. വലിയ ചെരുപ്പുകുത്തി അമ്പരന്ന് യുവാവിനെ നോക്കി.

കുറച്ചു ദിവസങ്ങൾക്കുശേഷം ഒരു സ്ത്രീ ആ കടയിലേക്കു വന്നു. കൂടെ ഇരട്ടപ്പെൺകുട്ടികളും ഉണ്ടായിരുന്നു. കുശലം ചോദിക്കുന്നതിനിടയിൽ ആ സ്ത്രീ പറഞ്ഞു: ഈ പെൺകുഞ്ഞുങ്ങളെ ഞാൻ പ്രസവിച്ചതല്ല, കുട്ടികളുടെ അമ്മ പ്രസവത്തോടെ മരിച്ചുപോയി, അയലത്തുള്ള ഞാൻ എന്റെ സ്വന്തം മക്കളെപ്പോലെ വളർത്തുകയാണ്. ഇവർക്കു നല്ല ഭംഗിയുള്ള ചെരുപ്പുകൾ തുന്നണം. ഇതു കേട്ടപ്പോൾ യുവാവ് കുട്ടികളെ



നോക്കി പുഞ്ചിരിച്ചു.

ആ സ്ത്രീയും പെൺകുട്ടികളും അവിടെനിന്നു പോയപ്പോൾ ചെറുപ്പക്കാരൻ ചെരുപ്പുകുത്തിയോടു പറഞ്ഞു: "ഇനി ഞാൻ പോവുകയാണ്, ദൈവം എന്നോടു ക്ഷമിച്ചിരിക്കുന്നു." തന്റെ മുന്നിൽ നില്ക്കുന്ന യുവാവ് ഒരു സാധാരണക്കാരനല്ല എന്നു മനസ്സിലാക്കിയ ചെരുപ്പുകുത്തി ചോദിച്ചു, അങ്ങാരാണ്? നിങ്ങൾ എന്റെ വീട്ടിൽ വന്നതിനുശേഷം മൂന്നുപ്രാവശ്യം മാത്രമാണു ചിരിച്ചത്, അതെന്തുകൊണ്ടാണ്? ചെറുപ്പക്കാരൻ താനൊരു മാലാഖയാണെന്നു വെളിപ്പെടുത്തുകയും നടന്നതെല്ലാം വിശദീകരിക്കുകയും ചെയ്തു. മൂന്നു പ്രാവശ്യം ചിരിച്ചതിന്റെ വിശദീകരണം ഇങ്ങനെയായിരുന്നു: കപ്പേളയുടെ മുമ്പിൽ തണുത്തു വിറച്ചുകിടന്ന എന്നെ ദയ തോന്നി നിങ്ങൾ വീട്ടിലേക്കു കൊണ്ടുവന്നു. നിങ്ങളുടെ ഭാര്യ ആദ്യം കോപിച്ചെങ്കിലും ദയതോന്നി എനിക്കു ഭക്ഷണം തന്നു. മനുഷ്യർ ജീവിക്കുന്നതിന്റെ ഒരു കാരണം ദയ ആണെന്ന് ദൈവം എനിക്കു മനസ്സിലാക്കിത്തരികയായിരുന്നു. ആ തിരിച്ചറിവിലാണു ഞാൻ ചിരിച്ചത്. ബൂട്ടു നിർമിക്കാൻ കടയിൽ വന്ന പ്രഭുവിന്റെ പിന്നിൽ മരണദൂതൻ നില്ക്കുന്നതുകണ്ടാണ് ഞാൻ രണ്ടാമതു ചിരിച്ചത്. ബൂട്ടിന്റെ പ്രൗഢിയെക്കുറിച്ച് പ്രഭു അട്ടഹസിക്കുമ്പോൾ മനുഷ്യർക്കു യഥാർത്ഥത്തിൽ വേണ്ടത് എന്താണെന്ന് അവരറിയുന്നില്ലെന്നും, ആവശ്യമില്ലാത്ത കാര്യങ്ങൾക്കുവേണ്ടിയാണ് മനുഷ്യർ ബഹളം വയ്ക്കുന്നതെന്നുമുള്ള തിരിച്ചറിവ് എനിക്കുണ്ടായി. ഞാൻ മൂന്നാമതു ചിരിച്ചത് ഇരട്ടപ്പെൺകുട്ടികളെ നോക്കിയായിരുന്നു. ആ കുട്ടികളുടെ അമ്മയുടെ ജീവനെടുക്കാനാണ് ഞാൻ ഈ ഭൂമിയിലേക്കു വന്നത്. അവരുടെ അമ്മ മരണപ്പെട്ടെങ്കിലും അയലത്തുള്ള ഒരു സ്ത്രീ അവർക്ക് അമ്മയായി. സ്നേഹവും വാത്സല്യവും കനിഞ്ഞു നല്കി. ഒരാൾ മരിച്ചു എന്നു കരുതി ലോകം അവസാനിക്കുന്നില്ലെന്നും ആത്യന്തികമായി സ്നേഹമാണ് ഈ ഭൂമിയെ മുമ്പോട്ടുനയിക്കുന്നതെന്നും ഞാൻ മനസ്സിലാക്കി. ഇത്രയും പറഞ്ഞശേഷം മാലാഖ സ്വന്തം രൂപമെടുത്തു സ്വർഗത്തിലേക്കു മടങ്ങിപ്പോയി.

ടോൾസ്റ്റോയിയുടെ പ്രസിദ്ധമായ ഈ കഥ നമ്മെ പലതും ഓർമിപ്പിക്കുന്നുണ്ട്. ഇന്നു നാം ജീവിക്കുന്നത് മൂല്യച്യുതിയുടെ ഒരു ദൂഷിതവലയത്തിലാണ്. ഒരിക്കലും തുറക്കരുത് എന്നു പറഞ്ഞേല്പിച്ച പെട്ടി പാൻഡോറ എന്ന സുന്ദരി തുറന്നപ്പോൾ പുറത്തുചാടിയത്, രോഗങ്ങളും പീഡകളും വേദനയും അക്രമവും അസമത്വവും ദുഷിച്ച രാഷ്ട്രീയവും ജീർണിച്ച സംസ്കാരവും പെഗാസസും പാൻഡോറ പേപ്പറും കള്ളക്കടത്തും കരിഞ്ചന്തയും ഉദ്യോഗസ്ഥമേധാവിത്വവും ക്വട്ടേഷൻ പീഡനവും മദ്യവും മയക്കുമരുന്നും വികലമായ വിദ്യാർത്ഥിരാഷ്ട്രീയവും ഒക്കെയാണ്. എന്തു ഭക്ഷിക്കണം, എന്തു ധരിക്കണം എന്നു ശഠിക്കുന്ന സംഘടിതശക്തികൾ, ചരിത്രംപോലും മാറ്റിയെഴുതുന്ന, മൂല്യങ്ങൾക്കു വികലമായ അർത്ഥങ്ങൾ കൊടുക്കുന്ന നേതൃത്വം, തങ്ങളെ ആരും നിയന്ത്രിക്കേണ്ട എന്ന ഗർവോടെ തുടച്ചുനീക്കപ്പെടുന്ന നീതിപീഠങ്ങൾ, കള്ളക്കടത്തിനും കരിഞ്ചന്തയ്ക്കും കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥമേലാളന്മാർ, ഇതൊക്കെ കാണുമ്പോൾ നമുക്കും ചോദിക്കാൻ തോന്നും അശ്വത്ഥാമാവ് വെറും ഒരു ആനയാണോ? നീതിപീഠങ്ങൾ കുരയ്ക്കുന്ന പട്ടി മാത്രമാണോ? മതസ്വാതന്ത്ര്യവും വിദ്യാഭ്യാസസ്വാതന്ത്ര്യവുമൊക്കെ അന്യം നില്ക്കുകയാണോ? കൊതിതീരുംവരെ ഇവിടെ ജീവിച്ചു മരിക്കാൻ എത്രപേർക്ക് ആഗ്രഹമുണ്ടാകും?

പാൻഡോറ പെട്ടി തുറന്നപ്പോൾ ആദ്യം പുറത്തുചാടിയത് തിന്മയുടെ കൂമ്പാരങ്ങളായിരുന്നെങ്കിലും അലറിവിളിച്ചു കരഞ്ഞ അവളുടെ പക്കലേക്ക് രണ്ടാമതെത്തിയത് പെട്ടിക്കുള്ളിൽ മറഞ്ഞിരുന്ന Hope fairy - പ്രതീക്ഷാകിരണങ്ങളായിരുന്നു. മഴവില്ലിന്റെ അഴകോടെ പുറത്തുചാടിയ പ്രതീക്ഷാദേവത. അതേ, പ്രതീക്ഷകൾതന്നെയാണ് മനുഷ്യനെ മുമ്പോട്ടുനയിക്കുക. തിന്മയുടെ നടുക്കടലിലും നന്മയുടെ തുരുത്തുകൾ അങ്ങിങ്ങായി ഉയർന്നുനില്ക്കുന്നതു നാം കാണുന്നുണ്ട്. തിന്മയുടെ ശക്തികൾ എത്ര പ്രബലരായാലും മനുഷ്യർ ആത്യന്തികമായി ആഗ്രഹിക്കുന്നത് സ്നേഹം, കരുണ, ദയ, സത്യം, പങ്കുവയ്ക്കൽ തുടങ്ങിയ സനാതനമൂല്യങ്ങളാണ്. ഭൂമിയെ മുമ്പോട്ടു നയിക്കുന്നത് ഭൂരിപക്ഷത്തിന്റെ തിന്മകളല്ല; മറിച്ച്, ന്യൂനപക്ഷത്തിന്റെ നന്മകളാണ്. ആൾക്കൂട്ടങ്ങൾ എവിടെയുമുണ്ടെങ്കിലും ഉയർന്നു നില്ക്കുന്നവർ വളരെക്കുറവാണ്. എന്നാൽ, മനുഷ്യജീവിതത്തിന്റെ ചുക്കാൻ ഈ ഉയർന്നു നില്ക്കുന്നവരിലാണ്. ഈ ഉയർന്നു നില്ക്കുന്നവരിൽ ഒരാളാകുമ്പോഴാണ് നമ്മുടെ ജീവിതവും ധന്യമാകുന്നത്. എല്ലായിടത്തും അന്ധകാരമാണ് എന്നു പറഞ്ഞ് ഇരുട്ടിനെ പഴിക്കാതെ ഒരു ചെറിയ മെഴുകുതിരിയാവാനോ, ഒരു മിന്നാമിനുങ്ങാവാനോ ഏതൊരാൾക്കും പറ്റും. ടോൾസ്റ്റോയിക്കഥയിലെ മാലാഖ പറയുംപോലെ, സ്നേഹമാണ് ആത്യന്തികമായി ഈ ഭൂമിയെ മുമ്പോട്ടു നയിക്കുക. പ്രകാശവർഷങ്ങൾക്കപ്പുറത്തുനിന്നു വന്ന ദൈവപുത്രൻ ഈ ഭൂമിയിലേക്കു പിറന്നതും സ്നേഹത്തിന്റെ ദൂതനായിട്ടായിരുന്നല്ലോ. ■




# കവിതയിലെ പുത്തൻ തുടിയൊച്ചകൾ



ടോം ജോസ്

മലയാളകവിതാചരിത്രത്തിലെ സാമ്പ്രദായികരീതികളെ ഉല്ലംഘിച്ചുകൊണ്ട് അരികുവത്കരിക്കപ്പെട്ടിരുന്ന ജനവിഭാഗങ്ങൾക്കു മുഖ്യധാരയിലേക്കു കടന്നുവരാൻ ഉത്തരാധുനികകാലഘട്ടം സാഹചര്യമൊരുക്കി. അദൃശ്യവത്കരിക്കപ്പെട്ടിരുന്ന പല സാമൂഹികവിഭാഗങ്ങൾക്കും മുഖ്യധാരയിൽ ദൃശ്യത ലഭിക്കുന്നതിന് ഈ ഭാവുകത്വവ്യതിയാനം കാരണമായി. എന്നാൽ, അപ്പോഴും ഓരങ്ങളിൽനിന്നു കേന്ദ്രത്തിലേക്ക് എത്തിപ്പെടാൻ സാധിക്കാതിരുന്ന ജനവിഭാഗമാണു കേരളത്തിലെ ആദിവാസി ഗോത്രജനത. അതുകൊണ്ടുതന്നെ മലയാളകവിതാസാഹിത്യത്തിൽ സമീപകാലത്തു കണ്ടുവരുന്ന ഗോത്രകവികളുടെ സാന്നിധ്യം മുഖ്യധാരാ മലയാളകവികൾ സൃഷ്ടിച്ച ഭാവുകത്വത്തെ ചോദ്യം ചെയ്യുന്നതിന്റെയും വിനിർമിക്കുന്നതിന്റെയും കാഴ്ചകൾ കാണാം.

മലയാളസാഹിത്യത്തിൽ മുമ്പും ആദിവാസി ഗോത്രജനതയും ഗോത്രജീവിതവും സ്ഥാനപ്പെട്ടിട്ടുണ്ട്. ഉറൂബ്, പി. വത്സല, കെ.ജെ. ബേബി, ടി.സി. ജോൺ, മലയാറ്റൂർ രാമകൃഷ്ണൻ തുടങ്ങിയ എഴുത്തുകാർ ഈ വിഷയങ്ങളെ മലയാളസാഹിത്യലോകത്തു ചർച്ചയാക്കിയവരാണ്. ആദിവാസി ഗോത്രജനവിഭാഗങ്ങളിൽ ഉൾപ്പെടാത്ത വരേണ്യരായ ഇത്തരം എഴുത്തുകാരിലൂടെ ആഖ്യാനം ചെയ്യപ്പെടുന്ന ആദിവാസി ഗോത്രജീവിതചിത്രം പലപ്പോഴും സമാനതയുള്ളവയാണ്. ആദിവാസിയെന്നാൽ ദുരിതപൂർണമായ ജീവിതം നയിക്കുന്നവരാണ് എന്നൊരു വിവക്ഷ ചില സാഹിത്യകൃതികളും സിനിമകളും സ്ഥാപിച്ചെടുക്കുന്നുണ്ടെന്നും ചൂഷണങ്ങൾക്ക് അടിമപ്പെട്ട ഒരു ജനതയായി ഗോത്രജനതയെ ആവിഷ്കരിക്കുന്ന ഇത്തരം സാഹിത്യസൃഷ്ടികൾ പ്രതിരോധത്തിന്റെ ഭാഷയെ അദൃശ്യമാക്കുന്നുവെന്നുമുള്ള ഡോ. നാരായണൻ എം.എസിന്റെ നിരീക്ഷണം സാംഗത്യമുള്ളതാണ്. അതുകൊണ്ടുതന്നെ ആദിവാസി ഗോത്രജനവിഭാഗത്തിന്റെ ഭാഗമായ കവികളുടെ കടന്നുവരവ് വാക്മാതൃകകളെ നിർമിച്ചുകൊണ്ട് ഒരു നവഭാവുകത്വത്തെ കവിതയ്ക്കു പ്രദാനം ചെയ്യുമെന്നതിൽ സംശയമില്ല. മാത്രമല്ല, കർത്തൃസ്ഥാനം നിഷേധിക്കപ്പെട്ടിരുന്ന ഗോത്രജനതയ്ക്ക് അതു നേടിയെടുക്കുന്നതിനുകൂടി ഗോത്രകവിതകളുടെ രംഗപ്രവേശം സഹായകമാകുന്നുണ്ട്.

വരേണ്യമായ മുഖ്യധാരാ സാഹിത്യത്തിന്റെ ശാഖയായോ ദളിത് സാഹിത്യത്തിന്റെ സഹോദരപ്രസ്ഥാനമായോ അല്ല ഗോത്രസാഹിത്യത്തെ നോക്കിക്കാണേണ്ടത്. ഗോത്രസാഹിത്യം അതിൽത്തന്നെ സവിശേഷതകളുള്ളതും പ്രാധാന്യമർഹിക്കുന്നതുമാണ്. അതുകൊണ്ടാണ് ഗോത്രകവിതയെ കേരളത്തിലെ ദളിത് സാഹിത്യത്തോടു ചേർത്തു വായിക്കുന്നതിൽ അർത്ഥമില്ലെന്നും അതിനെ ഗോത്രസാഹിത്യമെന്നുതന്നെ വേണം വിളിക്കാനെന്നും ഗോത്രകവിയായ അശോകൻ മറയൂർ അഭിപ്രായപ്പെടുന്നത്.



കേരളത്തിലെ പുതിയ ഗോത്രകവികൾ തങ്ങളുടെ സാഹിത്യസൃഷ്ടികളിലൂടെ അദൃശ്യവത്കരിക്കപ്പെട്ടിരുന്ന നിരവധി ഗോത്രഭാഷകളുടെ വീണ്ടെടുപ്പുകൂടി സാധ്യമാക്കുന്നുണ്ട് എന്നത് ഗോത്രകവിതയുടെ ഭാഷാപരമായ സവിശേഷതയാണ്. ഭാഷ ഒരു അധികാരപ്രയോഗംകൂടിയാണ് എന്ന തിരിച്ചറിവും വ്യവസ്ഥാപിതഭാഷയോടുള്ള കലഹവും ഈ കവിതകളിൽ വായിച്ചെടുക്കാനാവും. ഓരോ സമൂഹത്തിലും അധീശത്വം പുലർത്തുന്ന അധികാരശക്തികളുടെ പ്രത്യയശാസ്ത്രങ്ങൾ അവരുടെ ഭാഷയിൽനിന്നു മനസ്സിലാക്കാനാവും. "വരമൊഴിയിലില്ലെന്നേയുള്ളൂ/ ഞങ്ങൾക്കു വാമൊഴിയുണ്ട്/ തുളുമൊഴിയുടെ ചൂരുള്ള വാമൊഴി" എന്ന് രാഗേഷ് നീലേശ്വരം 'വരമൊഴി' എന്ന കവിതയിൽ എഴുതുന്നുണ്ട്. അതുകൊണ്ടുതന്നെ വാമൊഴിയിലുള്ള ഗോത്രഭാഷയുടെ വീണ്ടെടുപ്പ്, ഗോത്രകവിതയുടെ ഏറ്റവും പ്രധാന സവിശേഷതയാണ്. മുള്ളുവക്കുറുമരുടെ ഗോത്രഭാഷയിലെഴുതുന്ന അശോക് കുമാർ, റാവുളഭാഷയിലെഴുതുന്ന സുകുമാരൻ ചാലിഗദ്ധ, മുതുവാൻഭാഷ ഉപയോഗിക്കുന്ന അശോകൻ മറയൂർ, മാവിലാൻ തുളു ഗോത്രഭാഷയിൽ കാവ്യരചന നടത്തുന്ന ധന്യ വേങ്ങച്ചേരിയും സുരേഷ് മഞ്ഞളാമ്പാറയും, ഇരുളഭാഷയിൽ കവിതയെഴുതുന്ന മണികണ്ഠൻ അട്ടപ്പാടി, കാടർഭാഷയിൽ എഴുതുന്ന ദിവ്യ കെ. തുടങ്ങിയ ഗോത്രകവികൾ ദമിതമാക്കപ്പെട്ട തങ്ങളുടെ ഭാഷകളുടെ വീണ്ടെടുപ്പുകൂടി കവിതാരചനയിലൂടെ സാധ്യമാക്കുന്നുണ്ട്.

ഗോത്രജനതയുടെ ജീവിതവും സംസ്കാരവും ഇത്തരം ഗോത്രകവിതകളിൽ തെളിമയോടെ കാണാനാകും. ഗോത്രജനതയുടെ ജീവിതത്തെ അടിമുടി ചൂഴ്ന്നു നിൽക്കുന്ന ദാരിദ്ര്യത്തെ ഗോത്രകവികൾ ആഖ്യാനം ചെയ്യുമ്പോൾ വസ്ത്രം ഒരു പ്രധാനബിംബമായി കവിതയിൽ കടന്നുവരുന്നതായി കാണാം. അച്ഛന്റെ മുണ്ടിലൊരു/ മൂല കീറിയെടുത്ത്/ എന്റെ കയറുപൊട്ടിയ/ പൂവിട്ട പാവാടയ്ക്ക്/ കയർ കോർത്തിട്ട്/ അര വേദനിക്കെ/ മുറുക്കി മുറുക്കിക്കെട്ടി/ പുണ്ണായയിടമെല്ലാം/ കറത്തപോലെ/ ഞാനോടി നടന്ന കാടിത് എന്ന് അശോകൻ മറയൂർ എഴുതുമ്പോൾ ഗോത്രജനതയുടെ ജീവിതം ആ വരികളിൽ തെളിയുന്നുണ്ട്. തന്റെ 'പൊടവ' എന്ന കവിതയിലും വസ്ത്രം എന്ന ബിംബത്തെ അദ്ദേഹം ഉപയോഗിക്കുന്നതു കാണാം. കൊല്ലത്തിലൊരിക്കൽ പൊങ്കാലയ്ക്കു വാങ്ങിക്കുന്ന ഒരു സാരികൊണ്ടാണ് മുതുവാൻ ഗോത്രത്തിലെ സ്ത്രീകൾ ഒരു വർഷം ജീവിക്കുന്നത്. ഒരു മൂല അലക്കിക്കെട്ടി/ മറുമൂല അലക്കി വിരിച്ച്/ മീനും ഞണ്ടും കോരണ പുടവ/ മുതുകിൽ കുഞ്ഞിനെപ്പൂണ്ട്/ കാമ്പോടെ ചീരനുള്ളി/ മടിയിൽ കെട്ടിവച്ച പുടവ എന്ന വരികളിൽ കേവലം ശരീരത്തെ മറയ്ക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതിനപ്പുറം ഗോത്രജീവിതത്തിൽ വസ്ത്രം വഹിക്കുന്ന പങ്കിനെ വ്യക്തമാക്കുന്നുണ്ട്. 'ഒരു മൂല വിരിച്ചുകിടക്കാനും മറുമൂല പുതച്ചു കിടക്കാനും' ഉപയോഗിക്കുന്ന ഇതേ പുടവയാണ് ജീവിതനൈരാശ്യത്തിലുള്ള ആത്മാഹുതിക്കും ഗോത്രജനത പ്രയോജനപ്പെടുത്തുന്നത് എന്നു കവി എഴുതുന്നു. ആയിരം മുള്ളിനാൽ കീറിയാലും/ അലക്കിയലക്കിപ്പിഞ്ഞിയാലും തയ്ച്ചു തയ്ച്ചു മടുത്താലും/ മാനം പോയാൽ തൂങ്ങി മരിപ്പതും പൊടവയിലേ എന്ന് എഴുതുമ്പോൾ 'പൊടവ' എന്ന ബിംബത്തെ ഉപയോഗിച്ച് ഗോത്രജീവിതത്തെത്തന്നെ അടയാളപ്പെടുത്തുന്നതു കാണാം. 'പൊറമല' എന്ന തന്റെ കവിതയിൽ 'നാമെല്ലാം തുണിയുടുത്തിട്ട് ഒരു നൂറ്റാണ്ടായിക്കാണുമോ' എന്ന് അദ്ദേഹം ചോദിക്കുന്നുണ്ട്. അമ്മയ്ക്കു തുന്നിക്കൊടുത്ത ആകാശത്തുണി/ കീറിപ്പറിഞ്ഞു വീണുപോയി/ കൂവപ്പൂമുന സൂചിയാക്കി/ പുഴ പായപ്പുല്ലു പുതപ്പുണ്ടാക്കി എന്ന 'തുണി'യെന്ന കവിതയിലെ സുകുമാരൻ ചാലിഗദ്ധയുടെ വരികൾ ഇതേ ആശയമാണു വിളംബരം ചെയ്യുന്നത്.

ഗോത്രജനതയുടെ ജീവിതസംസ്കാരവും ആചാരവിശ്വാസങ്ങളും ഗോത്രകവിതയിൽ സ്ഥാനപ്പെടുന്നുണ്ട്. വരേണ്യദൈവസങ്കല്പങ്ങളിൽനിന്നു വ്യത്യസ്തമാണ് ഗോത്രജനതയുടെ ദൈവസങ്കല്പങ്ങൾ. പൂർവികന്മാർക്കു ദൈവതുല്യമായ സ്ഥാനം നൽകി ആചരിക്കുന്ന രീതി ഗോത്രജനതയ്ക്കുണ്ട്. ഊരുസഭ ഏറിയാലും/ വംശത്തിൽനിന്നേ പുറന്തള്ളിയാലും/ കാരണവന്മാര് തുണ നമുക്ക് എന്ന 'പൊറമല' എന്ന കവിതയിലെ വരികൾ ഈ വിശ്വാസത്തിന്റെ നിദർശനമാണ്.

'നിലാനിറപ്പെണ്ണും കാട്ടുകത'യും എന്ന കവിതയിലെ ഞാൻ മരിച്ചാലും/ വീണ്ടും പിറക്കുംവരെ/ എനിക്കായ് കാത്തുവയ്ക്കും/ ഈ വനദൈവങ്ങൾ എന്ന വരികൾ വനത്തെ ആത്മീയതയോടു കൂട്ടിവിളക്കുന്നതിന്റെ ഉദാഹരണമാണ്. ബേഡടുക്ക പഞ്ചായത്തിലെ ചുള്ളിയിലുള്ള ചൈമർ മാടിയിൽ പ്രപഞ്ചശക്തിയായിക്കണ്ട് ആരാധിക്കുന്ന ചൈമർ എന്ന മായാപ്പൂതത്തിന്റെ കഥയാണ് രാഗേഷ് നീലേശ്വരം 'ചൈമറ്' എന്ന കവിതയിൽ ആഖ്യാനം ചെയ്യുന്നത്. തൂണുകൾ നാട്ടി ഓലക്കീറുകൊണ്ട് മേൽക്കൂര തീർത്ത് അതിനുള്ളിൽ തെയ്യങ്ങളെ കുടിയിരുത്തുന്നതിന്റെ ചിത്രം അദ്ദേഹത്തിന്റെ 'പതി' എന്ന കവിതയിൽ കാണാം.

ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ വനപ്രദേശങ്ങളിലേക്കുണ്ടായ ശക്തമായ കുടിയേറ്റംപോലുള്ള ഭൗമാധിനിവേശങ്ങളും അതിന്റെ ഭാഗമായിരുന്ന സാംസ്കാരികാധിനിവേശവും ഗോത്രജീവിതത്തിൽ സൃഷ്ടിച്ച പ്രതിസന്ധികളെ ഗോത്രകവികൾ അടയാളപ്പെടുത്തുന്നുണ്ട്. പി. ശിവലിംഗന്റെ 'പുറത്ത്' എന്ന കവിതയിൽ അദ്ദേഹം എഴുതുന്നു: ഞങ്ങൾ ജീവിച്ചു കാട്ടിൽ/ കുടിയേറ്റക്കാർ വന്നു കാട്ടിലേക്ക്/ പിന്നെയും ഞങ്ങൾ പുറത്ത്/ ഇനി നമ്മൾ എപ്പോഴാണ് അകത്തേക്ക്? ഭയന്നു ഭയന്ന് വാഴുന്നു ഈ കാട്ടുകിളികൾ/ കൂട്ടിനുള്ളിൽനിന്നു പുറത്തിറങ്ങാൻപോലും ഭയപ്പെടുന്നു എന്ന മണികണ്ഠൻ അട്ടപ്പാടിയുടെ വരികൾ അധിനിവേശങ്ങൾ ഗോത്രജനതയിൽ സൃഷ്ടിച്ച ഭയത്തെയാണു വ്യക്തമാക്കുന്നത്. വനവിഭവങ്ങൾകൊണ്ടു സംതൃപ്തരായിരുന്ന ഗോത്രജനതയിൽ വിശപ്പ് കടന്നുവരുന്നതു ഭൂവധിനിവേശാനന്തരമാണ്. മണ്ണു കിളച്ചു വിത്തുവിതച്ച് കൊയ്തെടുത്തത് അവനായിരുന്നിട്ടും/ ഇപ്പോഴും ഉണ്ണുന്നതു മറ്റുള്ളവരല്ലേ എന്നു കറുത്തപാട്ട് എന്ന കവിതയിൽ കിഴക്കേടത്ത് ബാലകൃഷ്ണൻ ചോദിക്കുന്നു. വിശന്നു കരയുന്ന വയറ്റിൽ/ചൂട്ടു കത്തിച്ചെറിഞ്ഞതാര് എന്നും വിശക്കുന്നുണ്ട് എന്നു പറഞ്ഞാൽ/ വയറ്റത്തു ചവിട്ടിയരയ്ക്കുന്നുവെന്നും 'വിശപ്പ്' എന്ന കവിതയിൽ മണികണ്ഠൻ അട്ടപ്പാടി എഴുതുന്നു.

അറിവും തിരിവും ഇല്ലാത്ത നമ്മുടെ കുഞ്ഞുങ്ങളെ/ മയക്കിക്കൊണ്ടുപോയി/ വലിയ കുഴിയിൽ താഴ്ത്തുന്ന/ പുതിയ കാലത്തിന്റെ എന്ന വരികൾ ഗോത്രസംസ്കാരത്തെ ശിഥിലമാക്കുന്ന സാംസ്കാരികാധിനിവേശത്തിന്റെ സൂചന നല്കുന്നു. മഞ്ഞും മഴയും വെയിലുംകൊണ്ട് ഞങ്ങൾക്കു കാവലായി നിന്ന കുലദേവതകൾ/ ടൈൽസ് പതിച്ച കോൺക്രീറ്റ് കെട്ടിടങ്ങൾക്കുള്ളിൽ/ ഒരു വിളിക്ക് ഒൻപതു കുറ്റാട്ടുമെന്ന് കള്ളംപറഞ്ഞ്/ വാതിലടച്ച് ഉറങ്ങുകയാണ് എന്ന ചതിയിലെ വരികളും ഇതേ ആശയമാണു പങ്കുവയ്ക്കുന്നത്. 'മാറിയ കാലം' എന്ന സുരേഷ് എം. മാവിലന്റെ കവിതയും ഈ സാംസ്കാരികാധിനിവേശത്തെ അടയാളപ്പെടുത്തുന്നതാണ്. സുകുമാരൻ ചാലിഗദ്ധയുടെ കൂവി എന്ന കവിത അധിനിവേശാനന്തരം ഉണ്ടായ സാംസ്കാരികവ്യതിയാനത്തിന്റെ ചിത്രം അവതരിപ്പിക്കുന്ന കവിതയാണ്.

ഗോത്രകവികളാൽ സൃഷ്ടിക്കപ്പെടുന്ന ഈ പുത്തനുണർവ് കവിതാലോകത്തിന് ഒരു നവഭാവുകത്വത്തെ പ്രദാനം ചെയ്തുവെന്നത് വാസ്തവമാണ്. വഴിതെറ്റി യാത്ര ചെയ്ത മനുഷ്യർക്കു മുന്നിൽ വാതിലായ ഒരു വഴിയെക്കുറിച്ച് 'വഴി' എന്ന കവിതയിൽ ക്രിസ്റ്റി ഇലക്കണ്ണൻ എഴുതുന്നുണ്ട്. ഗോത്രകവിത ഗോത്രജീവിതത്തിലേക്കു തുറന്നിട്ട സമാനമായൊരു വാതിലായി കാണാം. ആ വാതിൽ തുറന്ന് ഉള്ളിൽ കടന്നപ്പോൾ കവി കണ്ട മിന്നാമിനുങ്ങുകളാകട്ടെ, ഗോത്രജനതയുടെ പുത്തൻ പ്രതീക്ഷകളും.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

ദൈവഭക്തിയാണ് ബലിഷ്ഠമായ ആശ്രയം. സന്താനങ്ങൾക്ക് അത് അഭയസ്ഥാനമായിരിക്കുകയും ചെയ്യും.
സുഭാഷിതങ്ങൾ 14:26

**എഡിറ്റോറിയൽ**

# മലയാളപാഠപുസ്തകങ്ങളിൽ അക്ഷരമാല തിരികെയെത്തുന്നു

മലയാളത്തിന്റെ മഹത്ത്വം വാനോളം ഉയർത്തുന്ന കർമപരിപാടികൾകൊണ്ടു സമ്പന്നമായിരുന്നു ഇത്തവണത്തെ ലോകമാതൃഭാഷാദിനാചരണം. "എന്റെ ഭാഷ എന്റെ വീടാണ്, എന്റെ ആകാശമാണ്, ഞാൻ കാണുന്ന നക്ഷത്രമാണ്... എന്റെ ഭാഷ ഞാൻ തന്നെയാണ്." എം.ടി. വാസുദേവൻനായർ എഴുതിയ ഈ ഭാഷാപ്രതിജ്ഞ കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും നമ്മുടെ കുട്ടികൾ ഏറ്റുചൊല്ലി. നമ്മുടെ മൂല്യങ്ങളും ആചാരാനുഷ്ഠാനങ്ങളും പെരുമാറ്റച്ചട്ടങ്ങളും ആദർശങ്ങളും പഴഞ്ചൊല്ലുകളും ശൈലികളും തുടങ്ങി കേരളീയരുടെ മഹിമയാർന്ന ചരിത്രബോധത്തിന്റെയും സാംസ്കാരികപ്പെരുമയുടെയും പരിസരങ്ങളിൽനിന്ന് ഊറ്റംകൊണ്ടു പരുവപ്പെടുത്തിയ ഒരു സ്വത്വബോധമാണ് നമ്മുടെ മാതൃഭാഷയെന്ന് മലയാളി തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന കാലമാണിത്.

അടുത്ത അധ്യയനവർഷം മുതൽ സ്കൂൾ പാഠപുസ്തകങ്ങളിൽ അക്ഷരമാല തിരികെയെത്തുമെന്ന് പൊതുവിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിച്ചതിനു കേരളക്കരയിൽ വൻസ്വീകാര്യതയാണു ലഭിച്ചത്. നേരത്തേ നിയമസഭയിലും ചോദ്യോത്തരവേളയിൽ മന്ത്രി ഇക്കാര്യം പറഞ്ഞിരുന്നു. പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന ഘട്ടത്തിൽ അക്ഷരമാല അനുയോജ്യമായ ക്ലാസിൽ ചേർക്കുന്നത് കരിക്കുലം കമ്മിറ്റി ചർച്ച ചെയ്തു തീരുമാനിക്കും. ലിപി പരിഷ്കരണത്തിനു വിദഗ്ധസമിതി ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും, മാറുന്ന ലിപിയനുസരിച്ചുള്ള അക്ഷരമാലയായിരിക്കുമോ പുസ്തകങ്ങളിൽ ഉണ്ടാവുകയെന്നത് കരിക്കുലം കമ്മിറ്റി ചർച്ച ചെയ്യും. പാഠപുസ്തക പരിഷ്കരണത്തെത്തുടർന്ന് ഒഴിവാക്കപ്പെട്ട അക്ഷരമാലയെ തിരികെപ്പിടിക്കാൻ ഭാഷാസ്നേഹികളും സാംസ്കാരിക പ്രവർത്തകരും കാലങ്ങളായി നടത്തിയ കൂട്ടായ യത്നത്തിനാണ് ഫലം കണ്ടുതുടങ്ങിയിരിക്കുന്നത്.

മലയാള അക്ഷരമാലയെ പാഠപുസ്തകങ്ങളിൽ പുനഃപ്രതിഷ്ഠിക്കുക എന്ന ലക്ഷ്യത്തോടെ 'മായരുത് മലയാളം' എന്ന പേരിൽ മാതൃഭൂമി ദിനപത്രം കഴിഞ്ഞ കുറേ നാളുകളായി നടത്തിവന്ന കാമ്പയിൻ മലയാളക്കരയിലാകെ ശ്രദ്ധിക്കപ്പെട്ടു. പ്രൊഫ. എം.എൻ. കാരശ്ശേരി, ഡോ. വി.ആർ. പ്രബോധചന്ദ്രൻനായർ, ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ തുടങ്ങിയവരുടെ ലേഖനങ്ങളോടെയാണ് മാതൃഭൂമി ഈ സദുദ്യമത്തിനു തുടക്കമിട്ടത്. പക്ഷേ, 2009 ലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി അക്ഷരമാലയെ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള മലയാള പാഠപുസ്തകങ്ങളിൽനിന്നു കുടിയൊഴിപ്പിച്ചതിനെതിരേ ലേഖനങ്ങളെഴുതിയും, സർക്കാരിന്റെയും വിദ്യാഭ്യാസവകുപ്പിന്റെയും മുമ്പിൽ നിവേദനങ്ങളും കത്തുകളും പരാതികളും ഉന്നയിച്ചും അക്ഷരസമരത്തിന്റെ അമരക്കാരനായി രംഗത്തുണ്ടായിരുന്നത് പാലാക്കാരനായ ഭാഷാസ്നേഹി ഡോ. തോമസ് മൂലയിൽ എന്ന വൈദികനാണ്. 'മാതൃഭാഷാപോഷകസന്നദ്ധസമിതി' എന്ന പേരിൽ ഒരു സമിതി രൂപവത്കരിച്ച ഫാദർ മൂലയിൽ അധ്യാപകർക്കും കുട്ടികൾക്കുംവേണ്ടി ഒട്ടേറെ ബോധവത്കരണയജ്ഞങ്ങൾ നടത്തി. അക്ഷരമാല, അക്ഷരക്കൂട്ട് തുടങ്ങിയ ചിത്രീകരണങ്ങളും, അക്ഷരക്കുടുക്ക എന്ന ലഘുഗ്രന്ഥവും, ഉച്ചാരണസഹായി എന്ന പേരിലിറക്കിയ ദൃശ്യശ്രാവ്യാവിഷ്കാരവും, പ്രൈമറിതല സമഗ്രസാക്ഷരതായജ്ഞം എന്ന പതിനഞ്ചിന കർമപരിപാടികളടങ്ങിയ പ്രൊജക്ടും ഏറെ ശ്രദ്ധിക്കപ്പെട്ടു. ഇവയെല്ലാം വിദ്യാഭ്യാസമന്ത്രിയുടെ സമക്ഷം അദ്ദേഹം സമർപ്പിച്ചിരിക്കുകയുമാണ്.

പ്രാഥമികക്ലാസുകളിൽ മലയാളബോധനം ആശയാധിഷ്ഠിതമാകയാൽ അക്ഷരമാലയ്ക്കു പ്രസക്തിയില്ലെന്നത്രേ അക്ഷരമാലയെ പാഠപുസ്തകങ്ങളിൽനിന്നു പടിയിറക്കിയ ഭാഷാവിദഗ്ധർ അന്ന് അഭിപ്രായപ്പെട്ടത്. സൂക്ഷ്മത്തിൽനിന്നു സ്ഥൂലത്തിലേക്ക് എന്ന പുരാതനരീതി(അക്ഷരം→വാക്ക്→വാക്യം→ആശയം) ഉപേക്ഷിച്ച്, സ്ഥൂലത്തിൽനിന്നു സൂക്ഷ്മത്തിലേക്ക് എന്ന ആധുനികരീതിയോടായിരുന്നു അവർക്കു പ്രിയം. എന്നാൽ, അക്ഷരപഠനവും പരിശീലനവും ഒഴിവാക്കുകയല്ല, വാക്കുകളിലെ ആശയങ്ങൾ അവതരിപ്പിക്കുന്നതോടൊപ്പം തന്നെ അവയിലെ അക്ഷരങ്ങളും പ്രൈമറി ക്ലാസുകളിൽ നിർബന്ധമായും പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന ഒരു പാഠ്യപദ്ധതിയായിരിക്കും കൂടുതൽ സ്വീകാര്യമെന്നു തോന്നിയതുകൊണ്ടാണ് അക്ഷരമാലയെ പാഠപുസ്തകങ്ങളിൽ പുനഃപ്രതിഷ്ഠിക്കാൻ സർക്കാർ ഇപ്പോൾ താത്പര്യമെടുത്തിരിക്കുന്നത്.

സംസ്ഥാനത്ത് സർക്കാർ ജോലിക്ക് മലയാളം നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് നിലവിൽ വന്നിരിക്കുന്നതും ശ്ലാഘനീയമാണ്. പത്താം ക്ലാസ്വരെ മലയാളം പഠിച്ചിട്ടില്ലാത്തവർ സർക്കാർ സർവീസിന്റെ ഭാഗമായാൽ നിരീക്ഷണകാലാവധി പൂർത്തിയാകും മുമ്പ് മലയാളം അഭിരുചി പരീക്ഷ പാസാകണമെന്നു വ്യവസ്ഥ ചെയ്യുന്ന നിയമഭേദഗതി അവസാനഘട്ടത്തിലാണ്. സിവിൽ സർവീസിനെ മാതൃഭാഷാകേന്ദ്രിതമാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നു.

രാജ്യത്തെ മൂന്നു ശതമാനം പേർമാത്രം സംസാരിക്കുന്ന ഭാഷയാണു മലയാളമെങ്കിലും അഞ്ചു ശ്രേഷ്ഠഭാഷകളിലൊന്നാണ് നമ്മുടെ മാതൃഭാഷയെന്ന അവബോധത്തോടെ മലയാളഭാഷയുടെ വികസനത്തിനും പരിപോഷണത്തിനുമായി സർക്കാർതലത്തിൽ ഒരു 'മലയാളഭാഷാവകുപ്പ്' രൂപവത്കരിക്കണം. 2015 ൽ കേരള നിയമസഭ പാസാക്കിയ സമഗ്രമായ ഔദ്യോഗിക ഭാഷാബിൽ രാഷ്ട്രപതിയുടെ ഒപ്പിനായി അയച്ചെങ്കിലും ഏതോ ഫയലിലെ ചുവപ്പുനാടയ്ക്കുള്ളിൽ അതു മോചനമില്ലാതെ ദീർഘനിദ്രയിലാണ്. ഐക്യകേരളം രൂപംകൊണ്ട് 65 വർഷം കഴിഞ്ഞിട്ടും ശ്രേഷ്ഠഭാഷയായ മലയാളത്തെ ഔദ്യോഗികഭാഷയായി അംഗീകരിക്കാൻ പോലും ഭരണകൂടങ്ങൾക്കാവാതെ ആശങ്കയായി തുടരുമ്പോഴും, മലയാളം അക്ഷരമാല പുനഃപ്രതിഷ്ഠിക്കുമെന്ന സർക്കാർ പ്രഖ്യാപനം ഉടൻ യാഥാർത്ഥ്യമാകുമെന്നു പ്രതീക്ഷിക്കാം.

# അഭിനയമുഹൂർത്തങ്ങൾ ബാക്കിയാക്കി കെപിഎസി ലളിത വിടവാങ്ങി...

■ ജോയിഷ് ജോസ്



അഭിനയകലയുടെ ചക്രവാളങ്ങൾ കീഴടക്കിയിട്ടും അഭിനയമുഹൂർത്തങ്ങൾ ബാക്കിയാക്കി ചമയങ്ങളഴിച്ചുവെച്ച് കെ.പി.എ.സി. ലളിത യാത്രയായി. കായംകുളത്ത് കടയ്ക്കത്തറൽ വീട്ടിൽ കെ. അനന്തൻ നായരുടെയും ഭാർഗവിയമ്മയുടെയും മകളായി 1947 ൽ ഇടയാറന്മുളയിലാണ് മഹേശ്വരി അമ്മയെന്ന കെ.പി.എ.സി. ലളിതയുടെ ജനനം. കുട്ടിക്കാലത്തുതന്നെ കലാമണ്ഡലം ഗംഗാധരനിൽനിന്ന് നൃത്തം പഠിച്ച് കേവലം പത്ത് വയസ്സുള്ളപ്പോൾതന്നെ നാടകത്തിൽ അഭിനയിച്ചു തുടങ്ങി. ചങ്ങനാശ്ശേരി ഗീതയുടെ ബലി ആയിരുന്നു ആദ്യത്തെ നാടകം. തുടർന്ന് അന്ന് കേരളത്തിലെ ഏറ്റവും പ്രമുഖ നാടകസമിതിയായിരുന്ന കെ.പി.എ.സിയിൽ ചേർന്നു. അവിടെ വച്ചാണ് ലളിത എന്ന പേരു സ്വീകരിച്ചത്. പിന്നീട് സിനിമയിൽ വന്നപ്പോൾ ലളിത കെപിഎസി ലളിതയായി. കെ എസ് സേതുമാധവന്റെ കൂട്ടുകുടുംബമായിരുന്നു ആദ്യചിത്രം. തുടർന്ന് അഞ്ഞൂറി ലധികം സിനിമകളുടെ ഭാഗമായി. കൂടാതെ, നിരവധി ടെലിവിഷൻ പരമ്പരകളും.

മലയാളിയുടെ കണ്ണുനനയിച്ചും പൊട്ടിച്ചിരിപ്പിച്ചും ഒരായുസ്സ് അഭിനയത്തിനായി സമർപ്പിച്ച കെ.പി.എ.സി. ലളിത വേദിയിലും വെള്ളിത്തിരയിലും ഒരുപോലെ തന്റെ അഭിനയപാടവം കാഴ്ചവച്ചു.

സഹനായികാവേഷങ്ങളിലാണ് കൂടുതലും പ്രത്യക്ഷപ്പെട്ടത്. ഹാസ്യവേഷങ്ങൾ അതിഗംഭീരമായി അവതരിപ്പിക്കാനുള്ള കഴിവാണ് ലളിതയെ ജനപ്രിയയാക്കിയത്.

കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സണായി സേവനം ചെയ്തിട്ടുണ്ട്. രണ്ടു തവണ സഹനടിക്കുള്ള ദേശീയ അവാർഡ് ലഭിച്ച ലളിതയ്ക്ക് സംസ്ഥാന ചലച്ചിത്രപുരസ്കാരം നാലു തവണയും സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരവും നേടാൻ കഴിഞ്ഞു.

സ്വയംവരം, അനുഭവങ്ങൾ പാളിച്ചകൾ, ചക്രവാളം, കൊടിയേറ്റം, സന്മനസ്സുള്ളവർക്ക് സമാധാനം, പൊൻമുട്ടയിടുന്ന താറാവ്, മുകുന്ദേട്ടാ സുമിത്ര വിളിക്കുന്നു, വടക്കുനോക്കി യന്ത്രം, ദശരഥം, വെങ്കലം, ഗോഡ് ഫാദർ, അമരം, വിയറ്റ്നാം കോളനി, സ്ഫടികം, അനിയത്തി പ്രാവ് തുടങ്ങിയവയാണു പ്രധാനചിത്രങ്ങൾ.

1978 ൽ ചലച്ചിത്ര സംവിധായകൻ ഭരതന്റെ ഭാര്യയായി. ശ്രീക്കുട്ടിയും സിദ്ധാർഥുമാണ് മക്കൾ. സിദ്ധാർത്ഥ് 'നമ്മൾ' എന്ന സിനിമയിലൂടെ സിനിമാരംഗത്തേക്കു കടന്നുവന്നു. ഇപ്പോൾ പ്രമുഖ സംവിധായകൻ പ്രിയദർശന്റെ കീഴിൽ സഹസംവിധായകനായി പ്രവർത്തിക്കുന്നു. ■

# ആന്തരികകൂടാരത്തിലെ വിധിത്തീർപ്പുകൾ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള അവലോകനം**

**III**



എ.ഡി. 590 മുതൽ 604 വരെ മാർപാപ്പാ ആയിരുന്ന വി. ഗ്രിഗറി പാഷണ്ഡതകൾക്കെതിരേ പടപൊരുതിയ മഹാനായ പാപ്പായാണ്. ഇംഗ്ലണ്ടിലേക്ക് താൻ അംഗമായിരുന്ന ബനഡിക്ടൈൻ സഭയിൽനിന്നു സന്ന്യാസിമാരെ പ്രേഷിതപ്രവർത്തനത്തിനു നിയോഗിച്ചത് ഈ മാർപാപ്പായാണ്. അദ്ദേഹത്തിന്റെ Pastoral Rule എന്ന ഗ്രന്ഥത്തിൽനിന്ന് കർദിനാൾ സറാ ദീർഘമായി ഉദ്ധരിക്കുന്നുണ്ട് (പേജ് 52–57).

വിശുദ്ധ ഗ്രിഗറി പറയുന്നു: "ബൗദ്ധികമായി കുറെ കാര്യങ്ങൾ പഠിച്ചതുകൊണ്ടു മാത്രം ഒരാൾക്ക് നല്ല അജപാലകനാകാൻ സാധിക്കുകയില്ല. പ്രഘോഷിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പകർത്തുന്നവർക്കു മാത്രമേ നല്ല അജപാലകരാകാൻ സാധിക്കുകയുള്ളൂ."

മോശം ഇടയന്മാരെക്കുറിച്ച് ഹോസിയാ പ്രവാചകൻ പറഞ്ഞു: "പുരോഹിതന്മാരേ, നിങ്ങൾ ജനത്തിനു കെണിവയ്ക്കുകയും വീഴ്ത്താൻ വല വിരിക്കുകയും ചെയ്യുന്നു (5:1).

വിശുദ്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവർ ഉതപ്പിനു കാരണമാകരുത്. അവരെ തിരികല്ലുകെട്ടി കടലിൽ താഴ്ത്തുകയാണ് മെച്ചം എന്ന് കർത്താവ് അരുൾ ചെയ്തിരിക്കുന്ന കാര്യം വി. ഗ്രിഗറി ഓർമിപ്പിക്കുന്നു. മറ്റുള്ളവരെ വഴിതെറ്റിക്കുന്നത് എത്ര ഗൗരവമേറിയ പാപമാണെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ വിശദമാക്കുന്നു.

പുരോഹിതന്മാർ കീർത്തി തേടിപ്പോകരുത്. ജനം രാജാവാക്കാൻ ശ്രമിച്ചപ്പോൾ ഈശോ ഒളിവിൽപ്പോയി. എന്നാൽ, അവിടുന്ന് കുരിശുമരണത്തിനു സ്വമനസ്സാ ഏല്പിച്ചുകൊടുത്തു.

തുടർന്ന്, വി. ഗ്രിഗറി മാർപാപ്പാ പുരോഹിതരോടായി പറയുന്നു: "അഹങ്കാരം ഹൃദയത്തെ മലിനമാക്കുന്നു. സഹനവും വേദനയും ഹൃദയത്തെ വിമലീകരിക്കുന്നു. സമ്പൽസമൃദ്ധിയിൽ അജപാലകന്റെ ആത്മാവ് താഴേക്കു നിപതിക്കുകയും ദുരിതങ്ങളിൽ അത് ഉന്നതത്തിലേക്ക് ഉയരുകയും ചെയ്യുന്നു." അദ്ദേഹം എഴുതുന്നു: "പരാജയത്തിന്റെ പാഠശാലയിൽ ഹൃദയം നീതിബോധം അഭ്യസിക്കുന്നു. വലിയ അധികാരം പേറുന്നവർ അഹങ്കാരത്തിനു വിധേയരാകാനുള്ള അപകടസാധ്യത ഏറെ വലുതാണ്."

പുരോഹിതനു തന്റെ സൂക്ഷത്തിന് ഏല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തിലെ ഓരോ അംഗത്തോടും സഹാനുഭൂതി ഉണ്ടായിരിക്കണം. സ്വർഗീയ യാഥാർത്ഥ്യങ്ങളുടെ തീക്ഷ്ണതയാൽ ജ്വലിച്ച് എല്ലാവരോടും കരുണയോടെ വർത്തിക്കാനുള്ള കഴിവ് ധ്യാനവും പ്രാർത്ഥനയുംവഴി പുരോഹിതൻ ആർജിക്കണം. അവൻ കർത്താവിന്റെ കൂടാരത്തിൽ ദൈവികരഹസ്യങ്ങളുടെ ധ്യാനാത്മകചിന്തയിൽ മുഴുകുന്നു, കൂടാരത്തിനു വെളിയിൽ മനുഷ്യരുടെ ദുരിതങ്ങൾ വഹിക്കുന്നു എന്നാണ് പുരോഹിതനെപ്പറ്റി വി. ഗ്രിഗറി പ്രസ്താവിക്കുന്നത്.

പ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പ് സമാഗമകൂടാരത്തിൽ പ്രവേശിച്ച് വാഗ്ദാനപേടകത്തിനു മുമ്പിൽ സഹായം അഭ്യർത്ഥിച്ചിരുന്ന മോശയാണ് പുരോഹിതനു മാതൃക. വി. ഗ്രിഗറി പുരോഹിതരോട് അവരുടെ ആന്തരികകൂടാരത്തിൽ പ്രവേശിച്ചു തങ്ങളുടെ തിരുവെഴുത്തുകളുടെ സഹായത്തോടെ വേണം തീരുമാനങ്ങൾ എടുക്കുവാനെന്ന് ആവശ്യപ്പെടുന്നു.

അസാധാരണമായി ഒന്നും പ്രസ്താവിക്കുന്നില്ലെന്നു പ്രഥമ ദൃഷ്ട്യാ തോന്നാവുന്ന ഈ ചിന്തകൾ യഥാർത്ഥത്തിൽ കാപട്യത്തിന് ഒരു മറുമരുന്നാണെന്നാണ് കർദിനാൾ സറാ, ആദ്യമേ നിരീക്ഷിക്കുന്നത്. അദ്ദേഹത്തിന്റെ മറ്റു നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു:

പുരോഹിതൻ മിശിഹായെ കൂദാശാപരമായി സന്നിഹിതനാക്കുന്നു. അവന്റെ ജീവിതത്തിന്റെ കാതൽ അനുദിനം മിശിഹായോടു താദാത്മ്യപ്പെടുക എന്നതാണ്. "എന്തുകൊണ്ടെന്നാൽ, ഈശോയുടെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവന്റെ മരണം ഞങ്ങളുടെ ശരീരത്തിൽ ഞങ്ങൾ സദാ സംവഹിക്കുന്നു." (2 കൊറി. 4:10). മിശിഹായുടെ ജീവിതം നിഷ്കളങ്കവും വിശുദ്ധവും നിർമലവും ലളിതവുമായ ജീവിതം നയിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

വി. ജോൺപോൾ രണ്ടാമൻ ആർസിലെ വികാരി വി. ജോൺ മരിയ വിയാനിയെയാണ് ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരുടെ മാതൃകയായി അവതരിപ്പിക്കുന്നത്.

പുരോഹിതൻ ഈ ആന്തരിക അസ്തിത്വത്തിൽനിന്ന് വിഭിന്നമായ ഒരു ജീവിതം സ്വകാര്യജീവിതം എന്ന പേരിൽ നയിക്കാൻ ഇടയാകരുത്. അങ്ങനെ സംഭവിച്ചാൽ അതു കാപട്യമായിരിക്കും – ഇതാണ് വിശുദ്ധ ഗ്രിഗറി പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത്. വിശുദ്ധി പൗരോഹിത്യത്തിന്റെ അനിവാര്യതയാണ്. അത് അജപാലകനും അജഗണത്തിനും നിത്യരക്ഷയിലേക്കുള്ള പാതയാണ്. അജപാലകന്റെ തിന്മപ്രവൃത്തികൾ അവനെ മാത്രമല്ല അവൻ നയിക്കുന്ന അജഗണത്തെയും മാരകമായി ബാധിക്കുന്നു.

പുരോഹിതന്റെ ജീവിതം മുഴുവനും ബലിയർപ്പണത്തിനും അജപാലനശുശ്രൂഷയ്ക്കും പൂർണമായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. വി. പൗലോസ് ശ്ലീഹ ചെറുപ്പക്കാരനായ തിമോത്തിയോസിനു നല്കുന്ന ഉപദേശം വളരെ പ്രസക്തമാണ്. "പ്രവചനത്താലും പുരോഹിതരുടെ കൈവയ്പ്പാലും നിനക്കു നല്കപ്പെട്ടിരിക്കുന്ന കൃപാവരം നീ നിസ്സാരമാക്കരുത്. അതിൽ നീ അഭിവൃദ്ധി പ്രാപിക്കുന്നെന്ന് എല്ലാ മനുഷ്യരും അറിയാൻ തക്കവിധം നീ അവയെക്കുറിച്ചു ധ്യാനിക്കുകയും അവയ്ക്ക് അർപ്പിതനായിരിക്കുകയും ചെയ്യുക." (1 തിമോ. 4:14–15). ദൈവം സൃഷ്ടിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ലോകത്തെക്കുറിച്ചും (യോഹ. 3:16) സാത്താന്റെ പിടിയിലമർന്ന് ദൈവത്തെ തിരസ്കരിക്കുന്ന മറ്റൊരു ലോകത്തെക്കുറിച്ചും (1 യോഹ. 2:15) വിശുദ്ധ യോഹന്നാൻ പ്രതിപാദിക്കുന്നുണ്ട്. ഇതിൽ രണ്ടാമതു പറയുന്ന ലോകത്തിന്റെ പ്രത്യയശാസ്ത്രങ്ങളും കാഴ്ചപ്പാടുകളും പുരോഹിതനെ സ്വാധീനിക്കാൻ ഇടയാകരുതെന്ന് പ്രസ്താവിക്കുന്ന കർദിനാൾ സറാ ടി.എസ്. എലിയറ്റ് എന്ന ഇംഗ്ലീഷ് കവിയെ ഉദ്ധരിക്കുന്നുണ്ട്.

"പലായനം ചെയ്യുന്നവരുടെ കൂട്ടത്തിൽനിന്നു വിപരീതദിശയിൽ ഒരാൾ പോയാൽ അവനാണ് ഒളിച്ചോടുന്നതെന്നു തോന്നും."

പ്രായഭേദമെന്യേ എല്ലാ വൈദികരും ലോകത്തിന്റേതായ കുത്തൊഴുക്കിന് എതിരേ നീന്തുന്നവരാകണം. വിപരീതദിശയിൽ സഞ്ചരിക്കുവാൻ ധൈര്യം ഉള്ളവരാകണം. ക്രൈസ്തവന് എതിർദിശ ഒരിടമല്ല, അത് കർത്താവായ മിശിഹാതന്നെയാണ്. കുരിശും എടുത്തുകൊണ്ട് അവിടുത്തെ അനുഗമിക്കണം. അവിടെ തോൽവിയും ലോകത്തിന്റെ നിന്ദയും എല്ലാം സഹിക്കേണ്ടിവരും.

ജനപ്രീതി ലാക്കാക്കി പുരോഹിതൻ പ്രവർത്തിക്കരുത്. പൊതുജനത്തിന്റെ അംഗീകാരമല്ല സത്യം പ്രഘോഷിക്കുകയാണു പ്രധാനമായത്. സ്നേഹിക്കപ്പെടാനല്ല സ്നേഹിക്കാനാണ് അവൻ ശ്രദ്ധിക്കേണ്ടത്.

വി. ഗ്രിഗറി മാർപാപ്പായുടെ ചിന്തകളെ അടിസ്ഥാനമാക്കി രണ്ടു കാര്യങ്ങൾക്കൂടി കർദിനാൾ സറാ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഒന്ന്, പുരോഹിതനു ദുരിതങ്ങൾ അനുഭവിക്കുന്നവരോട് അലിവു തോന്നുന്ന ഒരു ഹൃദയം ഉണ്ടായിരിക്കണം. അവർക്ക് ദൈവസ്നേഹം പകർന്നുകൊടുക്കാൻ അവനു കഴിയണം.

രണ്ടാമതായി, പ്രാർത്ഥനയും പ്രവൃത്തിയും രണ്ടായി കാണാതെ പ്രാർത്ഥനയോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്ന നിർദേശമാണ്. ഉദാത്തമായ ഈ ചിന്തകൾ പങ്കുവയ്ക്കുന്ന കർദിനാൾ സറായോട് കൃതജ്ഞതയുള്ളവരാകാം. ■

---

ശ്രേഷ്ഠമലയാളം

# വിരഹിയും വിരഹിണിയും

ഡോ. ഡേവിസ് സേവ്യർ



വിരഹം പ്രമേയമായി വരുന്ന ഒരു വിഭാഗം കാവ്യങ്ങൾ പണ്ടുണ്ടായിരുന്നു. സന്ദേശകാവ്യങ്ങൾ എന്ന പേരിലാണ് അവ അറിയപ്പെട്ടത്. വിരഹാർത്തനായ നായകൻ അതേ അവസ്ഥയിലുള്ള നായികയ്ക്കു ദൂതൻവഴി സന്ദേശം നൽകലാണ് സന്ദേശകാവ്യങ്ങളുടെ പൊതുസ്വഭാവം. സന്ദേശഹരൻ, സന്ദേശം, യാത്രാവർണന, നായികാവർണന എന്നിങ്ങനെ കൃത്യമായി വികസിക്കുന്ന കഥാതന്ത്രം സന്ദേശകാവ്യങ്ങൾക്കുണ്ട്. മലയാളത്തിലുണ്ടായ സന്ദേശകാവ്യങ്ങളിൽ പ്രമുഖമായത് ഉണ്ണുനീലിസന്ദേശമാണ്. അജ്ഞാതകർത്തൃകമായ ഈ കൃതിയുടെ രചനാകാലം 14–ാം നൂറ്റാണ്ടിന്റെ മൂന്നാം പാദമാണെന്നു കരുതപ്പെടുന്നു.

പല കാരണങ്ങളാൽ രണ്ടിടത്താകുന്ന നായികയും നായകനും അനുഭവിക്കേണ്ടിവരുന്ന വിരഹ(വിയോഗം)മാണ് സന്ദേശകാവ്യങ്ങളുടെ ഘടനയെ നിയന്ത്രിക്കുന്നത്. പ്രിയജനങ്ങൾ തമ്മിലുള്ള വേർപാടാണ് യഥാർത്ഥത്തിൽ വിരഹം. വിരഹം അനുഭവിക്കുന്ന പുരുഷൻ വിരഹിയും വിരഹം അനുഭവിക്കുന്ന സ്ത്രീ വിരഹിണിയുമാകുന്നു. വിരഹി പുല്ലിംഗവും വിരഹിണി സ്ത്രീലിംഗവുമാണ്. അതായത്, നായകനെ വിരഹി എന്നും നായികയെ വിരഹിണി എന്നും വ്യവഹരിക്കണം. വിരഹിയായ ഉണ്ണുനീലി എന്നല്ല, വിരഹിണിയായ ഉണ്ണുനീലി എന്നാണ് എഴുതേണ്ടത്. വിരഹി, വിരഹിണി എന്നീ നാമപദങ്ങൾക്ക് ഇഷ്ടജനത്തെ വേർപെട്ടവൻ എന്നും ഇഷ്ടജനത്തെ വേർപെട്ടവൾ എന്നും യഥാക്രമം അർത്ഥം പറയാം. "വിരഹി – ആരാണ് ഇത്? പ്രിയജനങ്ങൾ തമ്മിലുള്ള വേർപാടാണ് വിരഹം. അത് അനുഭവിക്കുന്ന ആൾ വിരഹി. കൃത്യമായി പ്പറഞ്ഞാൽ, പുരുഷനാണ് വിരഹി. സ്ത്രീയോ? വിരഹം അനുഭവിക്കുന്ന സ്ത്രീ, വിരഹിണിയാണ്. വിരഹിയായ ലീല എന്നല്ല, വിരഹിണിയായ ലീല എന്നുതന്നെ വേണം പ്രയോഗിക്കുക"* എന്നെഴുതിയ വി.കെ. നാരായണൻ, വിരഹിയും വിരഹിണിയും തമ്മിലുള്ള രൂപപരവും അർഥപരവുമായ അന്തരം ചൂണ്ടിക്കാണിച്ചിരിക്കുന്നു. "വിരഹിണീ നീ വാർക്കും കണ്ണുനീർ" (ഈ ഗാനം മറക്കുമോ) എന്ന് ശരിയായ വിവക്ഷിതത്തിൽ ഒ.എൻ.വി. പ്രയോഗിച്ചിട്ടുണ്ട്.

*നാരായണൻ വി.കെ., വാക്കിന്റെ ഇരുളും പൊരുളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം –104

# കോട്ടയം കരുത്തുറ്റ കരങ്ങളിൽ



കെ. ജി. രഞ്ജിത്ത്

വിവാഹജീവിതത്തോടെ കരിയർ സ്വപ്നങ്ങളെ കണ്ണീരിൽ പൊതിഞ്ഞ് വഴിയിലുപേക്ഷിച്ച കഥകളാണു മുമ്പ് ഭൂരിഭാഗം സ്ത്രീകൾക്കും പറയാനുണ്ടാവുക. പുരുഷന് അടിമയായിത്തീർന്നവൾ, തന്റെ ദുഃഖവും വേദനകളും അടുക്കളയിലെ കരിപുരണ്ട ലോകത്ത് കരഞ്ഞുതീർക്കാൻ വിധിക്കപ്പെട്ടവൾ. അതായിരുന്നു ഒരു കാലഘട്ടംമുമ്പുവരെ സ്ത്രീസങ്കല്പം. അതുകൊണ്ടാവാം കണ്ണുനീർത്തുള്ളിയെ കവി സ്ത്രീയോട് ഉപമിച്ചതും. എന്നാൽ, കാലവും കഥയും മാറിയിരിക്കുന്നു. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചു സ്ത്രീകൾ മുന്നേറുന്ന കഥകളാണ് ഓരോ വനിതാദിനത്തിനും പറയാനുള്ളത്.

ഉന്നതപദവിയിലിരിക്കുന്ന ഓരോ സ്ത്രീയും ഒരുപാടു പ്രതിസന്ധികളെ അതിജീവിച്ചാണ് ഇവിടെയെത്തിയത്. നിലപാടുകൾകൊണ്ടും കഴിവുകൊണ്ടും ഐ.പി.എസുകാർക്കിടയിൽ വ്യക്തിമുദ്ര പതിപ്പിച്ച ധീരവനിതയാണ് കോട്ടയം ജില്ലാ പൊലീസ് മേധാവിയായ ഡി. ശില്പ ഐ.പി.എസ്.

വിവാഹത്തിനുശേഷം സ്ത്രീജീവിതം വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ ഒതുക്കാനുള്ളതല്ലെന്നും, കഠിനപ്രയത്നമുണ്ടെങ്കിൽ സ്ത്രീകൾക്ക് തന്റെ സ്വപ്നങ്ങൾ നേടിയെടുക്കാനാവുമെന്നും തെളിച്ച വ്യക്തികൂടിയാണ് ഡി. ശില്പയെന്ന ഐ.പി.എസുകാരി.

ഇന്ത്യൻ ഫോറസ്റ്റ് സർവീസിലായിരുന്നു ശില്പയുടെ പിതാവ്. പിതാവിന്റെ സുഹൃത്തുക്കളിൽ പലരും ഐ.പി.എസുകാരായിരുന്നു. അതുകൊണ്ട് ചെറുപ്പംമുതൽ ഐ.പി.എസ്. എന്ന സ്വപ്നം മനസ്സിൽകൊണ്ടു നടന്ന ശില്പ ഒരു പെൺകുട്ടിയുടെ അമ്മയായതിനുശേഷമാണ് ഐ.പി.എസ്. എന്ന തന്റെ സ്വപ്നം യാഥാർത്ഥ്യമാക്കിയത്.

ശില്പയുടെ വിവാഹസമയത്തായിരുന്നു 'ഉഡാൻ' എന്നൊരു സീരിയൽ ടിവിയിൽ വരുന്നത്. ഒരു വനിത ഐ.പി.എസ്. ഉദ്യോഗസ്ഥയെക്കുറിച്ചുള്ള കഥയായിരുന്നു അതെന്നും, പ്രതിസന്ധികളെ തരണംചെയ്ത് സർവീസിലെത്തുന്ന ആ സീരിയലിലെ മിടുക്കിയായ ഉദ്യോഗസ്ഥ തന്റെ ജീവിതത്തെ ഏറെ സ്വാധിനിച്ചിട്ടുണ്ടെന്നും ശില്പ പറയുന്നു.

ആദ്യം ബി.ടെക്. ചെയ്തു. പിന്നീട് എം.ബി.എ എടുത്തു. അതിനുശേഷമാണ് ഐടി മേഖലയിൽ ജോലിയിൽ പ്രവേശിച്ചത്. എങ്കിലും സിവിൽ സർവീസ് എന്ന സ്വപ്നം മനസ്സിൽ മായാതെ കിടന്നു. അതിനിടയിലായിരുന്നു വിവാഹം. വൈകാതെ ഒരു കുഞ്ഞിന്റെ അമ്മയുമായി. അതുവരെ തിരക്കു പിടിച്ച് ഓടി നടന്നിരുന്ന ശില്പയുടെ കരിയറിൽ ചെറിയൊരു ഇടവേള വന്നു. കുഞ്ഞിനുവേണ്ടി സമയം നീക്കിവയ്ക്കണമായിരുന്നു. സത്യത്തിൽ ആ ഇടവേളയിലാണ് വീണ്ടും ഗൗരവമേറിയ വായനയ്ക്കും പഠനത്തിനും സമയം കണ്ടെത്തിയതെന്നും ശില്പ ഓർത്തെടുക്കുന്നു.



ഡി. ശില്പ ഐ.പി.എസ്.

സിവിൽ സർവീസ് പരീക്ഷയ്ക്കു തയ്യാറെടുക്കാനുള്ള ആഗ്രഹം ശില്പ ആദ്യം അറിയിച്ചത് ഭർത്താവിനെയായിരുന്നു. താത്പര്യം അറിയിച്ചപ്പോൾ അദ്ദേഹത്തിനും വീട്ടുകാർക്കും വലിയ സന്തോഷം. അവരുടെയെല്ലാം പിന്തുണ തനിക്കുണ്ടായിരുന്നുവെന്ന് ശില്പ പറയുന്നു.

ഒടുവിൽ, ഐപിഎസിന് സെലക്ഷൻ ലഭിച്ചു. അമ്മയായതിനുശേഷം എന്തുകൊണ്ട് ഇങ്ങനെയൊരു തീരുമാനം എടുത്തു എന്ന കൗതുകം ഇന്റർവ്യൂ ബോർഡിലെ അംഗങ്ങളും ചോദിച്ചതായി ശില്പ ഓർക്കുന്നു. ചെറുപ്പംമുതൽ സിവിൽ സർവീസിനോടുള്ള ഇഷ്ടം പങ്കുവച്ചപ്പോൾ അവർക്കും അദ്ഭുതം. പരിശീലനകാലഘട്ടം ശരിക്കും ബുദ്ധിമുട്ട് ഏറിയതായിരുന്നു. കടുത്ത വ്യായാമമുറകളൊന്നും ശീലിച്ചിരുന്നില്ല. പ്രസവത്തിനുശേഷമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ വേറേയും. എങ്കിലും അവയെല്ലാം വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞതു തന്റെ ആത്മവിശ്വാസംകൊണ്ടാണെന്നും ശില്പ പറയുന്നു.

പൊലീസ് സർവീസ് തീർച്ചയായും വളരെ ബുദ്ധിമുട്ടേറിയതാണ്. കൂടുതൽ സ്ത്രീകൾ ഇപ്പോൾ ഈ മേഖലയിലേക്കു വരുന്നുണ്ട്. എസ്.ഐ. റിക്രൂട്ട്മെന്റ് എടുക്കുകയാണെങ്കിൽ അതിൽ 25 ശതമാനവും സ്ത്രീകളാണ്. അതായത്, സമൂഹത്തിന്റെ കാഴ്ചപ്പാട് മാറിവരുന്നുണ്ടെന്നുവേണം മനസ്സിലാക്കാൻ.

കൂടുതൽ സ്ത്രീകൾ പൊലീസ് സർവീസിലേക്കു വരണമെന്നാണ് തന്റെ ആഗ്രഹമെന്നും ശില്പ പറയുന്നു. കൂടാതെ, തന്റെ അനുഭവത്തിൽ സ്ത്രീകളെ പൊലീസ് യൂണിഫോമിൽ കാണുമ്പോൾ സ്ത്രീകൾക്കു തന്നെ ഒരു സുരക്ഷിതത്വബോധം വരുന്നുണ്ട്. സമൂഹത്തിൽ സ്ത്രീകൾക്കു ലിംഗനീതിയും തുല്യതയും ഉറപ്പുവരുത്തുന്നതിനു തീർച്ചയായും കൂടുതൽ സ്ത്രീകൾ പൊലീസ് സർവീസിൽ വരേണ്ടതുണ്ടെന്നും അവർ പറയുന്നു.

എൽആൻഡ്ടി സീനിയർ ഡവലപ്മെന്റ് മാനേജർ എസ്. ആനന്ദാണു ഭർത്താവ്. മകൾ ഐറ. വനിതകളെ ലോകം ആദരിക്കുന്ന വനിതാദിനം വലിയ പ്രതീക്ഷയാണു നൽകുന്നത്. എന്നാൽ, മാർച്ച് എട്ടിനു മാത്രമല്ല, എല്ലാ ദിവസവും സാധാരണ ഏതൊരാളെയുംപോലെ ജീവിക്കാനുള്ള അവകാശവും സാഹചര്യവും വനിതകൾക്ക് ഉറപ്പുവരുത്തണമെന്നും ഡി. ശില്പ ഐ പി എസ് ഓർമിപ്പിക്കുന്നു. ■

# മാതൃഭാഷയെ ഹൃദയത്തോടു ചേർത്തുനിർത്തണം

## മാർ ജേക്കബ് മുരിക്കൻ

അറിവിന്റെയും നൂതനാശയങ്ങളുടെയും ഉറവിടവും സർഗാത്മക ആവിഷ്കാരങ്ങളുടെ അടിത്തറയുമായ മാതൃഭാഷയെ ഹൃദയത്തോടു ചേർത്തുനിർത്തണമെന്ന് പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പ്രസ്താവിച്ചു.

പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി, സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പാലാ, സെന്റ് തോമസ് ടി.ടി.ഐ. പാലാ, സെന്റ് ജോസഫ് ടി.ടി.ഐ. മുത്തോലി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ അന്തർദേശീയ മാതൃഭാഷാദിനാചരണസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാതൃഭാഷ ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കാൻ സുസജ്ജരാകാൻ അധ്യാപകവിദ്യാർത്ഥികളെ അദ്ദേഹം ആഹ്വാനം ചെയ്തു.

പാഠപുസ്തകങ്ങളിൽ അക്ഷരമാല പുനഃപ്രതിഷ്ഠിക്കുന്നതിനുവേണ്ടി നടത്തിയ അക്ഷരസമരത്തിന്റെ അമരക്കാരൻ റവ. ഡോ. തോമസ് മൂലയിൽ ആധുനിക ദൃശ്യശ്രാവ്യോപാധികളിലൂടെ കുരുന്നുകൾക്ക് അക്ഷരപരിശീലനം നൽകുന്നതിനുതകുന്ന പ്രൈമറിതല സമഗ്രസാക്ഷരതാ പദ്ധതി അവതരിപ്പിച്ചു.

കോട്ടയം ഡി.ഡി.ഇ. എൻ. സുജയ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പാലാ മുനിസിപ്പൽ ചെയർമാൻ അഡ്വ. ആന്റോ ജോസ് പടിഞ്ഞാറേക്കര, പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം, ആലപ്പുഴ റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് ഡോ. ജെ.കെ.എസ്. വീട്ടൂർ സെന്റ് തോമസ് റ്റീച്ചർ ട്രെയ്നിങ് കോളജ് പ്രിൻസിപ്പാൾ ഡോ. റ്റി.സി. തങ്കച്ചൻ, ഭാഷാമാർഗനിർദേശകസമിതിയംഗം ചാക്കോ സി. പൊരിയത്ത്, മുത്തോലി ടി.ടി.ഐ. പ്രിൻസിപ്പൽ സി. സെലീന സി.എം.സി., പാലാ ടി.ടി.ഐ. പ്രിൻസിപ്പൽ സിബി പി.ജെ, ഡോ. അലക്സ് ജോർജ് കാവുകാട്ട് എന്നിവർ പ്രസംഗിച്ചു.

# പൊട്ടക്കണ്ണന്റെ മാവിലേറ്






ടി.പി. ശാസ്തമംഗലം

കവിതയും ഗാനവും തമ്മിലുള്ള വ്യത്യാസമെന്ത് എന്നു പലരും ചോദിക്കാറുണ്ട്. കവിത തികച്ചും സ്വതന്ത്രസൃഷ്ടിയാണ്. എന്നാൽ, ഗാനം അങ്ങനെയല്ല. അതു പൂർണമാകണമെങ്കിൽ രചയിതാവിനെക്കൂടാതെ സംഗീതസംവിധായകന്റെയും പാടുന്ന ആളിന്റെയും സംഭാവനകൾ ഒത്തുചേരേണ്ടതുണ്ട്. ചലച്ചിത്രഗാനമാണെങ്കിൽ ചിത്രീകരിക്കുന്ന സംവിധായകന്റെ സാമർത്ഥ്യവും അനിവാര്യമായിത്തീരുന്നു. ഇത്രയൊക്കെ കടമ്പകൾ കടന്നാണ് പഴയ ഗാനങ്ങൾ പലതും നമ്മെ പാലമൃതൂട്ടിയത്. അതേസമയം, ഇക്കാലത്തിറങ്ങുന്ന ചലച്ചിത്രഗാനങ്ങൾ മിക്കതും ഡക്ക്വേല മാത്രമായി അധഃപതിക്കുകയാണ്. സംശയമുണ്ടെങ്കിൽ ഈ ഗാനം ശ്രദ്ധിക്കുക:

“പച്ചപ്പായൽ പോലെന്നുള്ളിൽ പറ്റിപ്പിടിച്ചു
പിറ്റേന്നാളെൻ മച്ചിന്നുള്ളം വെട്ടിപ്പിടിച്ചു
കണ്ണിമവെട്ടിയ നേരത്തെന്നോടടുത്തിരുന്ന്
ഉള്ളംകൈയിലു ടവ്വലു ഞെക്കിപ്പിടിച്ചിരുന്ന്”

(ചിത്രം – സൂപ്പർ ശരണ്യ; രചന – സുഹൈൽ കോയ; സംഗീതം – ജസ്റ്റിൻ വർഗീസ്; ആലാപനം – കാതറിൻ ഫ്രാൻസിസ്, ക്രിസ്റ്റിൻ ജോസ്)

ഗാനത്തിന്റെ തുടക്കത്തിലുള്ള ഭാവനതന്നെ എത്ര വികലമാണെന്നു നോക്കുക. നായിക തന്റെയുള്ളിൽ കടന്നതിനെക്കുറിച്ചാണു പറയുന്നതെന്നും ഓർക്കുക. എഴുതുന്ന വരികൾക്ക് അർത്ഥം വേണമെന്ന നിർബന്ധമൊന്നും പുതിയ ഗാനരചയിതാക്കൾക്കു തീരെയില്ല. ശ്വാസം മുട്ടിയാലും പ്രാസം മുട്ടരുത് എന്ന ശ്രദ്ധ മാത്രമേ അവർക്കുള്ളൂ. അതുകൊണ്ടാണ് ആദ്യത്തെ വരിയിൽ 'പച്ചപ്പായൽ' വന്നപ്പോൾ രണ്ടാമത്തെ വരിയിൽ 'മച്ചിന്നുള്ളം' എന്നെഴുതാൻ സുഹൈൽ കോയ നിർബന്ധനായത്. കണ്ണിമ വെട്ടാതെ ജീവിക്കാനൊക്കില്ലല്ലോ. ആ നേരത്ത് അവൾ അവന്റെ അടുത്തിരുന്നുപോലും! അതു കഴിഞ്ഞുള്ള പ്രവൃത്തിയാണ് അസഹനീയം. ഉള്ളംകൈയിൽ ടവ്വല് ഞെക്കിപ്പിടിച്ചിരുന്നു. അതിന്റെ ഉദ്ദേശ്യമെന്തെന്നോ അങ്ങനെ ചെയ്തതുകൊണ്ടു ഗാനത്തിന് എന്തു പ്രയോജനം ലഭിച്ചുവെന്നോ വ്യക്തമല്ല. പൊട്ടക്കണ്ണൻ മാവിൽ എറിയുമ്പോലെ ഗാനരചയിതാവ് ഭാവനയുടെ കൊണിയെടുത്ത് ഭാഷയുടെ മാവിൽ എറിയുന്നു. പഴുത്തതോ വിളഞ്ഞതോ ആയ മാങ്ങ വീഴേണ്ടതിനു പകരം കുരുടുപിടിച്ച, കേടുവന്ന മാങ്ങയാണു വീഴുന്നത്. കഷ്ടം എന്നല്ലാതെന്തു പറയാൻ!

“വെറുംകാലിൽ നടന്നെന്റെ കരളിന്റെ
കതകെല്ലാം തുറന്നില്ലേ
കെറുവെല്ലാമിരുകാതിന്നരികത്ത്
അടക്കംപോൽ പറഞ്ഞില്ലേ
വരമ്പത്തുമിരമ്പത്തും
കുടചൂടാ മഴയത്തും
കൊടുവേനൽ നടുവത്തും
തണലില്ലാത്തൊരിടത്തും
കാറ്റുപോലെ നീയെന്നെ
കാത്തുനിന്നില്ലേ?”

വർഷങ്ങൾക്കുമുമ്പ് വയലാർ രാമവർമയാണു നഗ്നമായ കാലടികളെക്കുറിച്ച് നമ്മെ ചിന്തിക്കാൻ പ്രേരിപ്പിച്ചത്.

1. “ചക്രവർത്തിനീ നിനക്കു ഞാനെന്റെ
   ശില്പഗോപുരം തുറന്നു
   പുഷ്പപാദുകം പുറത്തുവയ്ക്കു നീ
   നഗ്നപാദയായകത്തു വരൂ” (ചെമ്പരത്തി)
2. “മദ്ധ്യവേനലവധിയായി–ഓർമകൾ
   ചിത്രശാല തുറക്കുകയായി
   മുത്തുകളിൽ ചവിട്ടി മുള്ളുകളിൽ ചവിട്ടി
   നഗ്നമായ കാലടികൾ – മനസ്സിൻ കാലടികൾ” (നിലയ്ക്കാത്ത ചലനങ്ങൾ)

വയലാറിന്റെ പ്രയോഗങ്ങളുടെ ഓജസ്സ് തിരിച്ചറിയുക. അദ്ദേഹത്തിന്റെ രണ്ടു പാട്ടുകളിലെയും പ്രയോഗങ്ങൾക്ക് അവയുടേതായ പ്രാധാന്യമുണ്ട്. എന്നാൽ, 'സൂപ്പർ ശരണ്യ'യിലെ ഗാനത്തിൽ വെറും കാലിൽ നടന്നതിന്റെ തഴമ്പ് ആസ്വാദകരിൽ ജുഗുപ്സ ഉളവാക്കുന്നു. കരളിന്റെ കതകെല്ലാം തുറക്കുന്നതിനു വെറുംകാലിൽ നടക്കേണ്ടിവന്നതിന്റെ പ്രസക്തിയും മനസ്സിലാകുന്നില്ല. കാറ്റുപോലെ കാത്തുനിന്ന സ്ഥലങ്ങൾ കണ്ടില്ലേ? അത്യുന്നതിയിൽ അഭിരമിക്കാൻ ഈ രചയിതാവിനു തെല്ലും മടിയില്ല. എന്തെഴുതിയാലും അതു ഗാനമാകുമെന്നും ശ്രോതാക്കൾ എല്ലാം തൊണ്ട തൊടാതെ വിഴുങ്ങിക്കൊള്ളുമെന്നും അദ്ദേഹം ധരിച്ചുവച്ചിരിക്കുന്നു. അതിനെക്കാൾ മൗഢ്യം മറ്റെന്താണ്?

■

# മൂന്നു പെൺകുട്ടികൾ



റോസ് മേരി

**നി**ഷാ ശർമയെ ഓർമയുണ്ടോ? ഡൽഹിക്കടുത്തുള്ള നോയ്ഡ സ്വദേശിനി. അന്നവൾക്കു വയസ്സ് ഇരുപത്. കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിനി.

അപ്പോഴാണ് അവളുടെ വിവാഹം നിശ്ചയിക്കപ്പെട്ടത്. പഠിക്കാൻ സമർത്ഥയായ ആ പെൺകുട്ടിക്ക് തന്റെ പഠനം ഇടയ്ക്കു വച്ച് അവസാനിപ്പിക്കാൻ അശേഷം താത്പര്യമുണ്ടായിരുന്നില്ല. പക്ഷേ, അച്ഛന്റെ നിർബന്ധത്തിനുവഴങ്ങി പാതി മനസ്സോടെ സമ്മതിക്കേണ്ടി വന്നു.

വരൻ മനീഷ് ദലാൽ. അഭ്യസ്തവിദ്യൻ. നാട്ടുനടപ്പനുസരിച്ചുള്ള പൊന്നും പണവുമെല്ലാം നിഷയുടെ വീട്ടുകാർ ഒരുക്കിവച്ചു. അതിനു പുറമേ ടി.വി., ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മൈക്രോവേവ്, മ്യൂസിക് സിസ്റ്റം, മാരുതി എസ്റ്റീം കാർ... ഒക്കെയും വരന്റെ വീട്ടുകാർ ഡിമാന്റ് ചെയ്തു. പെണ്ണിന്റെ അച്ഛൻ പെടാപ്പാടുപെട്ട് ഒക്കെയും സജ്ജമാക്കി.

കാത്തു കാത്തിരുന്ന കല്യാണദിവസമെത്തി. വധൂഗൃഹത്തിലാണു ചടങ്ങ്. ഏതാണ്ട് രണ്ടായിരത്തോളം അതിഥികൾ. ഒരുക്കങ്ങളൊക്കെയും പൂർത്തിയായി. പെട്ടെന്ന് വരന്റെ അച്ഛന്റെ ഫോൺ കോൾ. പന്ത്രണ്ടു ലക്ഷം രൂപകൂടി തന്നില്ലെങ്കിൽ തങ്ങൾ പന്തലിലേക്കു വരില്ല എന്നായിരുന്നു സന്ദേശം.

പലരും അനുനയിപ്പിക്കാൻ ശ്രമിച്ചു, സ്ഥലം ജനപ്രതിനിധിയടക്കം. പക്ഷേ, അവർ കടുംപിടിത്തത്തിൽ ഉറച്ചുനിന്നു. വധൂഗൃഹത്തിൽ എല്ലാവരും കരച്ചിലും വിളിയുമാണ്. അതിഥികൾ അമ്പരന്നു.

പക്ഷേ, നിഷ തെല്ലും പതറിയില്ല. അവൾ പറഞ്ഞു: "എനിക്കീ കല്യാണം വേണ്ട!" അവൾ അമ്മാവനെയും കൂട്ടി നോയ്ഡാ പോലീസ് സ്റ്റേഷനിലെത്തി പരാതി ബോധിപ്പിച്ചു. എന്തിനധികം, പോലീസ് നിയമം നടപ്പാക്കി, വരനും കൂട്ടരും അറസ്റ്റു ചെയ്യപ്പെട്ടു. അവർക്കെതിരേ ഉചിതമായ ശിക്ഷാവിധിയുമുണ്ടായി.

രണ്ടാമത്തെയാൾ ശ്രീകലയാണ്. കൊല്ലം സ്വദേശിനി. വയസ്സ് ഇരുപത്തിയഞ്ച്. സ്വർണപ്പണിക്കാരനാണ് അച്ഛൻ. നിർദ്ധനകുടുംബം. ഏറെ നാളത്തെ കാത്തിരിപ്പിനുശേഷം മകൾക്ക് ഒരു കല്യാണം ഒത്തുവന്നു. വരൻ ഉമയനല്ലൂർ സ്വദേശി. ഒരു ലക്ഷം രൂപയും പതിനഞ്ചു പവനുമാണ് സ്ത്രീധന ഡിമാന്റ്. ഏറെക്കാലത്തെ ചെറുസമ്പാദ്യങ്ങൾ ചേർത്തുവച്ചും കടം വാങ്ങിയുമൊക്കെ തുക സ്വരൂപിച്ച് വരന്റെ വീട്ടുകാർക്കു കൈമാറി. പക്ഷേ, പതിനായിരം രൂപയുടെ കുറവുണ്ട്. കല്യാണത്തിനുമുമ്പ് എത്തിച്ചുകൊള്ളാമെന്നായിരുന്നു വാക്ക്.

പക്ഷേ, എത്ര ശ്രമിച്ചിട്ടും പണം സ്വരൂപിക്കാനായില്ല. പുലർച്ചെ ഉമയനല്ലൂരുനിന്ന് വരന്റെ ആൾക്കാരെത്തി. അവർ പതിനായിരം രൂപയുടെ പേരിൽ ശകാരവും അസഭ്യവർഷവും ചൊരിഞ്ഞു. അയൽക്കാരൊക്കെ ബഹളംകേട്ട് അവിടെയെത്തി. പല അനുനയശ്രമങ്ങളും നടത്തി. ഒക്കെയും നിഷ്ഫലം. പെണ്ണിന്റെ വീട്ടുകാരെ കണ്ടമാനം അധിക്ഷേപിച്ചിട്ടാണവർ മടങ്ങിയത്. സഹിക്കാവുന്നതിലും അപ്പുറത്തായിരുന്നു കാര്യങ്ങൾ.

മുഹൂർത്തസമയം അടുത്തു. വരനും കൂട്ടരും എത്തിച്ചേർന്നു. പക്ഷേ, ശ്രീകല ഒരു കാര്യത്തിൽ ഉറച്ചുനിന്നു. തനിക്ക് ഈ വിവാഹം വേണ്ട! തന്റെ അച്ഛനെയും കുടുംബക്കാരെയും വെറും പതിനായിരം രൂപയുടെ പേരിൽ ഇവ്വിധം അപമാനിച്ച വീട്ടിലേക്കു തനിക്കു മരുമകളായി ചെന്നു കയറേണ്ട... ആരൊക്കെ നിർബന്ധിച്ചിട്ടും അവൾ വഴങ്ങിയില്ല. ഒടുക്കം ആ പണക്കൊതിപ്പാച്ചന്മാർക്ക് ഇളിഭ്യരായി മടങ്ങേണ്ടിവന്നു.

എന്റെ ഓർമയുടെ ശേഖരത്തിൽ തെളിയുന്ന അടുത്തയാൾ അമ്പിളിയാണ്. ആലപ്പുഴയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിലാണു താമസം. അമ്പിളിക്ക് ഒരു പ്രസിൽ ജോലിയുണ്ട്. തയ്യൽക്കാരനായ അച്ഛന്റെ വരുമാനംകൊണ്ട് തട്ടിമുട്ടി ആ കുടുംബം ജീവിക്കുന്നു.

അങ്ങനെയിരിക്കേ, അവളുടെ കല്യാണം തീരുമാനിക്കപ്പെട്ടു. തൊട്ടടുത്ത കരയിലാണു വരന്റെ വീട്. പേര് ശ്രീകുമാർ. പ്ലംബിങ് തൊഴിലാളി. ഇവിടെ സ്ത്രീധനമോ സ്വർണമോ ഒന്നുമായിരുന്നില്ല പ്രശ്നം.

താലികെട്ടിനു നേരമായപ്പോൾ മണവാളനതാ, കുടിച്ചു കുന്തംമറിഞ്ഞ അവസ്ഥയിൽ! താങ്ങിപ്പിടിച്ചാണ് ആളിനെ കതിർമണ്ഡപത്തിലേക്ക് എത്തിച്ചത്. താലികെട്ടാൻ പോയിട്ട് നിവർന്നിരിക്കാൻപോലുമാവുന്നില്ല.



അമ്പിളി അപ്പോൾത്തന്നെ ധീരമായ ഒരു നിലപാടെടുത്തു. താൻ ഈ വിവാഹത്തിന് ഒരുക്കമല്ല! ഭാഗ്യത്തിന് ഒട്ടുമിക്കവരും അവളെ പിന്തുണച്ചു. വരനെ തൂക്കിയെടുത്ത് വീട്ടുകാർ നിഷ്ക്രമിച്ചു. അവിടെ സന്നിഹിതനായിരുന്ന, മറ്റൊരു യുവാവ് അമ്പിളിയെ വേൾക്കാൻ തയ്യാറായി വന്നതോടെ കാര്യങ്ങൾ ശുഭപര്യവസായിയായി.

സ്ത്രീധനംമൂലം പെൺകുട്ടികൾ അനുഭവിക്കുന്ന യാതനകൾ. അവമാനങ്ങൾ... കേരളം ഇത്രയേറെ പുരോഗമിച്ചിട്ടും നമ്മുടെ ചിന്താഗതികൾ എത്ര യാഥാസ്ഥിതികം!

തങ്ങളെ പാടുപെട്ടു വളർത്തി പഠിപ്പിച്ച അച്ഛനമ്മമാരെ കടക്കെണിയിലാഴ്ത്തുന്ന, പെണ്ണിന്റെ വ്യക്തിത്വത്തെക്കാൾ പണത്തിനു പ്രാമുഖ്യം നൽകുന്ന വിവാഹങ്ങൾ വേണ്ടെന്നു നിശ്ചയിക്കാൻ എന്നാണു നമ്മുടെ പെൺകുട്ടികൾ തയ്യാറാവുന്നത്?

ഒരാളിന്റെ ജീവിതത്തിലെ എല്ലാമെല്ലാം വിവാഹമാണ് എന്ന ധാരണ തിരുത്തി, ഇഷ്ടമുള്ള തൊഴിൽ ചെയ്തു സ്വയം പര്യാപ്തരായി, സ്വതന്ത്രരായി, തലയുയർത്തിപ്പിടിച്ച്, തനിക്കും ഈ ഭൂമിയിൽ ജീവിക്കാനാവുമെന്ന് എന്നാണവർ തിരിച്ചറിയുക?

അതുപോലെ ഭർത്തൃഗൃഹത്തിൽ പീഡനമനുഭവിക്കുന്നവർ... അവർ ആത്മഹത്യയിൽ അഭയം പ്രാപിക്കുംവരെ കാത്തിരിക്കാതെ അവർക്കു വേണ്ട ധാർമിക പിന്തുണയേകാൻ വീട്ടുകാർ ഒപ്പമുണ്ടാവണം. മേല്പറഞ്ഞ മൂന്നു പെൺകുട്ടികൾക്കും അവരുടെ വീട്ടുകാരുടെ പൂർണപിന്തുണ ഉണ്ടായിരുന്നതുകൊണ്ട് അവർക്ക് തീരുമാനത്തിലുറച്ചു നിൽക്കാനും നല്ലൊരു ജീവിതം കരുപ്പിടിപ്പിക്കാനും സാധിച്ചു.

വനിതാദിനത്തിന്റെ ഭാഗമായി എത്രയോ സെമിനാറുകൾ, പ്രബന്ധങ്ങൾ, മുദ്രാവാക്യങ്ങൾ! പെൺകുട്ടികൾ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാവുകയാണ് ഏറ്റവും മുഖ്യം. ഒപ്പം, പ്രതിബന്ധങ്ങളെ നേരിടാനുള്ള ഇച്ഛാശക്തി ആർജ്ജിക്കുക. അതിജീവനത്തിന്റെ നാളുകളിൽ വീട്ടുകാരും ഉറ്റവരും തുണയായി കൂടെയുണ്ടാവട്ടെ! ■

# മാതൃദേവോ ഭവഃ



മാലതി ചേറ്റൂർ

**അ**തിപുരാതനകാലം മുതൽ ഭാരതം ഉരുക്കഴിച്ചു പോരുന്ന ഒരു മന്ത്രമുണ്ട്:

"മാതൃദേവോ ഭവഃ"– അമ്മയാണ് ഈശ്വരൻ.

ശ്രീശങ്കരഭഗവത് പാദരും ഇങ്ങനെ പറഞ്ഞു: ''ശിവഃശക്ത്യായുക്തോ യദി ഭവതി ശക്തഃ"

ശിവൻ ശക്തിയോടു ചേർന്നാൽ മാത്രമേ എന്തിനും ശക്തനാകൂ.

മാതൃപുത്രബന്ധത്തിന്റെ നിരുപമ സ്വഭാവംകൊണ്ടുതന്നെയായിരിക്കാം ഈശ്വരനെ മാതാവായി ആരാധിക്കുന്ന സമ്പ്രദായം ലോകമെമ്പാടും കാണപ്പെടുന്നത്.



ലോകത്തിലെ സർവജീവജാലങ്ങളെയും നിരീക്ഷിക്കുമ്പോൾ, ഒരു കാര്യം വ്യക്തമാകും: പ്രകൃതിയിൽ ഒരിക്കലും അപൂർണത ഉണ്ടാവാതിരിക്കാനാണ് ഈശ്വരൻ രണ്ടു തരത്തിലുള്ള ജീവജാലങ്ങൾക്കു രൂപം കൊടുത്തതെന്ന്! അർദ്ധനാരീശ്വരസങ്കല്പം.

പകുതി സ്ത്രീയും പകുതി പുരുഷനുമായ അവതാരരൂപമാണ് അർദ്ധനാരീശ്വരൻ. പാർവതീ പരമേശ്വരന്മാരുടെ അവാച്യമായ പ്രണയസാഫല്യത്തിന്റെ മൂർത്തിമദ്ഭാവമാണ് ഇത്. സ്ത്രീ – പുരുഷസമഭാവനയുടെ ദൃഷ്ടാന്തം.

തുല്യപ്രാധാന്യമെന്നത് കാലക്രമേണ പുരുഷാധിപത്യം, സ്ത്രീ അബലയാണെന്ന വാദം എന്നിവയ്ക്കു വഴിമാറിക്കൊടുത്തു. ശാരീരിക പ്രത്യേകതകൾ കാരണം സ്ത്രീ അടിമയായി. യാതൊരു പ്രതിഫലവുമില്ലാതെ, ദിവസം മുഴുവൻ ജോലി ചെയ്യുന്ന യന്ത്രം! പുരുഷനൊപ്പം യജ്ഞശാലയിൽ ഇരുന്നവൾ, പാണ്ഡിത്യത്തിൽ പുരുഷനെ പലപ്പോഴും പിന്നിലാക്കിയവൾ ഗാർഗി എന്ന വനിത, വേദകാലത്ത് യാജ്ഞവൽക്യനെ തർക്കിച്ചു തോല്പിക്കാൻ വെല്ലുവിളിച്ചിരുന്നു. ഇന്ന് സ്ത്രീ വെറും ഭോഗവസ്തു മാത്രമായി മാറി. മൃഗങ്ങളെ നാണിപ്പിക്കുന്ന ക്രൂരത ഇന്ന് എങ്ങും താണ്ഡവമാടുന്നു...

വേദകാലങ്ങളിലും അതിനു മുമ്പും സ്ത്രീക്കും പുരുഷനും സമൂഹം കല്പിച്ചുനൽകിയിരുന്ന സ്ഥാനം തുല്യമായിരുന്നു. 'എവിടെ സ്ത്രീ പൂജിക്കപ്പെടുന്നുവോ അവിടെ ദേവത കുടികൊള്ളുന്നു' എന്നെഴുതിയ മനുസ്മൃതിതന്നെ സ്ത്രീസംരക്ഷണം ഒരു സമൂഹത്തിന്റെ ബാധ്യതയായി വിവരിച്ചു.

സ്ത്രീശക്തീകരണത്തിനു മാർഗദീപമായി വനിതകളുടെ ഒരു നീണ്ട നിരതന്നെയുണ്ടെങ്കിലും ഇതിലേക്കായുള്ള ആദ്യവെളിച്ചം തെളിച്ചത് ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവായ രാജാറാം മോഹൻ റോയ് തന്നെയാണ്. തുടർന്ന്, വിവിധ കാലങ്ങളിലായി നിരവധി സാമൂഹിക പരിഷ്കർത്താക്കളും വിദ്യാഭ്യാസപ്രവർത്തകരും സമൂഹത്തിൽ സ്ത്രീകൾക്കിടയിൽ നിലനിന്നിരുന്ന പലവിധ അനാചാരങ്ങളുടെ ഉന്മൂലനത്തിനായും സ്ത്രീവിദ്യാഭ്യാസത്തിനായും അഹോരാത്രം പരിശ്രമിച്ചു. പിന്നീട് ഒറ്റയ്ക്കും കൂട്ടായും ചില സ്ത്രീമുന്നേറ്റങ്ങളുണ്ടായെങ്കിലും അവയ്ക്കൊന്നും രാജ്യവ്യാപകമായ ചലനങ്ങൾ സൃഷ്ടിക്കാനായില്ല.

കേരളത്തിൽ എല്ലാ സമുദായങ്ങളിലും വലിയ മാറ്റങ്ങൾക്കായി യത്നിച്ച മനുഷ്യസ്നേഹികൾ ഉണ്ടായിട്ടുണ്ട്.

പോരാട്ടങ്ങളിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യത്തിനുമുന്നിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിലും, ഇന്ത്യയിലൊട്ടാകെ, സ്ത്രീകൾ പൊതുനിരത്തിലൂടെ സുരക്ഷിതമായി നടക്കാനുള്ള അവകാശത്തിനായും വീടുകളിലും തൊഴിലിടങ്ങളിലും ലഭിക്കേണ്ട തുല്യനീതിക്കും അധികാരസ്ഥാനങ്ങളിൽ തുല്യ പ്രാതിനിധ്യത്തിനും ശബ്ദിക്കേണ്ടിവരുന്നു. ഇന്നും സ്ത്രീസ്വാതന്ത്ര്യം എന്താണെന്നും ആരിൽനിന്നാണ് സുരക്ഷ നേടേണ്ടതെന്നും ഏതുതരം ശക്തീകരണമാണ് ആവശ്യമെന്നും തിരിച്ചറിയാതെ പകച്ചു നിൽക്കുന്നു.

ഒരു സ്ത്രീക്ക് വിദ്യാഭ്യാസം നല്കുന്നതാണ് ഏറ്റവും വലിയ പുണ്യം – അവൾക്ക് ഒരു തലമുറയെ വാർത്തെടുക്കാൻ അതിലൂടെ കഴിയുമെന്ന് സ്വാമി വിവേകാനന്ദൻ ഓർമിപ്പിക്കുന്നു. ■

# ഞങ്ങളും ഇവിടെ ജീവിച്ചിരിക്കുന്നു



ഉമ അഭിലാഷ്

1910 ൽ ജർമനിയിലെ വനിതാ നേതാവും രാഷ്ട്രീയപ്രവർത്തകയുമായ ക്ലാരാ സെറ്റ്കിനാണ് അന്താരാഷ്ട്രതലത്തിൽ വനിതകൾക്കുവേണ്ടി ഒരു ദിനം എന്നതിന്റെ പ്രാധാന്യം ലോകത്തിനു മുമ്പിൽ ആദ്യം അവതരിപ്പിച്ചത്. 17 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിലാണ് ഇത്തരമൊരു ആശയം ഉയർന്നുവന്നത്. ആ സമ്മേളനത്തിൽത്തന്നെ അതിന് അംഗീകാരവും ലഭിച്ചു. തൊട്ടടുത്ത വർഷം 1911 ൽ അന്താരാഷ്ട്രതലത്തിൽ വനിതാദിനം ആചരിച്ചു. പിന്നീട് വർഷങ്ങൾക്കുശേഷം 1975 ലാണ് ഐക്യരാഷ്ട്രസഭ മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചത്. തുടർന്ന്, എല്ലാ വർഷവും വനിതാദിനം ആഘോഷിക്കപ്പെടുന്നു. പക്ഷേ, ഇത് ഒരു ആഘോഷമായല്ല, സ്ത്രീകളുടെ നേട്ടങ്ങളും പ്രശ്നങ്ങളും സമൂഹത്തിൽ ചർച്ച ചെയ്യാനുള്ള അവസരമായാണ് നമ്മൾ കാണേണ്ടത്.

ഇന്ത്യയിൽ ഭരണഘടനപ്രകാരം സ്വാതന്ത്ര്യത്തിനുള്ള അവകാശം എല്ലാ മനുഷ്യർക്കുമുണ്ടെങ്കിലും സ്ത്രീകൾ



അതർഹിക്കുന്നില്ലെന്നാണ് പലരുടെയും ധാരണ. സമൂഹത്തിലെ ഒരു വിഭാഗം മാത്രമല്ല ഗവൺമെന്റ് സംവിധാനങ്ങൾപോലും പലപ്പോഴും സ്ത്രീയെ ഒരു വ്യക്തിയായി കാണാൻ ശ്രമിക്കാറില്ല.

സ്ത്രീകളുടെ നിലവിലെ ജീവിതത്തിനും സമൂഹത്തിലെ സ്ഥാനത്തിനും മാറ്റങ്ങൾ വേണമെന്നും അതു കാലത്തിന്റെ ആവശ്യമാണെന്നും മനസ്സിലാക്കാൻ ഒരു ദിവസമെങ്കിലും ലോകം മാറ്റിവയ്ക്കുന്നുണ്ടെങ്കിൽ അതിനു നമ്മൾ പ്രാധാന്യം നൽകേണ്ടതുണ്ട്. സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ നേട്ടങ്ങൾ തിരിച്ചറിയുന്നതിനാണ് ഈ ദിനം എല്ലാ വർഷവും ആഘോഷിക്കപ്പെടുന്നത്. വനിതാശക്തീകരണപ്രവർത്തനങ്ങൾ നൂറു വർഷം പിന്നിടുന്ന ഈ കാലഘട്ടത്തിലും സ്ത്രീ-പുരുഷതുല്യതയെന്നത് സ്ത്രീകൾക്കു യുദ്ധം ചെയ്തു നേടേണ്ട ഒന്നായി നിലനിൽക്കുന്നു

പതിനഞ്ചു വർഷം നീണ്ട എന്റെ പൊതുപ്രവർത്തനത്തിനിടയിലും, ജോലിസംബന്ധമായും അല്ലാതെയുമുള്ള യാത്രകൾക്കിടയിലും ഞാൻ കണ്ട സ്ത്രീജീവിതങ്ങളിൽ പലതും ഒരിക്കൽക്കൂടി ഓർക്കാൻ ഇഷ്ടമില്ലാത്തതാണ്. ഒരിക്കൽ, നിലവിൽ ജോലി ചെയ്യുന്ന ബിഹാറിലുള്ള പോലീസ് സ്റ്റേഷനിൽ പോകേണ്ടിവന്നു. എന്റെകൂടെ സ്വന്തം മകളെ കാണാതായ ഒരു അച്ഛനുമുണ്ടായിരുന്നു. ഞാൻ താമസിച്ചിരുന്ന മുറിയുടെ അടുത്ത ഒറ്റമുറിയിലായിരുന്നു അയാളും ഭാര്യയും ഒരു പെൺകുട്ടിയും രണ്ട് ആൺകുട്ടികളും അടങ്ങുന്ന കുടുംബം താമസിച്ചിരുന്നത്. അയാൾ ജോലി ചെയ്തിരുന്നത് ജാർഖണ്ഡിലായിരുന്നു. മാസത്തിൽ ഒരു തവണ ആ മനുഷ്യൻ വന്നുപോകും. ഒരു ചെറിയ മുറിയിൽ ഇവരെല്ലാവരുംകൂടി താമസിക്കുന്നതും ഭക്ഷണം പാചകം ചെയ്യുന്നതും കാണുമ്പോൾ, ചില ജീവിതങ്ങൾ ഇങ്ങനെയും കൂടിയാണല്ലോ എന്നോർക്കുമായിരുന്നു. ആ പെൺകുട്ടിയെയാണു കാണാതായത്. അവളെ കണ്ടെത്തിത്തരണമെന്നു പറയാനാണ് ഞാനും ആ അച്ഛനും സ്റ്റേഷനിൽ പോയത്.

പോലീസ് ആ അച്ഛൻ പറയുന്നതെല്ലാം കേട്ടുനിന്ന ശേഷം പതുക്കെ അയാളോടു പറഞ്ഞു, കേസ് ചാർജ് ചെയ്യണമെങ്കിൽ ഇരുപതിനായിരം രൂപ നൽകണമെന്ന്. അതു ചോദ്യം ചെയ്ത എന്നോട്, 'നിങ്ങൾക്ക് ഇവിടെ നടക്കുന്നതൊന്നും അറിയില്ലെന്നും പെൺകുട്ടി കാമുകന്റെകൂടെ ഒളിച്ചോടിയതാണെന്നും കുറച്ചു ദിവസങ്ങൾ കഴിയുമ്പോൾ തിരിച്ചുവരുമെന്നും ഒരു വഷളൻ ചിരിയോടെയുള്ള മറുപടിയാണ് അയാൾ പറഞ്ഞത്. പിന്നീടു മനസ്സിലായി, പെൺകുട്ടികൾ അപ്രത്യക്ഷരാകുന്നത് സാധാരണ കാര്യമായി ഇവിടങ്ങളിലെ മനുഷ്യരുടെ ജീവിതത്തിൽ മാറിയിട്ട് കാലങ്ങളായെന്ന്. കാണാതാകുന്ന പെൺകുട്ടികൾ കൊൽക്കത്തയിലോ മറ്റു മഹാനഗരങ്ങളെവിടെയങ്കിലുമോ ഏതെങ്കിലും തെരുവുകളിൽ ഉണ്ടാകാം. അവരിൽ ചിലർ തിരിച്ചുവരും. പലരും പുതിയ ജീവിതത്തോടു പൊരുത്തപ്പെടും, എന്നിട്ട് ജീവിതം മുഴുവൻ ആ അഴുക്കുചാലിൽ തീർക്കും. മാസങ്ങൾക്കുശേഷം, കാണാതായ ഈ പെൺകുട്ടിയും തിരിച്ചുവന്നു. മുഴുവൻ സമയവും ചിരിച്ചുകൊണ്ടു നടന്നിരുന്ന പഴയ പത്താം ക്ലാസ്സുകാരിയായിട്ടല്ല; ഒരു ജീവിതം മുഴുവൻ അനുഭവക്കേണ്ടത് ഒരുമിച്ച് അനുഭവിച്ചെന്ന മുഖഭാവമുള്ള ഒരു മുതിർന്ന സ്ത്രീയായിട്ട്. ഒന്നും ചോദിക്കാൻ തോന്നിയില്ല. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ പെൺകുട്ടിയെയുംകൂട്ടി ആ കുടുംബം എങ്ങോട്ടോ അപ്രത്യക്ഷമായി.

ഇതുമാത്രമാണോ ഓർമയിലുള്ളത്? അല്ല, ആണിനെ പ്രസവിക്കുംവരെ ഒരു യന്ത്രംപോലെ പ്രസവിക്കേണ്ടിവരുന്ന സ്ത്രീകൾ, ആഴ്ചയിൽ ഏഴു ദിവസവും വ്രതമെടുത്തു ഭർത്താവിന്റെ ആയുസ്സ് ഉറപ്പാക്കുന്നവൾ, മക്കൾ സ്ത്രീയുടെ മാത്രം ഉത്തരവാദിത്വമാണെന്ന് ആരോ പറഞ്ഞുവച്ചത് വിശ്വസിച്ചു ജീവിതം മുഴുവൻ ഒരു മുറിയിൽ തീർക്കുന്നവൾ, പഠിച്ചു ജോലി നേടേണ്ടത് സ്ത്രീകളല്ല എന്നു വിശ്വസിക്കുന്നവർ, പഠിക്കേണ്ട പ്രായത്തിൽ വിവാഹം കഴിച്ചു ജീവിതം കുഞ്ഞുചുമലിലേക്കു മാറ്റിയവൾ. അങ്ങനെ പേരുകൾപോലും ആവശ്യമില്ലാത്ത എത്രയോ മുഖങ്ങൾ, ജീവിതങ്ങൾ. ഇതൊക്കെ ഉത്തരേന്ത്യയിലെ കഥകളല്ലേയെന്ന് പുച്ഛിച്ചുതള്ളാൻ വരട്ടെ. ഇന്നും സ്ത്രീകൾക്കുണ്ടാകുന്ന ശരീരത്തിന്റെ ജൈവികപ്രവർത്തനമായ ആർത്തവത്തെപ്പോലും അശുദ്ധിയെന്നു പറഞ്ഞു മാറ്റി നിർത്തുന്നവരാണ് പ്രബുദ്ധരായ മലയാളികൾ. മാറ്റങ്ങൾ ഇല്ലായെന്നല്ല, എന്നാലും സ്ത്രീകൾക്കു നേരേയുണ്ടാകുന്ന അതിക്രമങ്ങൾ റിപ്പോർട്ടുചെയ്യാൻ അധികാരികളുടെ അടുത്തേക്കു പോകുമ്പോൾപ്പോലും ഇതിലൊക്കെ എന്തു കാര്യമിരിക്കുന്നു എന്നുള്ള ഉദ്യോഗസ്ഥരുടെ അനാസ്ഥ കണ്ട് അന്ധാളിച്ചുപോയ അവസരങ്ങൾ ധാരാളമുണ്ട്. സ്വന്തം സ്വപ്നങ്ങളോ ജീവിതമോ എന്തെന്നുപോലും തിരിച്ചറിയാത്ത സ്ത്രീകൾ!

ഇന്ത്യയിൽ എവിടെയായാലും സ്ത്രീകളുടെ ജീവിതത്തിന് ഒരേ ഒഴുക്കാണ്, ഒരേ വേദനയാണ്. ആരുടെയും കാരുണ്യത്തിൽ ജീവിക്കേണ്ടവരല്ല എന്നതിനൊപ്പം ആരാലും ആക്രമിക്കപ്പെടാനുമുള്ളവരല്ല എന്നൊരു ബോധം എന്നാണു സ്ത്രീകളിലേക്ക് എത്തുക?

ഇരുപതാം നൂറ്റാണ്ട് രണ്ടു ദശകം പിന്നിട്ടിട്ടും ഇന്നും സ്ത്രീകൾ സംസാരിക്കേണ്ടി വരുന്നത് അടിസ്ഥാനാവശ്യങ്ങൾക്കുവേണ്ടിയാണല്ലോയെന്ന് നാണക്കേടോടെ ചിന്തിക്കേണ്ടിയിരിക്കുന്നു. അങ്ങനെയൊരു രാജ്യത്ത്, ഞങ്ങളും ജീവിച്ചിരിക്കുന്നു എന്നും സ്ത്രീകളുടെ നേട്ടങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതുണ്ടെന്നും ലോകത്തോടു വിളിച്ചുപറയാൻ ഒരു ദിവസം ഉണ്ടായിരിക്കുന്നതു പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതു മാത്രമല്ല വളർന്നുവരുന്ന പെൺകുട്ടികളിൽ ധൈര്യവും നിശ്ചയദാർഢ്യവും വാർത്തെടുക്കാനും ഇത്തരം അവസരങ്ങൾ ഉപകാരപ്പെടുകതന്നെ ചെയ്യും. സ്ത്രീകളുടെ അവകാശങ്ങൾ, ലിംഗസമത്വം, സുരക്ഷ, എല്ലാ തരത്തിലുമുള്ള ഉപദ്രവങ്ങൾ തടയൽ തുടങ്ങിയവയെക്കുറിച്ച് ആളുകളെ ബോധവാന്മാരാക്കൽ എന്നിവകൂടി ഈ ദിനം ആചരിക്കുന്നതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കൂടുതൽ ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടാൻ, അസമത്വങ്ങളെ ഇല്ലായ്മ ചെയ്യാൻ വളർന്നു വരുന്ന പെൺകുഞ്ഞുങ്ങൾക്കെങ്കിലും കഴിയട്ടെ.

■

# കണക്കെഴുതാത്താളിലെ കവിതാശകലങ്ങൾ



രാധാമണി രാജ്

ഒരു സ്ത്രീജീവിതത്തിന്റെ ഊടുപാവുകൾ ഓരോരോ നിറങ്ങൾ ചാലിച്ചും ചേർത്തും എന്നോടൊപ്പമുണ്ട്. ഒറ്റപ്പെട്ടുപോയതിന്റെ ആധിയും അങ്കലാപ്പുമൊക്കെയായി മനമിടറി ചിന്തിച്ചു നടന്ന നാളുകൾ... എന്നിട്ടും ഒറ്റയ്ക്കു തുഴയുന്ന ഒരു വഞ്ചിയിൽ അതിന്റെ അമരത്തിരുന്ന് വല്ലവിധേനയുമൊക്കെ തുഴയെറിയുന്നു. കാറ്റിലും പേമാരിയിലും ഓളങ്ങളിലും പെട്ട് വല്ലാതെ ആടിയുലയുമ്പോഴും....

ഇതിനുള്ള മനസ്സാന്നിധ്യം എനിക്കു കിട്ടിയത് എന്റെ അമ്മയടക്കം എന്റെ ചുറ്റുവട്ടത്തുള്ള പല അമ്മമാരിൽനിന്നും ചേച്ചിമാരിൽനിന്നുമാണ്. "ഒപ്പത്തിനൊപ്പം പണിയെടുത്താലും തല്ലും കൊട്ടും മിച്ചം." ചെറുപ്പംമുതൽ ഞാൻ കേട്ടിട്ടുള്ള ഒരു സങ്കടവാക്കാണിത്. അതിന്റെയർത്ഥം അന്നെനിക്കറിയുമായിരുന്നില്ല. ഒരു പെണ്ണിന്റെ കണ്ണീരും കിനാവും ചാലിച്ചു ചേർത്താണ് ആ വരികൾ പലരും പറഞ്ഞിട്ടുള്ളതെന്നു മനസ്സിലാക്കാൻ കാലമേറെ വേണ്ടിവന്നു.

എന്റെ അച്ഛൻ അടുക്കളജോലിയൊഴിച്ച് ബാക്കി എല്ലാ ജോലികളിലും അമ്മയെ സഹായിക്കുന്ന ഒരാ



ളായിരുന്നു. അവർ രണ്ടാളും ഒത്തൊരുമിച്ചു കഷ്ടപ്പെട്ടിരുന്നത് ഒരു നല്ല നാളെയെ ഉണ്ടാക്കിയെടുക്കാനായിരുന്നു. അച്ഛനെപ്പോഴും അമ്മയുടെ അഭിപ്രായങ്ങളെ മാനിക്കുകയും വിലമതിക്കുകയും ചെയ്യുന്നത് ഞാൻ കണ്ടറിഞ്ഞിട്ടുണ്ട്. അതിന്റേതായ നന്മകൾ ജീവിതത്തിലും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്നതാണു സത്യം.

അമ്മച്ചി പഴയ നാലാം ക്ലാസ്സ് ജയിച്ച ആളായിരുന്നെങ്കിലും തുടർന്നു പഠിക്കാൻ കഴിയാതെപോയത് പെണ്ണായിപ്പോയി എന്ന ഒറ്റക്കാരണത്താലാണ്. എന്നാൽ, പത്രമടക്കം കൈയിൽ കിട്ടുന്നതെന്തും വായിച്ചുകൊണ്ട് അമ്മച്ചി തന്റെ അറിവു വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണ് അക്കാലത്ത് ചുറ്റുവട്ടത്തുള്ളവരെ കൂട്ടിച്ചേർത്ത് നാല്പതിലേറെ വർഷങ്ങൾ ചിട്ടി നടത്താനായത്. അക്കാലത്ത് നാട്ടിൽ ചെറിയ ചിട്ടി നടത്തുന്ന മറ്റാരുംതന്നെ ഉണ്ടായിരുന്നില്ല. മാത്രമല്ല, ചിട്ടിയുടെ എല്ലാ കണക്കുകളും ഒരു ബുക്കിൽ ഓരോരുത്തരുടെ പേരിൽ ഭംഗിയായി കളങ്ങൾ വരച്ച് ഓരോ മാസത്തിന്റെയും പേരുമെഴുതി സൂക്ഷിക്കുകയും ചെയ്തിരുന്നു. കൂടാതെ, ചിട്ടിബുക്കിന്റെ കണക്കെഴുതാത്താളുകളിൽ കവിതാശകലങ്ങളും കഥാവരികളും ചില പാട്ടുകളുമൊക്കെ എഴുതിയിട്ടുണ്ടായിരുന്നു. ഒരുപക്ഷേ, അതിന്റെ ഒരു വാങ്ങലാവാം മകനായ എം.ആർ. രേണുകുമാറെന്ന ചിത്രകാരനും കവിയും ചെറിയ എഴുത്തുകാരിയുമായ അവന്റെ ചേച്ചിയും.

ഒരു സ്ത്രീ, അവളർഹിക്കുന്ന മാന്യതയും കരുതലും സ്നേഹവും ലഭിക്കാതെ, ഉപദ്രവിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്തതിന്റെ പേരിൽ സ്വയം മരണത്തെ തിരഞ്ഞെടുക്കുന്നതും മരണശേഷം കുടുംബാംഗങ്ങൾ അവളുടെ വിലയെന്തെന്നു തിരിച്ചറിയുന്നതും കണ്ടിട്ടുണ്ട്. ജീവിതത്തിന്റെ മുന്നിലവൾക്ക് പിടിച്ചുനില്ക്കാനായില്ലല്ലോ എന്നു വേദനിക്കുമ്പോഴും ഓരോ സ്ത്രീയോടും എനിക്കു പറയാനുള്ളത് തോറ്റുകൊടുക്കൽ കഠിനമാണങ്കിലും എളുപ്പമാണത്. അതികഠിനമാണങ്കിലും നമ്മുടെ കുഞ്ഞുജീവിതം സന്തോഷത്തോടെതന്നെ ജീവിച്ചുതീർക്കണം. അതാണ് ഓരോ പെണ്ണിനോടും എനിക്കു സ്നേഹത്തോടെ പറയാനുള്ളത്. ■

# കെ.വി. ദയാൽ
# കാടില്ലാജില്ലയിലെ കാട്ടുരാജാവ്

29
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

കേരളസംസ്ഥാനത്ത് കാടില്ലാത്ത ഒരേയൊരു ജില്ലയാണ് ആലപ്പുഴ. ആലപ്പുഴയിലെ പഞ്ചസാരമണലിൽ മൂന്നര ശതാബ്ദങ്ങൾക്കുമുമ്പു തനിക്കു സ്വന്തമായുണ്ടായിരുന്ന ഒന്നരയേക്കർ സ്ഥലം മുഴുവൻ കാടാക്കി മാറ്റിയ അതുല്യപ്രതിഭയാണ് കെ.വി. ദയാൽ എന്ന പരിസ്ഥിതിസ്നേഹി. 'ഫോറസ്റ്റ് മാൻ ഓഫ് കേരള' എന്ന വിളിപ്പേരിലറിയപ്പെടുന്ന ദയാൽസാർ സാന്ദ്രമായി പങ്കുവയ്ക്കുന്ന കാട്ടറിവുകളും നാട്ടറിവുകളും കേൾവിക്കാരുടെ മനസ്സിൽ മഞ്ഞുവീഴുന്ന അനുഭവമാണ്. ശാസ്ത്രീയാടിത്തറയിലൂന്നിയ പഠനങ്ങളും ഗവേഷണങ്ങളും ആത്മാർത്ഥതയോടെയുള്ള കാർഷികപ്രവർത്തനങ്ങളും ചാരുതയാർന്ന അദ്ദേഹത്തിന്റെ സ്വപ്നങ്ങളുമെല്ലാം വരുംതലമുറകൾക്കു പരിസ്ഥിതി അവബോധത്തിന്റെ ശ്രീകോവിലായിത്തീരുമെന്നതിൽ സംശയമില്ല. ശ്രീകോവിലെന്ന അദ്ദേഹത്തിന്റെ വീട്ടുപേരും ഇത് അന്വർത്ഥമാക്കുന്നു.

ആലപ്പുഴ ജില്ലയിലെ മുഹമ്മയിൽ കായിപ്പുറത്തു ജനിച്ച ദയാലിന്റെ ബാല്യകൗമാരങ്ങളിൽ ഏറിയ സമയവും അപഹരിച്ചിരുന്നതു കൃഷിയിടങ്ങളായിരുന്നു. പിന്നീട് എ.കോം പഠനമെല്ലാം കഴിഞ്ഞ് കയർ ഫാക്ടറി നടത്തുമ്പോഴും കുഞ്ഞുന്നാളിൽത്തന്നെ ഉള്ളിൽ വീണ പരിസ്ഥിതിസ്നേഹത്തിന്റെ വിത്തു മുളവച്ചു വളർന്നുവരുന്നുണ്ടായിരുന്നു. അതിന് ഊടും പാവും നൽകിയത് ജപ്പാനിലെ കാർഷികാചാര്യനായിരുന്ന മസനോബു ഫുക്കുവൊക്കെയുടെ നാച്ചുറൽ ഫാമിങ്ങിനെക്കുറിച്ചുള്ള പുസ്തകങ്ങളുടെ വായനയും. പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും സ്വന്തം കൃഷിയിടത്തിലെ തെങ്ങുകൃഷി വിജയകരമാക്കാൻ സാധിക്കാതെ വന്നപ്പോൾ ദയാൽ ആശ്രയിച്ചത് ഫുക്കുവൊക്കെയുടെ കൃഷിരീതിയാണ്. ഫുക്കുവൊക്കെയുടെ കൃഷിരീതിയിലെ വീടിനുചുറ്റും മരങ്ങൾ വച്ചുപിടിപ്പിക്കുകയെന്ന ആശയം പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങളാരംഭിച്ചു. ആ സമയത്താണ് 1986 ൽ കാസർകോഡ് കോട്ടൻചേരി കാട്ടിൽവച്ചു നടന്ന നേച്ചർ ക്യാംപിൽ ദയാലും മക്കളും പങ്കെടുത്തത്. ഒരേ ഭൂമി ഒരേ ജീവൻ പ്രസ്ഥാനത്തിനു തുടക്കംകുറിച്ച പ്രഫസർ ജോൺസി ജേക്കബായിരുന്നു നേതൃത്വം. ഈ നേച്ചർ ക്യാമ്പിലൂടെ പകർന്നുകിട്ടിയ അനുഭവങ്ങളാണ് പിന്നീടുള്ള എല്ലാ പരിസ്ഥിതിപ്രവർത്തനങ്ങൾക്കും ദയാലിന് ഊർജവും വളവുമായി മാറിയത്. തൊഴിലിടങ്ങളുടെയും ക്ലാസ്റൂമുകളുടെയും നാലു ചുവരുകൾക്കുമപ്പുറം നടത്തപ്പെടുന്ന ഇത്തരം പ്രകൃതിസഹവാസക്യാമ്പുകളും യാത്രകളും സംവാദങ്ങളുമാണ് ഭൂമിയെ യഥാർത്ഥത്തിൽ ഹരിതാഭമാക്കാൻ സഹായിക്കുകയെന്നത് ഇക്കാലത്തും ഓർമിക്കപ്പെടേണ്ടതാണ്. ജോൺസിമാഷിനോടൊപ്പം നിരവധി പരിസ്ഥിതിപ്രവർത്തനങ്ങളിൽ പിന്നീടു പങ്കാളിയാകാനും വേമ്പനാട് നേച്ചർ ക്ലബിനു തുടക്കംകുറിക്കാനും സാധിച്ചു. ജോൺസിയോടും സി. ആർ. വർമയോടുമൊപ്പം നടത്തിയ ഒട്ടനവധി വനയാത്രകൾ അവസാനിച്ചതു കാടിനോടുള്ള കടുത്ത പ്രണയത്തിലായിരുന്നു. പിന്നീടങ്ങോട്ട് എല്ലാ മാസവും കാട്ടിലേക്കുള്ള യാത്ര പതിവായി. ഇത്തരത്തിലുള്ളൊരു കാട് തന്റെ ജില്ലയിലും ഉണ്ടാകണമെന്നൊരാഗ്രഹം മനസ്സിൽ മൊട്ടിട്ടു. തെങ്ങുപോലും നന്നായി ഉണ്ടാകാത്ത പഞ്ചാരമണ്ണിൽ അതത്ര എളുപ്പമായിരുന്നില്ല. എന്നിരിക്കിലും തന്റെ പുരയിടത്തിൽ ധാരാളം മരങ്ങൾവച്ചു പിടിപ്പിച്ചുകൊണ്ടിരുന്നു. ആവാസവ്യവസ്ഥയുടെ സ്വാഭാവികമായ പരിവർത്തനത്തിനായി ക്ഷമയോടെ കാത്തിരിക്കുകയും ചെയ്തു. കാലക്രമത്തിൽ ഒരു ഇക്കോസിസ്റ്റം രൂപപ്പെട്ടുവന്നു. കാണുക മാത്രമല്ല, കണ്ടറിഞ്ഞ അറിവുകൾ ആവേശത്തോടെ മറ്റുള്ളവർക്കു പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. കായിപ്പുറത്തെ മണ്ണിനും കാലാവസ്ഥയ്ക്കും ഒന്നരയേക്കറിൽ മാറ്റമുണ്ടായത് ആളുകൾക്കു കൗതുകമായി. ഇന്നു ലോകത്തിനുതന്നെ മാതൃകയും അദ്ഭുതവുമാണ് പഞ്ചസാരമണലിൽ തീർത്ത ദയാലിന്റെ വശ്യമനോഹരമായ കാട്. മുന്നൂറിലധികം വ്യത്യസ്ത വലിയ മരങ്ങളും രണ്ടു കുളങ്ങളും ആയിരത്തിലധികം സ്പീഷിസുകളും സഹവർത്തിത്വത്തോടെ കഴിയുന്ന ഭൂമിയിലെ സ്വർഗം. കേരളത്തിന്റെ വനഭൂപടത്തിൽ കാടില്ലാതിരുന്നൊരു ജില്ലയ്ക്ക് കാടു സമ്മാനിച്ച വനപുരുഷനു വന്ദനം.



ഇവിടംകൊണ്ടവസാനിക്കുന്നില്ല ദയാൽസാറിന്റെ പരിസ്ഥിതിപ്രവർത്തനങ്ങൾ. അഭൂതപൂർവമായ ഈ വിജയം അദ്ദേഹത്തിന്റെ സ്വപ്നങ്ങൾക്കു ചിറകുകൾ നൽകി. ഭക്ഷണം വിളയുന്ന കാടിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഏതാണ്ടു വിജയത്തിലെത്തിനിൽക്കുന്നു. കോടമഞ്ഞു പെയ്യുന്ന കാടിനുവേണ്ടിയുള്ള കാത്തിരിപ്പിലാണിപ്പോൾ. ഇതിനിടയിൽ ഭൂമിയിൽ ചവിട്ടിനടക്കുന്ന, മണ്ണിന്റെ മണമുള്ള കർഷകരുടെ ആകുലതകളും ബുദ്ധിമുട്ടുകളും ആത്മഹത്യകളും ദയാലിന്റെ മനസ്സിനു വേദനയായി. ജോൺസി തുടക്കമിട്ട ജൈവകർഷകസമിതിയുടെ കൺവീനറായി പ്രവർത്തനങ്ങൾ തുടങ്ങി. കർഷകക്കൂട്ടായ്മകൾ വിളിച്ചുകൂട്ടി. കാർഷികപ്രശ്നങ്ങളും കർഷകരുടെ പ്രശ്നങ്ങളും രണ്ടും രണ്ടാണെന്നു തിരിച്ചറിഞ്ഞു. ആധുനികകൃഷിസങ്കേതങ്ങളുടെ ആശയങ്ങളിൽനിന്നു വഴിമാറി സഞ്ചരിക്കാൻ അതു പ്രേരണയായി. മണ്ണാണു ജീവനെന്നും മണ്ണിൽ കനകം തീർക്കാൻ വിത്തല്ല ഹൈബ്രിഡ് ആക്കേണ്ടത് മണ്ണാണെന്നും അസന്ദിഗ്ധമായി പ്രഖ്യാപിക്കാനുള്ള ചങ്കൂറ്റം കാണിച്ചു. വിത്തു ഗുണത്തിൽ പത്തു ഗുണമുണ്ടെങ്കിലും പത്തരമാറ്റു കിട്ടണമെങ്കിൽ മണ്ണ് വിഷലിപ്തമാക്കാതെ പോഷകസമ്പുഷ്ടമാക്കണമെന്നു വാദിച്ചു തെളിയിച്ചു. ഫലമോ, ദയാലിന്റെ ആശയങ്ങൾ വരുംതലമുറകൾക്ക് ഔപചാരികമായി നൽകാനും സംരക്ഷിക്കാനും മഹാത്മാ ഗാന്ധി സർവകലാശാല മുന്നോട്ടു വന്നു. 2011 ൽ എ.ജി. യൂണിവേഴ്സിറ്റി ഓർഗാനിക് ഫാമിങ് സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. കോഴ്സിന്റെ സിലബസ് ഉണ്ടാക്കാനുള്ള കമ്മിറ്റിയിൽ അദ്ദേഹത്തിന്റെ നിർദേശപ്രകാരം, ലോകത്തുതന്നെ ആദ്യമായി ഒരു കർഷകനെ ഉൾപ്പെടുത്തി. വിദ്യാഭ്യാസമേഖലയിൽ നടന്ന ഈ നൂതനവിപ്ലവം ഒരാഘോഷമാക്കുന്നതിൽ നാം പിന്നിലായിപ്പോയി.

മണ്ണിനോടുള്ള മമത മറന്ന മനുഷ്യനെ മണ്ണുമായുള്ള പ്രണയത്തിലേക്കു തിരിച്ചുകൊണ്ടുവരാനായി എന്നതായിരിക്കും ദയാലിന്റെ ഏറ്റവും വലിയ സംതൃപ്തി. ജൈവകൃഷിയിൽ ആഭിമുഖ്യമുണ്ടായിരുന്ന സ്പൈസസ് പ്രൊഡ്യൂസർ കമ്പനിയിലെ (SPC) 45 ഉദ്യോഗസ്ഥർ എം.ജി. യൂണിവേഴ്സിറ്റിയിൽ വന്ന് സർട്ടിഫിക്കറ്റ് കോഴ്സിൽ പങ്കെടുക്കുകയും ജൈവകൃഷിയുടെ പ്രചാരകരായി മാറുകയും ചെയ്തു.

സൗരോർജത്തെ പച്ചപ്പുകൊണ്ടു പിടിച്ചെടുത്ത്, മണ്ണിലെത്തിക്കുക എന്നതാണ് ദയാലിന്റെ ടെക്നോളജി. മണ്ണിലെത്തുന്ന സൗരോർജമാണ് മണ്ണിന്റെ ജീവനെന്ന് അദ്ദേഹം പറയുന്നു. ഭക്ഷണമോ, പുനരാവിഷ്കരിക്കപ്പെട്ട സൗരോർജവും! രോഗത്തെക്കുറിച്ചും വ്യക്തമായ ധാരണയുള്ളയാളാണ് ദയാൽ. ഇന്ത്യയിൽ ആരോഗ്യരംഗത്ത് നാം ഒന്നാം സ്ഥാനത്തെത്തുന്നതിനെ തെല്ലു പരിഹാസത്തോടെയാണ് ദയാൽ കാണുന്നത്. ആരോഗ്യകേന്ദ്രങ്ങളുടെ എണ്ണത്തിലും വലുപ്പത്തിലും അതു ശരിയെങ്കിലും ആരോഗ്യത്തിന്റെ കാര്യത്തിൽ സ്ഥിതി ശോചനീയമെന്നദ്ദേഹം സമർത്ഥിക്കുന്നു. എല്ലാ വീട്ടിലും സ്ഥായിയായ ഒരു രോഗമെങ്കിലുമുള്ളപ്പോൾ ആരോഗ്യത്തിൽ നാം മുമ്പിലെന്ന് എങ്ങനെ പറയാനാകും? പ്രതിവിധിയും പറഞ്ഞുതരുന്നുണ്ട്. സ്വന്തം ശരീരത്തെ സ്നേഹിക്കുകയും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്താൽ മതിയത്രേ! മാലിന്യനിർമാർജനം ആദ്യം ആരംഭിക്കേണ്ടത് ശരീരത്തിലും മനസ്സിലുമാണെന്ന് അദ്ദേഹം പറയുന്നു. പോഷകസമൃദ്ധമായ ഭക്ഷണമാണ് എല്ലാറ്റിനും പ്രതിവിധി. അതു സാധ്യമാകുന്നത് സമ്പൂർണജൈവകൃഷിയിലൂടെ മാത്രവും. വിത്തുവിതരണമെന്ന മനുഷ്യനിയോഗത്തിലേക്കുള്ള നിതാന്തമായ ആഹ്വാനമാണ് അദ്ദേഹത്തിന്റെ പ്രബോധനങ്ങളിൽ നിഴലിക്കുന്നത്. ജീവിതത്തിനായി പഠിപ്പിക്കുന്ന വിദ്യാഭ്യാസം വിട്ട് ജീവിതം പഠിപ്പിക്കുന്ന വിദ്യ അഭ്യസിക്കണമെന്നു സാരം. പട്ടിണിയില്ലാത്ത, പട്ടാളമില്ലാത്ത, അതിരുകളില്ലാത്ത ഒരു സമൂഹത്തെക്കുറിച്ചുള്ള സ്വപ്നങ്ങളുമായി ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഒരു മനുഷ്യനിവിടെ സർഗാത്മകമായി സഞ്ചരിക്കുന്നു എന്നത് പുണ്യമാണ്.

ആഡംബരമനുഷ്യനിൽനിന്ന് ആനന്ദമനുഷ്യനിലേക്കുള്ള പരിവർത്തനം ലക്ഷ്യമാക്കി കുട്ടികൾക്കു പാഠശാലയും മുതിർന്നവർക്കു വാനപ്രസ്ഥവും സനാതനചികിത്സയുമൊക്കെയായി 75-ാം വയസിലും കർമനിരതനാകുന്ന ദയാൽമാഷ്. സ്വന്തം ബിസിനസായ കയർ എക്സ്പോർട്ട് മക്കളെ ഏല്പിച്ച് മുഴുവൻസമയ പരിസ്ഥിതിപ്രവർത്തനങ്ങളിലൂടെ ജീവിതത്തെ ആഘോഷമാക്കുകയാണ് ദയാൽ. ■

## അന്തർദേശീയ യുവശാസ്ത്രപുരസ്കാരം



ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന VD GOOD Technology Factory ഏർപ്പെടുത്തിയ യുവശാസ്ത്ര അവാർഡിന് അർഹയായ സിസ്റ്റർ ഡോ. ജിഷ വർഗീസ് എസ്.എച്ച്. കോതനല്ലൂർ ഇമ്മാനുവൽസ് ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് അധ്യാപികയും തിരുഹൃദയസന്ന്യാസിനീ സമൂഹം പാലാ പ്രൊവിൻസ് അംഗവുമാണ്. ശാന്തിപുരം മൂപ്പനത്ത് വർഗീസിന്റെയും ഫിലോമിനയുടെയും മകളാണ്.

**ക**രുവാൻ മാണിക്കന്റെ ആലയിൽനിന്നാണ് നീലകണ്ഠന്റെ പ്രഭാതസവാരി ആരംഭിക്കുക. മാണിക്കൻ നീലകണ്ഠന്റെ മിത്രമാണ്. കുമരനാകട്ടെ മിത്രവും ബന്ധുവും സന്തതസഹചാരിയുമാണ്. പക്ഷേ, കുമരനോടുള്ളതിൽ അല്പം പ്രിയക്കൂടുതലുണ്ട് മാണിക്കനോട് നീലകണ്ഠന്.

നീലകണ്ഠന് കരുവാൻമാണിക്കനോടുള്ള സൗഹൃദം പലരെയും അദ്ഭുതപ്പെടുത്തുന്നുണ്ട്. നട്ടാലത്തുള്ള പലരെയും എന്നപോലെ മരുതുകുളങ്ങരത്തറവാട്ടിലുള്ളവരെയും.

നീലകണ്ഠൻ വിദ്യാസമ്പന്നൻ. മേൽജാതിയിൽപ്പെട്ടവൻ. നാടാകെ ആദരിക്കപ്പെടുന്നവൻ. അനവധിയായ സ്വത്തുവകകൾക്കവകാശി.

മാണിക്കൻ കരുവാൻകരിമാണ്ടിയുടെയും നീലച്ചിയുടെയും മകൻ. കൊല്ലപ്പണിക്കാരൻ.

കുമരനു വിദ്യാഭ്യാസമുണ്ട്. തമിഴും മലയാളവും കുറച്ചു സംസ്കൃതവും പഠിച്ചിട്ടുണ്ട്. കാവ്യങ്ങളിൽ ചിലതും.

മാണിക്കന് അക്ഷരാഭ്യാസമില്ല. എഴുത്തും വായനയും വശമില്ല. കുമരന് ആയുധവിദ്യകളറിയാം. നീലകണ്ഠനോടൊപ്പം കളരിമുറകൾ അഭ്യസിച്ചവനാണ്. മാണിക്കന് അതൊന്നുമറിയില്ല.

പക്ഷേ, മാണിക്കന് ആയുധങ്ങളുണ്ടാക്കാനറിയാം. ഉലയൂതിപ്പഴുപ്പിച്ചെടുത്ത കാരിരുമ്പുദണ്ഡുകൾ ആലയിലെ അടകല്ലിൽ ആയുധങ്ങളായി രൂപപ്പെടുന്നത് ഒരു മാന്ത്രികവിദ്യകൊണ്ടെന്നപോലെയാണ്.

ഇരുതലമൂർച്ചയുള്ള കരവാളും കഠാരയും ഉറുമിയും രാകിപതം കൂട്ടിത്തന്നാൽ കരിങ്കല്ലിനെയും പിളർക്കാം. അത്രയ്ക്കുണ്ട് മാണിക്കന്റെ നിർമ്മാണചാതുരി. ആയുധനിർമാണത്തിൽ മാണിക്കൻ അപ്പൻ കരുമാണ്ടിയെപ്പോലെതന്നെ. ഒരർത്ഥത്തിൽ അപ്പനെക്കാൾ മിടുക്കൻ.

മരുതുകുളങ്ങരയിലുള്ള നീലകണ്ഠന്റെ കളരിയിലേക്കുള്ള ആയുധങ്ങൾ പണിതുകൊടുക്കുന്നത് മാണിക്കനാണ്. പത്മനാഭപുരം കൊട്ടാരത്തിന്റെ ആയുധങ്ങൾ പണിതുതുടങ്ങിയത് അപ്പൻ കരുമാണ്ടിക്കരുവാനാണ്. അത് മാർത്താണ്ഡവർമയുടെ ഭരണകാലമായിരുന്നു.

ഇരുപത്തിമൂന്നാം വയസ്സിൽ തിരുവിതാംകൂറിന്റെ ഭരണസാരഥ്യമേറ്റെടുത്ത മാർത്താണ്ഡവർമ ആദ്യം ചെയ്തത് തിരുവിതാംകൂറിൽ സ്വേച്ഛാധികാരത്തോടെ വാണിരുന്ന പിള്ളമാരെയും യോഗക്കാരെയും മുൻരാജാവിന്റെ പുത്രന്മാരെയും അമർച്ച ചെയ്യുക എന്നതായിരുന്നു. തന്നിഷ്ടംപോലെ പ്രവർത്തിച്ചിരുന്ന തമ്പിമാർക്കും പിള്ളമാർക്കും മധുരനായ്ക്കൻപടയുടെ സഹായമുണ്ടായിരുന്നു.

ബുദ്ധിമാനും നയജ്ഞനുമായിരുന്ന മാർത്താണ്ഡവർമ മധുരനായ്ക്കൻപട്ടാളത്തിന്റെ തലവനെ കോഴ കൊടുത്തു വശത്താക്കി. മധുരപ്പടയുടെ ഒരു വിഭാഗത്തെ മാർത്താണ്ഡവർമയുടെ സഹായത്തിനായി വിട്ടുകൊടുത്തിട്ട് മധുരപ്പട്ടാളത്തലവൻ മടങ്ങിപ്പോയി.

മഹാരാജാവിനെതിരേ ഗൂഢാലോചന നടത്തിയിരുന്ന തമ്പിമാർ തിരുവിതാംകൂർ സൈന്യത്താൽ വധിക്കപ്പെട്ടു. നാലു പോറ്റിമാർ നാടു കടത്തപ്പെട്ടു. എല്ലാവരുടെയും സ്വത്തുക്കൾ പൊതുഖജനാവിലേക്കു കണ്ടുകെട്ടി. അവരുടെ ഭവനങ്ങൾ ഇടിച്ചു നിരപ്പാക്കി.

എട്ടുവീട്ടിൽ പിള്ളമാരും തമ്പിമാരുമായുള്ള മാർത്താണ്ഡവർമയുടെ സംഘർഷകാലത്തു തുടങ്ങിയതാണ് കരുവാൻ കരുമാണ്ടിയുടെ പദ്മനാഭപുരം കൊട്ടാരത്തിനുവേണ്ടിയുള്ള ആയുധനിർമാണം. വാളിനും ഉറുമിക്കും പുറമേ കരുമാണ്ടി തോക്കുകളും നിർമിച്ചിരുന്നു.

കരുമാണ്ടിക്കുശേഷം അത് മാണിക്കനിലേക്കും പകർന്നുകിട്ടി. മാണിക്കന്റെ കരവാളുകൾ മുനമടങ്ങാത്തതെന്നു തിരുവിതാംകൂറിലെ നായർപ്പടയാളികൾ നാട്ടിലാകെ അടക്കം പറഞ്ഞു. വാർത്ത രാജസന്നിധിയിലുമെത്തി.

മഹാരാജാവ് അക്ഷരാഭ്യാസം പോലുമില്ലാത്ത മാണിക്കനു പട്ടും വളയും നല്കി ആദരിച്ചു. കരമൊഴിവായി ഭൂമിയും വയലും പതിച്ചു നല്കി.

അതുകൊണ്ടൊന്നുമല്ല നീലകണ്ഠനു മാണിക്കനോടു പ്രിയം. കുഞ്ഞുനാൾ മുതല്ക്കേ കളിച്ചു വളർന്നവരാണ്. കരുവാൻ കരുമാണ്ടിയുടെ മകന് മരുതുകുളങ്ങരത്തറവാട്ടിൽ അയിത്തത്തിന്റെ തീണ്ടാപ്പാടുകളൊന്നുമില്ലായിരുന്നു. ഏതു നേരത്തും കയറിച്ചെല്ലാം. അടുക്കളവട്ടത്തു ചെന്നാൽ സമൃദ്ധമായി ഭക്ഷണം കഴിക്കാം. നീലകണ്ഠനോടൊപ്പം കളിയും കുളിയും അത്താഴവും കഴിഞ്ഞ് ആലയിലേക്കു മടങ്ങാം.

നീലകണ്ഠന്റെ മെതിയടി ശബ്ദം കേൾക്കുമ്പഴേ മാണിക്കൻ ആലയിലെ പണി നിർത്തും. ചിരിച്ചുകൊണ്ട് പുറത്തേക്കിറങ്ങും. നീലകണ്ഠനു നേരേ കൈകൂപ്പും.

"വണക്കം പെരിയോർകളെ."

നീലകണ്ഠന് മാണിക്കന്റെ ചിരി വലിയ ഇഷ്ടമായിരുന്നു. കളങ്കമില്ലാത്തത്. ആലയിൽ ഊതിപ്പഴുപ്പിച്ചെടുത്ത ഇരുമ്പിന്റെ സ്വർണനിറമുള്ള ചിരി. മാണിക്കന്റെ വർത്തമാനവും അങ്ങനെതന്നെ. കാപട്യമില്ലാത്തത്.



# ദേവാങ്കണം

നോവൽ 3

ഗിരീഷ് കെ. ശാന്തിപുരം

ആലയിലെ പണിയൊഴിഞ്ഞിട്ട് മാണിക്കനു നേരമില്ല.

പ്രഭാതംമുതൽ അർദ്ധരാത്രി വരെ മാണിക്കന്റെ ആലയിൽ ഇരുമ്പിൽ ചുറ്റിക പതിയുന്ന ശബ്ദം കേൾക്കാം. എത്ര പണിഞ്ഞാലും തീരാത്തത്ര പണികൾ.



അതുകൊണ്ടാണ് നീലകണ്ഠൻ മാണിക്കനെ തേടി ആലയിലേക്കെത്തുന്നത്. പഴയ സൗഹൃദം അറുത്തുമുറിക്കാൻ ഇരുവർക്കും കഴിയുന്നില്ല.

മാണിക്കന്റെ കരുവാത്തൊടിയിൽനിന്നാണ് നീലകണ്ഠന്റെ പ്രഭാതയാത്രകൾ തുടങ്ങുന്നത്. അത് നട്ടാലത്തിന്റെ ഇടവഴികളിലൂടെ ഉച്ചനേരംവരെ നീളും.

നടത്തത്തിനിടയിൽ നീലകണ്ഠനെ കാണുന്നവരൊക്കെ വഴിയൊതുങ്ങി നില്ക്കും. അത് തീണ്ടൽഭയംകൊണ്ടല്ല. ബഹുമാനം കൊണ്ടാണ്. എല്ലാവരോടും നീലകണ്ഠൻ കുശലം പറയും. വിശേഷങ്ങൾ തിരക്കും. എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ മടികൂടാതെ ചോദിക്കണമെന്നു പറയും. വിശേഷങ്ങൾ തിരക്കും.

"പണമോ ധാന്യമോ എന്തു വേണമെങ്കിലും."

"ഒന്നുമേ വേണ്ടയ്യാ..." അവർ സന്തോഷത്തോടെ മറുപടി പറയും. നനഞ്ഞിടം കുഴിക്കുന്ന പതിവ് നട്ടാലത്തെ സാധുക്കൾക്കില്ല. എന്തും എപ്പോഴും ചോദിച്ചാൽ കിട്ടുമെന്നിരിക്കേ ആവശ്യമില്ലാതെ ഒന്നും ചോദിക്കില്ല.

നീലകണ്ഠന്റെ സഞ്ചാരപഥമറിയാവുന്ന പെണ്ണുങ്ങൾ നടക്കാവുകൾക്കു ചാരേയുള്ള കൂരകളുടെ ഓലവിടവുകളിലൂടെ കണ്ണിമയ്ക്കാതെ നോട്ടം തറച്ച് നീലകണ്ഠന്റെ വരവും കാത്തുനില്ക്കും. ഭേദപ്പെട്ട വീടുകളിലെ കന്യകമാരും വിധവകളും ഭർത്തൃമതികളും ജാലകം തുറന്നിട്ട് നീലകണ്ഠനെ നോക്കിനില്ക്കും.

പക്ഷേ, അവരിലാരും മനഃപൂർവം നീലകണ്ഠന്റെ മുമ്പിൽ ചെന്നുപെടില്ല. അബദ്ധവശാൽ കൺമുമ്പിൽ വന്നു പെടുന്നവരോട് നീലകണ്ഠൻ ചോദിക്കും:

"തങ്കച്ചീ സൗമ്യമാ..."

യുവതികളെ 'തങ്കച്ചി' എന്നും പ്രായംചെന്നവരെ 'തായേ' എന്നും മാത്രമേ നീലകണ്ഠൻ സംബോധന ചെയ്തിരുന്നുള്ളൂ. സ്ത്രീകളെ പേരുചൊല്ലി വിളിക്കരുതെന്നാണ് നീലകണ്ഠന്റെ പ്രമാണം. അവർ ഭൂമീദേവിക്കു തുല്യമാണ്. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഭൂമിയെ അശുദ്ധമാക്കാൻ പാടില്ല. അവർ ബഹുമാനം അർഹിക്കുന്നു.

നീലകണ്ഠൻ നടന്നുവരുന്നതു കാണുമ്പോൾ നട്ടാലത്തെ പ്രായമായ സ്ത്രീകൾ പറയും:

'കൃഷ്ണഭഗവാൻ കൺപെട്ടതുപോലെ."

നീലകണ്ഠനുചുറ്റും എപ്പോഴും ഒരു വെളിച്ചം പ്രസരിക്കുന്നതുപോലെ തോന്നും. പ്രകൃതി സ്വമേധയാ അഭൗമമായൊരു കാന്തി പകർന്നുനല്കിയിരുന്നു നീലകണ്ഠന്. പൂത്തുനില്ക്കുന്ന പൂവരശുമരംപോലെ അകത്തും പുറത്തും അഴകുള്ളവനായിരുന്നു നീലകണ്ഠൻ. മിതഭാഷിയായിരുന്നു. വൃഥാ സംസാരിക്കുകയോ ആരെയും ദ്വേഷിപ്പിക്കുകയോ ചെയ്തിരുന്നില്ല.

നടത്തം കഴിഞ്ഞ് സൂര്യൻ ഉച്ചിയിലെത്തുംമുമ്പേ നീലകണ്ഠൻ മരുതുകുളങ്ങരയിൽ മടങ്ങിയെത്തും. ദേഹശുദ്ധി വരുത്തി ഉച്ചഭക്ഷണത്തിനിരിക്കും. ചോറും പച്ചക്കറികളും കട്ടത്തൈരും കൂട്ടിയുള്ള ഊണിനുശേഷം അല്പം മധുരവുമുണ്ടാകും.

ഊണിനുശേഷം ഒരു നാഴികനേരം വിശ്രമം. പിന്നെ ഗ്രന്ഥപ്പുരയിലേക്ക്. ഗ്രന്ഥക്കെട്ടുകളിലൂടെ കടന്നുപോകും. പഠിച്ചതൊക്കെയും ഓർമയിൽ പുതുക്കിയെടുക്കും. പിന്നെ സ്വമേധയാ പഠനം തുടരും.

തൊൽക്കാപ്പിയം കുറുന്തോകൈ, നാറ്റിണൈ, അകനാനൂറ്, പുറനാനൂറ് തുടങ്ങിയവയൊക്കെയും നീലകണ്ഠൻ ഹൃദിസ്ഥമാക്കി. ഒരുവന്റെ ജീവിതത്തിൽ പഠനം മരണംവരെ അവസാനിക്കുന്നില്ലെന്ന് നീലകണ്ഠൻ അറിഞ്ഞിരുന്നു.

വൃശ്ചികത്തിലെ സന്ധ്യ. നട്ടാലത്തിനു മുകളിൽ മഞ്ഞ്. നേരിയ തണുപ്പ് അതിന്റെ കാഠിന്യത്തിലേക്കു വഴുതി. മരുതുകുളങ്ങരയിലെ കാരണവർക്കു സുഖമില്ലായ്മ. പനി. വയറിളക്കം. പ്രായത്തിന്റെ അസ്വസ്ഥത വേറെയും.

നട്ടാലത്തെ നാട്ടുവൈദ്യന്മാർ വന്നു. മരുന്നു കുറിച്ചു. കഷായം കാച്ചി. ചൂർണം കൊടുത്തു. നസ്യം ചെയ്തു. ഫലം നാസ്തി.

അവസാനം പുലിയൂർക്കുറിശ്ശിയിൽനിന്നു മഹാലിംഗവൈദ്യൻ വന്നു. കാരണവരെ പരിശോധിച്ചു. തിരിച്ചും മറിച്ചും പരിശോധിച്ചു. ആയുർവേദചികിത്സയിൽ വിദഗ്ധനായിരുന്നു മഹാലിംഗവൈദ്യർ.

ഔഷധസേവയും അഭ്യംഗവും ഉഴിച്ചിലും പരിപൂർണവിശ്രമവുമാണ് വൈദ്യൻ വിധിച്ചത്.

മരുതുകുളങ്ങരത്തറവാടിനു മുകളിൽ ഒരു കാർമേഘപടലം വന്നു മൂടിയതുപോലെ. തറവാടിന്റെ ഭരണകാര്യങ്ങൾക്കു താളം പിഴച്ചു. കാരണവരായിരുന്നു എല്ലാം. ഏതു കാര്യങ്ങളിലും കാരണവരുടെ കണ്ണെത്തും.

നാളും പക്കവും തെറ്റാതെ കൃഷിയിറക്കും. പണിക്കാരെക്കൊണ്ടു വേണ്ടവിധത്തിൽ പണി ചെയ്യിക്കും. നാട്ടുനടപ്പിൽ കൂടുതൽ കൂലികൊടുക്കും. നട്ടാലത്ത് പണിക്കാർക്ക് അളവിലധികം കൂലി കൊടുക്കുന്ന തറവാട് മരുതുതുളങ്ങര മാത്രമായിരുന്നു.

*ശേഷം 13-ാം പേജിൽ*




**മാർച്ച് 6**
**നോമ്പുകാലം**
**രണ്ടാം ഞായർ**

ഉത്പ 13 : 1–13
പ്രഭാ 31 : 1–11
1 തിമോ 6 : 3–10
ലൂക്കാ 19 : 1–10

# ഉറക്കം കെടുത്തുന്ന ധനാശ





ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ

**ഭൗ**തികസമ്പത്തിനോടു മിശിഹായുടെ ശിഷ്യനുണ്ടാകേണ്ട മനോഭാവമാണ് ഇവിടത്തെ പ്രതിപാദ്യവിഷയം. കർത്താവ് വാഗ്ദാനം ചെയ്ത കാനാൻദേശത്ത് അബ്രാഹം തന്റെയും ലോത്തിന്റെയും കുടുംബങ്ങളോടുകൂടി താമസിച്ചിരുന്ന കാലത്തെ ഒരു സംഭവമാണ് ഒന്നാമത്തെ വായന വിവരിക്കുന്നത് (ഉത്പ. 13:1–13). അബ്രാഹത്തിനും ലോത്തിനും ആട്ടിൻപറ്റങ്ങളും കന്നുകാലിക്കൂട്ടങ്ങളും വർദ്ധിച്ചുവന്ന അവസരത്തിൽ അബ്രാഹം ലോത്തിനോടു പറയുന്ന കാര്യം ശ്രദ്ധേയമാണ്: നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമുണ്ടാകരുത്. കാരണം, നമ്മൾ സഹോദരന്മാരാണ്. ഇതാ, ദേശമെല്ലാം നിന്റെ കൺമുമ്പിലുണ്ടല്ലോ. എന്നെ പിരിഞ്ഞുപോവുക. ഇടത്തുഭാഗമാണു നിനക്കു വേണ്ടതെങ്കിൽ ഞാൻ വലത്തേക്കു പൊയ്ക്കൊള്ളാം. വലത്തുഭാഗമാണ് നിനക്ക് ഇഷ്ടമെങ്കിൽ ഞാൻ ഇടത്തേക്കു പൊയ്ക്കൊള്ളാം (ഉത്പ. 13: 8–9). ഇപ്രകാരം, സമാധാനപരമായി അവർ പിരിയുകയാണ്. സമ്പത്തിലാശ്രയിക്കാതെ ദൈവത്തിലാശ്രയിക്കുന്ന അബ്രാഹത്തിന്റെ ഈ മനോഭാവം നമുക്കിടയിൽ പുലരുന്നുവെങ്കിൽ എത്രയോ കുടുംബകലഹങ്ങൾ ഒഴിവാകും! ഒരു തുണ്ടു ഭൂമിക്കും ഒരല്പം സമ്പാദ്യത്തിനുംവേണ്ടി ജീവിതകാലം മുഴുവൻ വഴക്കടിച്ചു കഴിയുന്ന എത്രയോ സഹോദരന്മാരുണ്ട്! ഒരല്പം വിട്ടുവീഴ്ചാ മനോഭാവവും

**സമ്പത്ത് മനുഷ്യനാവശ്യമാണ്. അതിനായി അദ്ധ്വാനിക്കണം. എന്നാൽ, സമ്പത്തിനു വേണ്ടിമാത്രം ജീവിക്കുന്നതു തെറ്റാണ്. സമ്പത്ത് നല്ല ദാസനാണെങ്കിലും മോശപ്പെട്ട യജമാനനാണെന്ന കാര്യം നാം മറക്കരുത്. ധന മോഹമാണ് എല്ലാ തിന്മകളുടെയും അടി സ്ഥാനമായി വർത്തിക്കുന്നത് (1 തിമോ. 6:10).**

പരസ്പരധാരണയുമുണ്ടെങ്കിൽ നമ്മുടെ സമൂഹങ്ങൾ എത്രയോ ക്രൈസ്തവചൈതന്യമുള്ളവയാകും!

ഈ ലോകസമ്പാദ്യങ്ങളോടു വിശ്വാസിക്കുണ്ടാകേണ്ട മനോഭാവത്തെക്കുറിച്ചാണ് പ്രഭാഷകന്റെ പുസ്തകത്തിൽനിന്നുള്ള പ്രഘോഷണം (പ്രഭാ. 31:1–11) നമ്മെ അനുസ്മരിപ്പിക്കുന്നത്. ധനത്തിലുള്ള അതിശ്രദ്ധ ആരോഗ്യം നശിപ്പിക്കുകയും അതെക്കുറിച്ചുള്ള ഉത്കണ്ഠ ഉറക്കം ഇല്ലാതാക്കുകയും ചെയ്യുമെന്നു പ്രഭാഷകന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ധനം ആവശ്യമെങ്കിലും നാമതിന്റെ അടിമകളായിത്തീരരുത്.

ഈശോമിശിഹായുടെ സുവിശേഷത്തോടും അവിടുത്തെ പ്രബോധനങ്ങളോടും ചേരാത്ത ജീവിതം നയിക്കുന്നവരെക്കുറിച്ചാണ് പൗലോസ്ശ്ലീഹാ (1 തിമോ. 6: 3–10)മുന്നറിയിപ്പു നല്കുന്നത്. ദുഷിച്ച മനസ്സുള്ളവരും സത്യബോധമില്ലാത്തവരും ദൈവഭക്തി ധനലാഭത്തിനുള്ള മാർഗമാണെന്നു കരുതുന്നവരുമായ മനുഷ്യർ തമ്മിലുള്ള തുടർച്ചയായ വാദകോലാഹലങ്ങൾ ഈശോയുടെ പ്രബോധനങ്ങളെക്കുറിച്ചുള്ള അജ്ഞതമൂലമാണ് ഉണ്ടാകുന്നത്. സർവതിന്മകളുടെയും നിദാനം ദ്രവ്യാഗ്രഹമാണെന്ന് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു.

ദൈവദാനമായ സമ്പത്ത് ശരിയായി വിനിയോഗിക്കണമെന്നും നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നും അങ്ങനെ മാനസാന്തരത്തിലൂടെ രക്ഷയുടെ അനുഭവം സ്വായത്തമാക്കണമെന്നും സക്കേവൂസിന്റെ ജീവിതകഥ നമ്മെ പഠിപ്പിക്കുന്നു. ചുങ്കക്കാരിൽ പ്രധാനിയും ധനികനുമായിരുന്ന സക്കേവൂസ് ഈശോയെ കാണാൻ ആഗ്രഹിച്ച് സിക്കമൂർമരത്തിൽ കയറിയിരുന്നു. ഈശോയുടെ ചുറ്റും കൂടിയ ജനക്കൂട്ടത്തെക്കാൾ വളരെയകലെയാണ് സക്കേവൂസ് നിലയുറപ്പിച്ചതെങ്കിലും അവിടെയുണ്ടായിരുന്ന എല്ലാവരെയുംകാൾ ഈശോയുടെ അടുത്തെത്താൻ സ്നേഹംവഴി അദ്ദേഹത്തിനു കഴിഞ്ഞു. ദൈവത്തിൽനിന്നകലാനാണ് ആദം അത്തിയിലകളുടെ ഇടയിൽ ഒളിച്ചതെങ്കിൽ, ഈശോയുടെ അടുത്തേക്കു വരാനും, ഗുരുവിനെ നേരേചൊവ്വേ കാണാനുമാണ് സക്കേവൂസ് അത്തിമരത്തിൽ കയറിയത്. ഫലം തരാത്ത അത്തിമരത്തെ നോക്കി ശപിച്ച കർത്താവ്, ഇപ്രാവശ്യം നോക്കിയപ്പോൾ അനുതാപത്തിന്റെ നൂറുമേനി ഫലം പുറപ്പെടുവിക്കുന്ന സക്കേവൂസിനെയാണു കണ്ടത്. നിധി കണ്ടെത്തിയ വ്യാപാരിയെപ്പോലെ സക്കേവൂസ് അനുതാപവിവശനായി ദൈവത്തെ സമ്പത്തായി സ്വീകരിക്കാൻ ആഗ്രഹിക്കുന്നു. സമ്പത്തിനോടുള്ള കാഴ്ചപ്പാടിൽ സക്കേവൂസ് മാറ്റം വരുത്തുന്നു. അതുകൊണ്ടാണ് എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു എന്നു സക്കേവൂസ് പറയുന്നത്. സമ്പത്ത് മനുഷ്യനാവശ്യമാണ്. അതിനായി അദ്ധ്വാനിക്കണം. എന്നാൽ, സമ്പത്തിനുവേണ്ടി മാത്രം ജീവിക്കുന്നതു തെറ്റാണ്. സമ്പത്ത് നല്ല ദാസനാണെങ്കിലും മോശപ്പെട്ട യജമാനനാണെന്ന കാര്യം നാം മറക്കരുത്. ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനമായി വർത്തിക്കുന്നത് (1 തിമോ. 6:10). മറ്റൊരാളുടെ സമ്പത്തിൽ നമുക്ക് തൃഷ്ണയുണ്ടാകാൻ പാടില്ല. അഴിമതിയും അക്രമവും സ്വാർത്ഥചിന്തകളും ധനമോഹത്തിൽ നിന്ന് ഉടലെടുക്കുന്നു.

ലൗകികസമ്പത്ത് കൊള്ളയടിക്കപ്പെടാമെങ്കിലും സ്വർഗീയസമ്പത്ത് ആർക്കും കവർന്നെടുക്കാനാവില്ല. സ്വർഗത്തിൽ സമാഹരിക്കുന്ന നിക്ഷേപം തുരുമ്പും കീടങ്ങളും നശിപ്പിക്കുകയില്ല. ആയതിനാൽ അപരനെ സഹായിച്ചും ധർമദാനം ചെയ്തും ജീവിക്കുമ്പോൾ നാം ദൈവസന്നിധിയിൽ യോഗ്യതയുള്ളവരും ആദ്ധ്യാത്മികമായി സമ്പന്നരുമായിത്തീരും.


കർത്താവാണ് സക്കേവൂസിനെ ആദ്യം സ്നേഹത്തോടും കാരുണ്യത്തോടുംകൂടി നോക്കുകയും അത്തിമരത്തിൽനിന്ന് ഇറങ്ങിവരാൻ ആവശ്യപ്പെടുകയും ചെയ്യുന്നത്. അനുതാപവും മാനസാന്തരവുമാണ് ഈശോയുടെ കൃപാകടാക്ഷത്തിലൂടെ സക്കേവൂസിനുണ്ടാകുന്നത്. അനുതപിക്കുന്നവരുടെ പാപങ്ങൾ കർത്താവ് പൊറുക്കുമെന്ന പ്രത്യാശ ഉളവാക്കുന്നതാണ് ഈ സംഭവം. ചുങ്കക്കാരനെ ശിഷ്യനാക്കി മാറ്റിയ കർത്താവിന്റെ സ്നേഹവും അദ്ഭുതങ്ങളും നമ്മുടെയും ജീവിതത്തിൽ ഉണ്ടാകാൻ അനുതാപത്തിന്റെ വഴിയിലൂടെ നമുക്കും സഞ്ചരിക്കാം. ഈശോയെ സ്വജീവിതത്തിലേക്കു ക്ഷണിച്ച് നമ്മുടെ ഭവനത്തിന്റെ നാഥനായി ഏറ്റുപറയാനും ക്രിസ്തുശിഷ്യരായിത്തീരാനും ശ്രമിക്കാം. സക്കേവൂസിനെപ്പോലെ പങ്കുവയ്ക്കലിന്റെയും ജീവിതനവീകരണത്തിന്റെയും ഗൃഹപാഠം ഈ നോമ്പുകാലത്ത് നമുക്കു ചെയ്തു തീർക്കാം. ■

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)


**ഒരു വിശ്വാസി**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**എൽസി ആന്റണി**
പുല്ലാട്ട്, പാലാ

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**എൽസി ആന്റണി**
പുല്ലാട്ട്, പാലാ

# തകരുന്ന മാനസികാരോഗ്യവും ഉലയുന്ന സമൂഹവും

**നീതു ജോയി**

**കേ**രളസമൂഹത്തിന്റെ മാനസികാരോഗ്യം തകരുകയാണോ? അതേയെന്നു വ്യക്തമാക്കുന്ന സംഭവങ്ങളാണ് അനുദിനമെന്നോണം അരങ്ങേറുന്നത്. പെരുകുന്ന കൂട്ട ആത്മഹത്യകളും കൊലപാതകങ്ങളും അക്രമപരമ്പരകളും മദ്യ-മയക്കുമരുന്നുവ്യാപാരങ്ങളും കുടുംബത്തകർച്ചകളുമെല്ലാം അതിന്റെ ദൃഷ്ടാന്തങ്ങളാണ്. സാമ്പത്തികഞെരുക്കത്തിലും വ്യക്തിപരമായ തകർച്ചകളിലും പ്രേമനൈരാശ്യത്തിലുംപെട്ട് എത്രയോ മനുഷ്യാത്മാക്കളാണു ദിനംപ്രതി മരണത്തെ പുല്കുന്നത്. കുടുംബത്തിന്റെ തണലും സമൂഹത്തിന്റെ കരുതലും നഷ്ടമായെന്ന തോന്നൽ ഉണ്ടാകുന്നതോടെ പലരും വീണുപോകുന്നു.

കുടുംബത്തോടെയുള്ള ആത്മഹത്യ വലിയൊരു ദുഷ്പ്രവണതയായി ഇന്നു മാറിയിരിക്കുന്നു. ഭാവി അനിശ്ചിതത്വത്തിലാണെന്നും തങ്ങൾക്കാരുമില്ലെന്നുമുള്ള തോന്നലിൽ ജീവനൊടുക്കി പ്രശ്നപരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നവരുടെ എണ്ണം കൂടുന്നതു സമൂഹത്തിന്റെ പരാജയമാണ്.



സമൂഹത്തിന്റെ മാനസികാരോഗ്യത്തകർച്ച ആത്മഹത്യയിലേക്കു മാത്രമല്ല, കൊലപാതകം, മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങളിലേക്കും കൊണ്ടുചെന്നെത്തിക്കുന്നു. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകൾക്കിടെ കേരളത്തിന്റെ സാമൂഹികഘടനയിലും ജീവിതശൈലിയിലുമുണ്ടായ മാറ്റങ്ങൾ, കുടുംബബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും ശൈഥില്യത്തിനു കാരണമായിട്ടുണ്ട്. മാതാപിതാക്കളും ഒന്നോ രണ്ടോ മക്കളും എന്ന പരിമിതവട്ടത്തിലേക്കു കുടുംബസങ്കല്പം ഒതുങ്ങിയതോടെ വ്യക്തികളുടെ സ്വകാര്യത വിശാലമായെങ്കിലും, അവരുടെ മാനസികവ്യഥകൾ തുറന്നുപറയാനും പ്രശ്നങ്ങൾ പങ്കുവയ്ക്കാനുമുള്ള സൗകര്യങ്ങൾ കുറയുകയാണുണ്ടായത്. കുടുംബങ്ങൾ തമ്മിലുള്ള ഇഴയടുപ്പം കുറഞ്ഞതോടെ ആശയവിനിമയത്തിലും പരിമിതികൾ സംഭവിച്ചു. അതു വ്യക്തികളുടെ മാനസികസമ്മർദം കൂട്ടി. അതുപോലെ, സമൂഹമാധ്യമങ്ങളുടെ കടന്നുകയറ്റവും കുടുംബങ്ങളുടെയും വ്യക്തികളുടെയും തകർച്ചയ്ക്കു കാരണമാകുന്നുണ്ട്. എത്രയോ പേരാണ് സമൂഹമാധ്യമങ്ങളുടെ തേജോവധത്തിൽ മാരകമായി മുറിവേറ്റു ശരശയ്യയിൽ കിടക്കുന്നത്! ജീവിതത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന പലരും തങ്ങളുടെ ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കും പോംവഴിയായി ആത്മഹത്യ തിരഞ്ഞെടുക്കുന്നു. മനുഷ്യനന്മയിൽ വിശ്വസിക്കുന്നവർക്ക് ഇത് ഉത്കണ്ഠയോടെയേ കാണാനാവൂ. ഇവിടെ അശരണർക്കു കൈത്താങ്ങു നൽകി ജീവിതത്തിലേക്കു കൈപിടിച്ചുയർത്താൻ സമൂഹത്തിന് ഉത്തരവാദിത്വമുണ്ട്.

ഉയർന്ന സാക്ഷരതയിലും പരീക്ഷകളിലെ കൂടിയ വിജയശതമാനക്കണക്കുകളിലും അഭിമാനിക്കുന്നവരുടെ നാടാണു കേരളം. നേടിയെടുത്ത വിദ്യാഭ്യാസമികവ് വ്യക്തികളുടെ ജീവിതവിജയത്തിനും സ്വഭാവരൂപവത്കരണത്തിനും മാനസികാരോഗ്യപാലനത്തിനും ഉതകുന്നില്ലെങ്കിൽ എവിടെയോ സാരമായ തകരാറില്ലേ? പുരോഗമനാട്യങ്ങളുടെയും പരിഷ്കാരപുറംപൂച്ചകളുടെയും ഉള്ളിൽ അസ്തിത്വദുഃഖവുമായി വെന്തുനീറിക്കഴിയുന്നവരുടെ എണ്ണം കൂടിവരുകയാണ്. ഇതൊരു സാമൂഹികവിപത്താണെന്ന സത്യം കണ്ടില്ലെന്നു നടിച്ചു മുന്നോട്ടു പോകുന്നതു വലിയ അപകടം വരുത്തി വയ്ക്കും. നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു വളർന്ന കേരളസമൂഹം പിന്നോട്ടു പോകാൻ പാടില്ല.

കേരളത്തിലടക്കം രാജ്യത്താകമാനം കൗമാരക്കാർക്കിടയിൽ അക്രമവാസനകൾ പെരുകുകയാണ്. പ്രണയിക്കുന്ന പെണ്ണിനെ സ്വന്തമാക്കാൻ കഴിഞ്ഞില്ലെങ്കിൽ മുഖത്ത് ആസിഡ് ഒഴിക്കുന്നവരുടെയും നഷ്ടപ്രണയത്തിൽ ഇരകളായി കഴുത്തറുക്കുന്നവരുടെയും ദാരുണമായ കൊലപാതകം നടത്തി ക്യാമറക്കണ്ണുകൾക്കുമുമ്പിൽ കൊലച്ചിരി നടത്തുന്നവരുടെയും എണ്ണം വല്ലാതെ വർദ്ധിച്ചിരിക്കുന്നു.

ഈ സ്ഥിതി മാറിയേ തീരൂ. സമൂഹത്തിന്റെ എല്ലാത്തലങ്ങളിലും മൂല്യച്യുതി നേരിടുമ്പോൾ ഓരോ വ്യക്തിയുടെയും ആരോഗ്യകരമായ നിലനില്പിനു കരുതലിന്റെ കരങ്ങൾ നീണ്ടു ചെന്നെത്തണം.

■

# പുതിയ മനുഷ്യനെ ധരിക്കാൻ



**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ**



**ല**യൺസ് ക്ലബിലും റോട്ടറിക്ലബിലും പ്രവർത്തിക്കുന്നവരുണ്ട്. അവരാരും സ്വയം ജീവിതം മുഴുവൻ ആ സംഘടനയ്ക്കായി കൊടുത്തവരല്ല. കുറച്ചുകാലങ്ങൾ അതിനായി മാറ്റിവയ്ക്കുന്നു. എന്നാൽ, ക്രിസ്ത്യാനിയായിരിക്കുക എന്നു പറഞ്ഞാൽ കുറച്ചുകാലങ്ങൾ കർത്താവിനും സഭയ്ക്കുമായി മാറ്റിവയ്ക്കുകയെന്നല്ല; പിന്നെയോ, ജീവിതാന്ത്യംവരെ, ക്രിസ്തുവിനായി നിലകൊള്ളുക എന്നതാണ്. കർത്താവിന്റെ കൈകളിലേക്കു തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുക എന്നാണ് അർത്ഥം. ഒരു നേഴ്സിനു രോഗിയെ സ്നേഹിക്കാതെ ശുശ്രൂഷിക്കാം. ഒരു വക്കീലിനു കക്ഷിയെ സ്നേഹിക്കാതെ അവനായി വാദിക്കാം. എന്നാൽ, ഒരു ശിഷ്യനു കർത്താവിനെ സ്നേഹിക്കാതെ അവന്റെ സാക്ഷിയാകാനാവില്ല. ശാസ്ത്രശാഖയ്ക്കും, രാഷ്ട്രീയപ്രസ്ഥാനത്തിനുമായി ജീവിതം മാറ്റിവയ്ക്കുന്നവരുണ്ട്. അതിനെക്കാളെല്ലാം ആഴമുള്ളതാണ് ക്രിസ്തുവിലുള്ള വിശ്വാസവും ജീവിതവും. 'ക്രിസ്തുവിലായിരിക്കുക' എന്ന ജീവിതത്തിൽ നാം പാലിക്കേണ്ട ചില ക്രമങ്ങളുണ്ട്.

ഒന്നാമതായി, മാതൃകയുടെ ജീവിതമാണ് നാം നയിക്കേണ്ടത്. 'എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു' എന്ന് യേശു പറഞ്ഞു. നമ്മെ കാണുന്നവൻ കർത്താവിനെ കാണണം. കർത്താവിന്റെ കാരുണ്യവും സ്നേഹവും ലോകം നമ്മിൽനിന്ന് അനുഭവിക്കണം. സഹനത്തിലും, തകർച്ചകളിലുമെല്ലാം നഷ്ടധൈര്യരാകാതെ നാം നിലകൊള്ളുമ്പോൾ അതു മാതൃകയുടെ ജീവിതമായിത്തീരും. സംസാരത്തിലും പെരുമാറ്റത്തിലും ബന്ധങ്ങളിലുമെല്ലാം മാതൃകാവ്യക്തിത്വങ്ങളാകുവാൻ നാം ശ്രമിക്കണം. മാതൃകാകൊടിത്തോട്ടത്തിൽ ഒരു ചരടുപോലുമില്ലാത്ത കൊടി കാണാം. മാതൃകാതെങ്ങിൻതോട്ടത്തിൽ ഒരു തേങ്ങാപോലുമില്ലാത്ത തെങ്ങു കാണാം. മാതൃകാപോലീസ് സ്റ്റേഷനിൽ മേശപ്പുറത്തു തലവച്ചുറങ്ങുന്ന പോലീസുകാരനെ കാണാം. ഇപ്രകാരമായിരിക്കരുത് മാതൃകാക്രിസ്ത്യാനി.

രണ്ടാമതായി, സമർപ്പണത്തിന്റെ മനസ്സു സൂക്ഷിക്കുന്നവരായിരിക്കണം നമ്മൾ. സമർപ്പിച്ച വ്യക്തിയിൽ എന്തു സംഭവിക്കണമെന്നു സമർപ്പണം സ്വീകരിച്ചവൻ തീരുമാനിക്കും. ജീവിതം ഒരു ഊട്ടുമേശയാണ്. കലവറക്കാരനായ ദൈവം വിവിധ വിഭവങ്ങൾ നമുക്കായി വിളമ്പും. ലഭിക്കുന്ന വിഭവങ്ങൾ പരാതി കൂടാതെ സ്വീകരിക്കുക. എന്നെ വിളിച്ചവൻ വിശ്വസ്തനാണ്. എന്റെ തലയിലെ ഓരോ മുടിനാരും എണ്ണിത്തിട്ടപ്പെടുത്തുന്നവനാണ് ദൈവം. ഈ ചിന്ത സമർപ്പണത്തിന് ആഴം കൂട്ടും.

വിശുദ്ധിയാണു മറ്റൊരു പ്രധാന ഘടകം. ആദ്യകാലക്രൈസ്തവരെല്ലാം വിശുദ്ധരായിരുന്നു. പൗലോസിന്റെ ലേഖനങ്ങളിലുടനീളം 'വിശുദ്ധരേ,' എന്നാണു സഭാംഗങ്ങളെ അഭിസംബോധന ചെയ്യുന്നത്. സാധാരണക്കാരായ തൊഴിലാളികളെയും, മറ്റു ജീവിതാന്തസ്സുകളിലായിരിക്കുന്നവരെയുമെല്ലാം 'വിശുദ്ധരേ' എന്നു വിളിക്കുന്നു. നല്കപ്പെട്ട സമയത്തിനുള്ളിൽ ഏല്പിക്കപ്പെട്ടവയെല്ലാം വിശ്വസ്തതയോടെ ചെയ്തുതീർക്കുന്നവരാണു വിശുദ്ധർ. അശുദ്ധമായ ബന്ധങ്ങളെയും തിന്മ നിറഞ്ഞ സംഭാഷണങ്ങളെയുമെല്ലാം അകറ്റിനിർത്തിയവരാണു വിശുദ്ധർ. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കാൻ അവർ നിരന്തരം യത്നിച്ചു. ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യന്റെ തൊലി ഉരിഞ്ഞുമാറ്റിയപ്പോൾ അവർ വേദന അനുഭവിച്ചു. ആ വേദന പുതിയ മനുഷ്യന്റെ പിറവിക്കായുള്ള പ്രസവവേദനയായി അവർ തിരിച്ചറിഞ്ഞു. വിശുദ്ധിയിലേക്കു പ്രയാണം ചെയ്യുമ്പോൾ ഇങ്ങനെയുള്ള വേദനകളെ സുസ്മേരവദനരായി നമുക്കു നേരിടാം.

നാലാമതായി, പരിഹാരത്തിന്റെ ഒരു ജീവിതമാണ് നമുക്കു വേണ്ടത്. 'പകരം സഹനം' എന്ന ചിന്ത ഏശയ്യാപ്രവാചകന്റെ കാലംമുതൽ നമ്മൾ കാണുന്നുണ്ട്. 'അവൻ ചുമന്നത് നമ്മുടെ പാപങ്ങളാണെന്ന്' ഏശയ്യാ പറയുന്നു. ലോകത്തിന്റെ വിശുദ്ധീകരണത്തിനായി നമ്മൾ പരിഹാരം ചെയ്യണം. അപ്പൻ മകനെ അടിക്കുമ്പോൾ അമ്മ മുമ്പിൽ കയറിനിന്ന് അടി കൊള്ളുന്നു. വടിയിൽനിന്നു മകനെ രക്ഷിക്കുന്നത് അമ്മയുടെ ഇടപെടലാണ്. നമ്മൾ ചെയ്യുന്ന പ്രായശ്ചിത്തങ്ങളും നോക്കുന്ന നോമ്പുമെല്ലാം പരിഹാരത്തിന്റെ ഭാഗങ്ങളാണ്. കുട്ടി പരീക്ഷ എഴുതുമ്പോൾ മണലിൽ മുട്ടുകുത്തി കൈകൾ വിരിച്ച് കൊന്ത ചൊല്ലുന്ന അമ്മ ഒരു പ്രതീകമല്ലേ?

യേശുവിന്റെ അനുയായികൾ ഗുരുക്കന്മാരല്ല, ശിഷ്യരാണ്. നമ്മുടെ വിളിയെ ഉറപ്പിക്കുക. ഉറപ്പിച്ചില്ലെങ്കിൽ വീണുപോകും. അയയ്ക്കാനായി വിളിക്കപ്പെട്ടവരാണു നാം. ഒരു പുതിയ സൃഷ്ടിയായി ക്രിസ്തുവിൽ ജീവിക്കാൻ പരിശ്രമിക്കാം. ഖേദിപ്പിക്കുന്ന ഭൂതകാലാനുഭവങ്ങളിൽനിന്നു പാഠം പഠിക്കണം. അകലെയുള്ള പ്രകാശത്തിലേക്കു ചുവടുകൾ വച്ച് നിർഭയം മുന്നേറാം. പഴയ ആകാശവും പഴയ ഭൂമിയും കടന്നുപോയി. കർത്താവ് ഒരുക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും നമ്മെ കാത്തിരിക്കുന്നു. ഒരു പുതിയ സൃഷ്ടിയായി കർത്താവിൽ നമുക്കു വ്യാപരിക്കാം. പുതുതായി തുടങ്ങുന്ന ജീവിതം തുടരാനുള്ള കൃപ ലഭിക്കാൻ നമുക്കു പ്രാർത്ഥിക്കാം.

■




11-ാം പേജ് തുടർച്ച

അതുകൊണ്ടാവണം മരുതുകുളങ്ങരയിലെ പത്തായപ്പുരയും ഊരുപെട്ടിയും ഒരിക്കലും ശോഷിച്ചിരുന്നില്ല. ഒരു കാരണംകൊണ്ടും മരുതുകുളങ്ങരത്തറവാട്ടിൽ ആരും ദുഃഖിച്ചില്ല. പക്ഷേ, ഇപ്പോൾ രണ്ടും സംഭവിക്കുന്നു.

കാരണവർക്കു ദീനം തുടങ്ങിയിട്ടു മാസം മൂന്നാകുന്നു. ആറ്റുനോറ്റിരുന്ന് ആളുകൾ കാരണവരെ ശുശ്രൂഷിച്ചു. നേരാനേരങ്ങളിൽ മരുന്നുകൾ നല്കി. പക്ഷേ, രോഗത്തിനു മാത്രം ശമനം കണ്ടില്ല.

പുലിയൂർക്കുറിശ്ശിയിൽനിന്ന് മഹാലിംഗവൈദ്യർ വീണ്ടും വന്നു. കാരണവരെ പരിശോധിച്ചു.

"ഔഷധങ്ങൾ ഫലിച്ചു തുടങ്ങിയിരിക്കുന്നു. രക്തചംക്രമണം ഭേദപ്പെട്ടിരിക്കുന്നു. കൈകാൽ നഖങ്ങളിലെ ഇരുണ്ടനിറം മാറാൻ തുടങ്ങി. കണ്ണുകളിലെ മഞ്ഞനിറവും കുറഞ്ഞിരിക്കുന്നു. പേടിക്കാനൊന്നുമില്ല. ഔഷധവും അഭ്യംഗവും തുടരുക. ഒന്നിടവിട്ട ദിവസങ്ങളിലെ നസ്യവും തെറ്റരുത്. പൂർണഫലത്തിനു കാലതാമസമുണ്ടാകും." വൈദ്യർ പറഞ്ഞു.

തറവാട്ടിലുള്ളവർക്ക് ആശ്വാസം. നേരിയ പ്രതീക്ഷ നാമ്പിടുന്നു. എത്രകാലം വേണമെങ്കിലും ചികിത്സ തുടരാം. കാരണവർ തിരിച്ചുവരണം.

മരുതുകുളങ്ങരയിലുള്ളവർക്കെല്ലാം അതായിരുന്നു ആഗ്രഹം. പക്ഷേ, അതത്ര ക്ഷിപ്രസാധ്യമായിരുന്നില്ല. മടങ്ങുംമുമ്പ് വൈദ്യർ മറ്റൊരു കാരണംകൂടി പറഞ്ഞു:

മരുന്നു മാത്രം പോരാ. ദേവിയുടെ അനുഗ്രഹവും വേണം. ഭദ്രകാളിക്കോവിലിലെ പൂജാദികർമങ്ങൾക്ക് ഒരു മുടക്കവും വന്നുകൂടാ.

വൈദ്യൻ മടങ്ങി. തറവാട്ടുകാർ തളർന്നു. ക്ഷേത്രകാര്യങ്ങൾ കാരണവരുടെ കാലത്ത് മുടങ്ങാതെ നടത്തിയിരുന്നു. ആയതിന് ഒരു ലോഭവും വരുത്തിയിരുന്നില്ല.

ഇപ്പോൾ അതിനെല്ലാം വിഘ്നം സംഭവിച്ചിരിക്കുന്നു. തറവാട്ടുകാര്യങ്ങളും കൃഷികാര്യങ്ങളും അങ്ങനെതന്നെ. തറവാട്ടിലുള്ളവരും ബന്ധുക്കളും കൂടിയാലോചിച്ചു. മരുതുകുളങ്ങരത്തറവാടിന് ഒരപചയവും സംഭവിച്ചുകൂടാ. കോവിലിലെ പൂജാദികാര്യങ്ങൾ മുടങ്ങിക്കൂടാ. അതിനവർ ഒരു മാർഗവും കണ്ടുപിടിച്ചു.

(തുടരും)

# അധ്യാപകർ നാപിതരോ?



**ചിരിയും ചിന്തയും**

**ഡോ. സി.ടി. ഫ്രാൻസീസ്**

“മുത്തശ്ശാ, എന്തുകൊണ്ടാണ് ബാർബറെ നാപിതൻ എന്നു പറയുന്നത്? മുത്തശ്ശൻ വല്യ മാഷായിരുന്നില്ലേ?” ഉണ്ണി പതിവുപോലെ മുത്തശ്ശന്റെ തോളിൽ കൈയിട്ടുകൊണ്ട് ഓരോന്നു ചോദിക്കാൻ തുടങ്ങി. മുത്തശ്ശൻ പറഞ്ഞു: “പണ്ടൊക്കെ കുട്ടികളെ പഠിപ്പിക്കാൻ അധ്യാപകരെയും രോഗികളെ ചികിത്സിക്കാൻ ഡോക്ടറെയും വീടുകളിലേക്കു വിളിച്ചു കൊണ്ടുവരുമായിരുന്നു. അങ്ങനെ വീടുകളിലേക്കു ക്ഷണിച്ചുവിളിക്കുന്നവരെ പ്രാപിപ്പിക്കപ്പെട്ടവർ എന്ന അർത്ഥത്തിൽ, സംസ്കൃതത്തിൽ ‘ആപിതർ’ എന്നു പറയപ്പെടുന്നു (ആപ്തൻ = പ്രാപിച്ചവൻ; ആപിതൻ = പ്രാപിപ്പിക്കപ്പെട്ടവൻ). എന്നാൽ, ബാർബർ അഥവാ ക്ഷുരകൻമാരെ ആരും വിളിച്ചുവരുത്തിയിരുന്നില്ല, അവർക്കറിയാമായിരുന്നു, ഓരോരുത്തരുടെയും മുടിമുറിക്കലും താടിവടിക്കലുമൊക്കെ എന്നൊക്കെ വേണമെന്ന്. അതിനാൽ, അവർ ആരും കൂട്ടിക്കൊണ്ടു വരാതെതന്നെ വന്ന് അവരുടെ ജോലി ചെയ്തിരുന്നു. അതിനാൽ, ‘ആപിതർ അല്ലാത്തവർ’ എന്ന അർത്ഥത്തിൽ അവരെ നാപിതർ (ന + ആപിതർ) എന്നു വിശേഷിപ്പിച്ചിരുന്നു. അന്നു തൊഴിൽ ചെയ്തിരുന്നവരിലധികവും ആപിതരോ നാപിതരോ ആയിരുന്നു.”

“അപ്പോൾ ഇന്നത്തെ അധ്യാപകരെ നാപിതർ എന്നു പറയാമോ മുത്തശ്ശാ?” ഉണ്ണിക്കു സംശയമായി. “അതെന്താ ഉണ്ണീ അങ്ങനെ ഒരു സംശയം, അധ്യാപകരെ വീട്ടിൽ വിളിച്ചുകൊണ്ടുവരുമായിരുന്നു എന്നല്ലേ ഞാൻ പറഞ്ഞത്?”

“ഇപ്പോൾ ഫലത്തിൽ മറിച്ചാണ് മുത്തശ്ശാ; ഞങ്ങളുടെ സ്കൂളിൽ ഇങ്ങനെയാണ് – കുട്ടികൾ സ്കൂളിൽ വരുകയോ വരാതിരിക്കുകയോ ചെയ്യും; വന്നാൽത്തന്നെ ഒരു ക്ലാസിലെ കുട്ടികൾ രണ്ടു ക്ലാസിലായി ഇരിക്കും; ടീച്ചർ ഒരു പീരിയഡ് പഠിപ്പിച്ച അതേ ക്ലാസ് അടുത്ത അവറിൽ ബാക്കി കുട്ടികളെ പഠിപ്പിക്കും; പിന്നത്തെ രണ്ടവർ ബി ഡിവിഷനിലെ കുട്ടികളെ പഠിപ്പിക്കും. വീണ്ടും അന്നുതന്നെ സി ഡിവിഷൻകാർക്കും അതേ പോർഷൻ രണ്ടു മണിക്കൂർ പഠിപ്പിക്കും. ഇങ്ങനെ ആറു മണിക്കൂർ പഠിപ്പിച്ചതിനുശേഷം ക്ലാസ്സിൽ വരാത്ത കുട്ടികൾക്കായി ഒരു മണിക്കൂർ ഓൺലൈൻ ക്ലാസ്സ് നടത്തുന്നു. പിന്നെ എല്ലാവർക്കുമായി നോട്ടുകൾ കമ്പ്യൂട്ടറിൽ തയ്യാറാക്കി അതും മൊബൈൽവഴി വീടുകളിൽത്തന്നെ എത്തിച്ചുകൊടുക്കും. അപ്പോൾ ഇങ്ങനെ കുട്ടികൾ വന്നാലും വന്നില്ലെങ്കിലും അവരെ തേടിനടന്നു പഠിപ്പിക്കുന്നത് നാപിതന്റെ പണിതന്നെയല്ലേ?”

“അപ്പോൾ ഉണ്ണീ, ഒരധ്യാപകൻ ദിവസവും ഏഴു മണിക്കൂർ പഠിപ്പിക്കുന്നതിനു പുറമേ കമ്പ്യൂട്ടറിൽ നോട്ടുകൾ തയ്യാറാക്കി നൽകുകയും ചെയ്യുന്നുണ്ടോ? അതും ആഴ്ചയിൽ ആറു ദിവസം? ഞാൻ പഠിപ്പിക്കുന്ന കാലത്ത് ഒരധ്യാപകൻ ആഴ്ചയിൽ ഇരുപത്തെട്ടു പീരിയഡ് പഠിപ്പിച്ചാൽ മതിയായിരുന്നല്ലോ. എന്താ ഇപ്പോൾ ഹയർ സെക്കന്ററിയിൽ പണ്ടത്തെ ഒന്നാംക്ലാസ്സുപോലെ ഒരു ക്ലാസ്സിൽ ഒരു ടീച്ചറാണോ?”

“അതല്ല മുത്തശ്ശാ, കുട്ടികളിലെന്നപോലെ ടീച്ചർമാരിലും പലർക്കും കൊവിഡാണ്; സ്കൂളിലാണെങ്കിൽ ക്ലാസുകളൊന്നും വെറുതേ ഇരുത്താൻ പാടില്ലത്രേ; അതിനാൽ വരുന്ന അധ്യാപകർ ആറു മണിക്കൂറും പഠിപ്പിക്കും. ഓൺലൈൻ ക്ലാസ്സും നോട്ടുകൾ തയ്യാറാക്കലും വീട്ടിൽ ചെന്നാണ്. അതിനിടയ്ക്ക് വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും ഫോൺകോളുകളും തുടരെത്തുടരെ ഉണ്ടാകുമത്രേ, അസുഖവിവരങ്ങൾ പറയാനും അന്വേഷിക്കാനുമൊക്കെയായി. സ്റ്റാഫ് മീറ്റിങ്, പിടിഎ മുതലായവയൊക്കെ രാത്രിയിലാണ്.”



മുത്തശ്ശൻ വീണ്ടും ചോദിച്ചു: “എന്തിനാണ് അധ്യാപകർ കുറവുള്ളപ്പോൾ ക്ലാസ്സുകൾ ഇങ്ങനെ രണ്ടാക്കിയിരുത്തുന്നത്? കുട്ടികളെ ഒന്നിച്ചിരുത്തിയാൽ അധ്യാപകർക്ക് കുറെയൊക്കെ ആശ്വാസമാകില്ലേ?”

“മുത്തശ്ശൻ എന്തബദ്ധമാണീ പറഞ്ഞത്? അതു രോഗവ്യാപനത്തിന് കാരണമാകില്ലേ? മുത്തശ്ശാ, സ്കൂളിൽ ഒരു ബൈക്കിൽ മൂന്നു കുട്ടികൾവരെ വരുന്നുണ്ട്; ഏല്ലാവരും തോളിൽ കയ്യിട്ടാണ് നടക്കുന്നതും ടോയ്ലറ്റിൽ പോകുന്നതുമെല്ലാം; ഊണു കഴിക്കുമ്പോൾ ഒരേ പാത്രത്തിൽനിന്ന് കയ്യിട്ടുവാരൽ പതിവാണ്; ബസിലും ട്രെയിനിലും എല്ലാ സീറ്റിലും യാത്രക്കാർ. അവിടെയൊന്നും രോഗം പരക്കില്ലേ? ഈ നിയമം കുറെ കടുപ്പം തന്നെ.”

“എന്നിട്ടെന്താ അധ്യാപകരൊന്നും ഇതിനെതിരേ പ്രതികരിക്കാത്തത്?”

“മുത്തശ്ശാ, അധ്യാപർ ഇപ്പോൾ പ്രതികരിക്കാൻ പാടില്ലത്രേ; പഠിപ്പിക്കാനുള്ള വിഷയങ്ങളിലെ ഫോക്കസ് ഏരിയയെക്കുറിച്ചുപോലും പ്രതികരിക്കുന്നവർക്കെതിരേ അച്ചടക്കനടപടിയുണ്ടത്രേ!”

“ഏയ്, അങ്ങനെയൊന്നും നമ്മുടെ സർക്കാർ പറയില്ല. ഞാനുമൊരു സംഘടനാപ്രവർത്തകനായിരുന്നു. അന്നൊക്കെ സംഘടനാറിപ്പോർട്ടവതരിപ്പിക്കുമ്പോൾ അന്താരാഷ്ട്രവൃത്താന്തങ്ങൾ കുറഞ്ഞുപോയാൽവരെ ഞങ്ങൾ വിമർശിക്കുമായിരുന്നു. നെൽസൻ മണ്ഡേലയും വിന്നിയും ഡൈവോഴ്സ് ചെയ്ത വൃത്താന്തം സംഘടനാറിപ്പോർട്ടിൽ ഉൾപ്പെടുത്താത്തതിനെ വിമർശിച്ച് കൈയടി നേടിയിട്ടുള്ളവനാ നിന്റെ ഈ മുത്തശ്ശൻ.”

“അതിനു മുത്തശ്ശാ, അന്നത്തെ നേതാക്കളുടെ മരുമക്കളാണിന്ന്...”

“നീ എഴുന്നേറ്റു പോകുന്നുണ്ടോ... ഈയിടെയായി തർക്കുത്തരം കുറെ കൂടുന്നുണ്ട്; അവന്റെ ഒരു നാപിതനും ക്ഷുരകനും!” ഉണ്ണി പറഞ്ഞു തീരുംമുമ്പേ മുത്തശ്ശനു കലി വന്നു. പാർട്ടിയെ കുറ്റം പറയാൻ പാടില്ല. മുത്തശ്ശൻ ചാരുകസേരയിൽ കിടന്നു നെടുവീർപ്പിട്ടു.

■

# ഈശോ

## FROM THE BIBLE

8



**ഫാ. തോമസ് പാട്ടത്തിൽചിറ CMF**

# വളർച്ച

നസറത്തിലെ കൊച്ചുവീട്ടിൽ മാതാപിതാക്കളുടെ സംരക്ഷണത്തിലും ശിക്ഷണത്തിലും ബാലനായ യേശു വളർന്നുവന്നു. അംബരമേഘങ്ങളിൽനിന്ന് അടർന്നുവീണവനല്ല; മറിച്ച്, ഏതൊരു മനുഷ്യക്കുരുന്നിനെയുംപോലെ മണ്ണിന്റെ മാറിൽ വളർന്നവനാണവൻ. പ്രജ്ഞാനത്തിലും പ്രായത്തിലും പ്രീതിയിലുമുള്ള ഒരു വളർച്ചയായിരുന്നു അവന്റേത്. അതുകൊണ്ടുതന്നെ അവനെ വീക്ഷിച്ചവരൊക്കെ ആശ്ചര്യപ്പെട്ടു. വാഴ്‌വിൽ വളർന്ന അവൻ പൂഴിപ്പരപ്പിലൂടെ പിച്ചവച്ചു. മണ്ണിൽനിന്നല്ലാത്തവന്റെ മേനിയിൽ മണ്ണുപറ്റി. അമ്മയുടെ ഉമ്മകളോടൊപ്പം നുള്ളുകളും ശകാരങ്ങളുമൊക്കെ അവനു കിട്ടിയിട്ടുണ്ടാവും. വളർത്തുപിതാവിന്റെ വാത്സല്യത്തോടൊപ്പം വഴക്കുകളും ലഭിച്ചിട്ടുണ്ടാവും.

**പ്രായത്തിലുള്ള വളർച്ച സ്വയമേ സംഭവിക്കുന്ന ഒന്നാണ്. ജ്ഞാനത്തിലുള്ളത് ഒരാളുടെ സ്വന്തം പരിശ്രമത്തിലൂടെയുള്ളതാണ്. എന്നാൽ, പ്രീതി മറ്റുള്ളവർക്കു നമ്മോടു തോന്നേണ്ട ഒന്നാണ്; നമ്മുടെ വ്യക്തിത്വത്തിനു മീതേ ചുറ്റുമുള്ളവർ പതിപ്പിക്കുന്ന ഒരു കുറിപ്പടി.**

അവന്റെ വളർച്ചയുടെ അതുല്യതയും അതിന്റെ വിവിധ തലങ്ങളും ഒരുപിടി പാഠങ്ങൾ നമുക്കു പറഞ്ഞുതരുന്നുണ്ട്. ജ്ഞാനത്തിലുള്ള തന്റെ വളർച്ചയിൽ അറിയേണ്ട കാര്യങ്ങൾ അവനറിഞ്ഞു. താൻ ജ്ഞാനസ്വരൂപൻ ആയിരുന്നിട്ടും അറിവിൽ അപൂർണരായ മനുഷ്യരുടെ അധ്യാപനത്തിന് അവൻ സ്വയം വിധേയപ്പെട്ടു. പ്രായത്തിലുള്ള വളർച്ചയിൽ വെറുതെ വയസ്സു വർദ്ധിപ്പിക്കുകയോ പിറന്നാളുകളുടെ എണ്ണം കൂട്ടുകയോ അല്ല, പിന്നെയോ, പക്വതയിലേക്കടുക്കുകയാണ് അവൻ ചെയ്തത്. പക്വത, മനവും മേനിയും പാകമാകുന്ന അവസ്ഥയാണ്. പ്രീതിയിലുള്ള വളർച്ചയിൽ വിണ്ണിനും മണ്ണിനും പ്രിയപാത്രമായി അവൻ മാറി. പ്രായത്തിലുള്ള വളർച്ച സ്വയമേ സംഭവിക്കുന്ന ഒന്നാണ്. ജ്ഞാനത്തിലുള്ളത് ഒരാളുടെ സ്വന്തം പരിശ്രമത്തിലൂടെയുള്ളതാണ്. എന്നാൽ, പ്രീതി മറ്റുള്ളവർക്കു നമ്മോടു തോന്നേണ്ട ഒന്നാണ്; നമ്മുടെ വ്യക്തിത്വത്തിനു മീതേ ചുറ്റുമുള്ളവർ പതിപ്പിക്കുന്ന ഒരു കുറിപ്പടി.

നാളിതുവരെയുള്ള ജീവിതത്തിൽ നാമും ഏറെ വളർന്നവരല്ലേ? കേവലം തൂക്കത്തിൽ മാത്രമുള്ള ഒന്നാണോ നമ്മുടെ വളർച്ച? അറിയേണ്ടവ നമുക്കറിയാമോ അതോ, വെറും അലങ്കാരയോഗ്യതകൾ മാത്രമാണോ നമുക്കുള്ളത്? ഓർക്കണം, ദൈവികമായ ജ്ഞാനമാണ് സർവപ്രധാനം. ചിന്തകളിലും ചെയ്തികളിലും വാക്കുകളിലും പക്വത അവകാശപ്പെടാൻ നമുക്കു കഴിയുമോ? മന്നും മാനവും നമ്മെ നോക്കി സന്തോഷിക്കാറുണ്ടോ? നമ്മുടെ വളർച്ച ആരുടെയെങ്കിലുമൊക്കെ നന്മയ്ക്ക് ഉപകരിക്കുന്നുണ്ടോ? ബാലനായ യേശുവിനെക്കുറിച്ചെന്നപോലെ നമ്മെക്കുറിച്ചും ആർക്കെങ്കിലും കുറിക്കാനാവുമോ? ഇല്ലെങ്കിൽ ഖേദിക്കണം. നാം ഭുജിച്ചുതീർത്ത ഭക്ഷണപാനീയങ്ങൾ വെറും ഉച്ഛിഷ്ടങ്ങൾ മാത്രമായിരുന്നു; പിന്നിട്ടത് കുറെ പാഴ്ദിനങ്ങളും. ജ്ഞാനത്തിലും പ്രായത്തിലും പ്രീതിയിലും വളരാനുള്ള അവസരങ്ങൾ വൃഥാ കളയരുത്. നമ്മുടെ വളർച്ചയുടെ വഴികളെ വിശുദ്ധീകരിക്കണമേയെന്നു പ്രാർത്ഥിക്കാം. ഒപ്പം, നമ്മെ ഇത്രത്തോളം വളർത്തിയവരെ വിസ്മരിക്കരുത്. നമ്മുടെ ശിക്ഷണത്തിന് ഏല്പിക്കപ്പെട്ടവരെ ശരിയായ ദിശയിൽ വളർത്തിക്കൊണ്ടുവരാം. അവരോടുള്ള കടമകളിൽ വെള്ളം കൂട്ടാതിരിക്കാം. മറ്റുള്ളവരെയും വളരാൻ അനുവദിക്കാം. നമ്മുടെ വളർച്ച ആരുടെയും തളർച്ചയ്ക്കും വിളർച്ചയ്ക്കും കാരണമാകരുത്. വളരുന്നവരും വളർത്തുന്നവരുമായി മാറാൻ ക്രിസ്തു നമുക്കു പ്രചോദനമേകട്ടെ.

സിനിമ



വിനീഷ് പി.പി.




**കൂ**ട്ടുകാർ ദസ്തേവ്സ്കി എന്നു വിളിക്കുന്ന, യു.എയിൽ പ്രവാസജീവിതം നയിക്കുന്ന ദസ്തകീറിന്റെയും (സൗബിൻ ഷാഹിർ) മക്കളുടെയും അവർ കുടുംബാംഗത്തെപ്പോലെ കരുതുന്ന ചന്ദ്രേട്ടന്റെയും രസകരമായ ദൈനംദിനജീവിതം പറഞ്ഞുകൊണ്ടാണ് മ്യാവു സിനിമ പ്രേക്ഷകശ്രദ്ധ നേടുന്നത്. പ്രവാസജീവിതത്തിലെ കുടുംബം, തൊഴിൽബന്ധങ്ങൾ, പ്രതിസന്ധികൾ, കുട്ടികളുടെ ജീവിതം എന്നിവ സിനിമയ്ക്കു പ്രമേയമാകുന്നു. ഭാര്യ സുലു (മംമ്ത മോഹൻദാസ്) പിണങ്ങി, ദാമ്പത്യജീവിതത്തിൽനിന്ന് ഒരു ബ്രേക്ക് എടുത്ത് സ്വന്തം വീട്ടിൽ നിൽക്കുന്നുവെങ്കിലും ദസ്തകീറും ഭാര്യയുമായുള്ള വഴക്കുപോലും അവർ തമ്മിലുള്ള ഹൃദയബന്ധത്തിന്റെ സൂചനകളാണെന്നു സിനിമയുടെ പിന്നീടുള്ള കാഴ്ചകൾ നമ്മളോടു പറയുന്നു. ചന്ദ്രേട്ടനായി വരുന്ന ഹരിശ്രീ യൂസഫിന്റെ കഥാപാത്രം പ്രേക്ഷകമനസ്സിൽ സൗമ്യസാന്നിധ്യമായി സിനിമ കഴിയുമ്പോഴും നിറഞ്ഞുനിൽക്കും. ദസ്തകീറിന്റെ മക്കളായി വന്ന കുട്ടികളും മികച്ച പ്രകടനം കാഴ്ചവച്ചിരിക്കുന്നു. അസർബൈജാൻ സ്വദേശിയായ വേലക്കാരി പെൺകുട്ടിയുടെ ജീവിതം ഒരു വിങ്ങലായി പ്രേക്ഷകരെ പിന്തുടരും. സിനിമയിലുടനീളം കാണുന്ന പൂച്ച പ്രവാസജീവിതത്തിന്റെയും പറിച്ചുനടലിന്റെയും വിഹ്വലതയത്രയും പറഞ്ഞുവയ്ക്കുന്നുണ്ട്. പക്ഷേ, തന്റെ യൗവനത്തിൽ ജീവിതം ആഘോഷപൂർവം ആസ്വദിച്ച ദസ്തകീർ മദ്യപിച്ചു വാഹനമോടിക്കുന്നതിനിടയിൽ സംഭവിക്കുന്ന ആക്സിഡന്റിനെത്തുടർന്ന് അടിമുടി മാറുന്നുണ്ട്. തന്റെ മനസ്സിന്റെ നന്മകളെ മറന്നുപോകാതെ മക്കളോടും ജീവനക്കാരോടുമെല്ലാം കരുതലോടും മാനുഷികമായും പെരുമാറുന്ന ദസ്തകീറിനെ, അയാളുടെ വസ്ത്രവും രൂപവും കണ്ട് തെറ്റിദ്ധരിച്ച് മതത്തിന്റെ വക്താവായി ചുരുക്കാൻ നടത്തുന്ന ശ്രമങ്ങളും നമുക്കു കാണാം.



മതത്തെ മറയാക്കി സാധാരണ മനുഷ്യന്റെ ദൗർബല്യങ്ങളെ കൃത്യമായി ചൂഷണം ചെയ്തുകൊണ്ട് ജീവിക്കുന്ന ചുരുക്കം ചില പുരോഹിതർ എങ്ങനെയാണ് അവന്റെ സ്വാഭാവികമായ ജീവിതകാഴ്ചപ്പാടുകൾ തകിടം മറിക്കുന്നതെന്ന്, ദസ്തകീറിന് അപകടം പറ്റിയശേഷം അവന്റെ ജീവിതത്തിൽ നിർണായകമായ ഇടപെടലുകൾ നടത്തുന്ന ഉസ്താദ് (സലിം കുമാർ) കാണിച്ചുതരുന്നു. മുതിർന്ന മനുഷ്യരുടെ ഇടുങ്ങിയ കാഴ്ചപ്പാടുകൾ അതേപോലെ പിൻതുടരുന്നവരല്ല കുട്ടികളെന്നും ദസ്തകീറിന്റെ മക്കളുടെ ജീവിതത്തിലെ വിവിധ സംഭവങ്ങൾ നമ്മളോടു പറയുന്നു.

ഡോ. ഇക്ബാൽ കുറ്റിപ്പുറത്തിന്റെ തിരക്കഥയിൽ ലാൽ ജോസ് സംവിധാനം ചെയ്ത ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത് അജ്മൽ സാബുവാണ്. ഗാനങ്ങളൊരുക്കിയിരിക്കുന്നത് ജസ്റ്റിൻ വർഗീസാണ്. ആദീഫ് മുഹമ്മദ് ആലപിച്ച ഹിജാബി എന്ന ഗാനം സിനിമയിറങ്ങുംമുമ്പേ ഹിറ്റ്ലിസ്റ്റിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ■

# വെളിച്ചം തെളിക്കുന്ന സ്നേഹക്കൂടാരം






ആഷ്‌ലി ടെസ് ജോൺ

**കോ**ട്ടയം അരുവിത്തുറ വെയിലുകാണാംപാറയിലെ 'നെടുന്താനത്ത്' വീട്ടിലെ ബെന്നിയും ജെസിയും എട്ടു മക്കളുമടങ്ങുന്ന കുടുംബത്തിന്റെ അടിത്തറ അവർ കെട്ടിപ്പൊക്കിയത് വിശ്വാസത്തിന്റെ പാറമേലാണ്. ജെസിയുടെ വാക്കുകൾക്കും പാറപോലെ ഉറപ്പ്.

"ബെന്നിക്ക് അപ്ഹോൾസ്റ്ററി വർക്കാണ്, വീടിനടുത്തുതന്നെ. ബുദ്ധിമുട്ടുകളുണ്ട്. ഒത്തിരി സുഹൃത്തുക്കളുടെ പ്രാർത്ഥനയും കരുതലുമാണ് ഞങ്ങളുടെ ശക്തി. കഷ്ടപ്പാടുകൾ മറികടക്കാനുള്ള ഒരു ശക്തി ദൈവം തരുന്നുണ്ട്. ആദ്യത്തെ കുഞ്ഞിനെ എന്റെ ചില ആരോഗ്യപ്രശ്നങ്ങൾമൂലം നഷ്ടപ്പെട്ടു. അതിനുശേഷം ഈശോയ്ക്കു ഞാൻ വാക്കു കൊടുത്തു, ഇനി നീ തരുന്ന കുഞ്ഞുങ്ങളെയെല്ലാം, അതെത്രയായാലും, എന്തൊക്കെ രോഗങ്ങൾ അനുഭവിക്കേണ്ടിവന്നാലും നിനക്കുവേണ്ടി ഞാൻ വളർത്തുകതന്നെ ചെയ്യും എന്ന്. അതിനുശേഷം അപാരമായ ഒരു 'കൃപ' എന്നെ വന്നു പൊതിഞ്ഞു. പിന്നീട് മക്കളെയോർത്ത് ഞാൻ ഒരിക്കലും ആകുലപ്പെട്ടിട്ടില്ല, അധൈര്യം തോന്നിയിട്ടുമില്ല. ഈ ഇട്ടാവട്ടത്തിൽ എട്ടു കുഞ്ഞുങ്ങളെ വളർത്താൻ എനിക്കൊരു ബുദ്ധിമുട്ടും തോന്നാറുമില്ല. ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്നു പറഞ്ഞാൽ കഷ്ടതകളുടെ കൂടെ ആയിരിക്കുക എന്നും അർത്ഥമുണ്ടെന്ന് സിംപിളായി പറഞ്ഞുതരികയാണ് ജെസി.

ജെസിയെപ്പോലെതന്നെ എല്ലാക്കാര്യങ്ങളിലും ഉറച്ച ബോധ്യമുണ്ട് ബെന്നിക്കും. "ഒത്തിരിപ്പേരുടെ കളിയാക്കലുകളും പരാതിപറച്ചിലുകളും എല്ലാം കേട്ടിട്ടുണ്ട്. പാവപ്പെട്ടവനെന്തിനാ ഇത്രയും മക്കൾ എന്നു ചോദിക്കാനുള്ള അവകാശം ആർക്കുമില്ല. എനിക്കും ജെസിക്കും നല്ല ധൈര്യമുണ്ട്. മക്കളെല്ലാം നന്നായി വളരും. ആദ്യത്തെ രണ്ടു കുഞ്ഞുങ്ങൾ വളർന്നപ്പോഴുള്ള ബുദ്ധിമുട്ടൊന്നും ഇപ്പോഴൊട്ടുമില്ല. മൂത്തമോൻ ഡെന്നീസ് കാനഡയിൽ പഠിക്കാൻ പോയിരിക്കുകയാണ്. ഒത്തിരിപ്പേരുടെ കരുതലും സഹായവുമൊക്കെ അതിനു പിന്നിലുണ്ട്. രണ്ടാമത്തെ മോൻ ഡേവിസ്, ഡിഗ്രി സെക്കന്റ് ഇയറായി. നന്നായി പഠിക്കുന്നുണ്ട്. ഡോണും അൽഫോൻസയും കുര്യാക്കോസും ആന്റണിയും ഫ്രാൻസിസും ക്ലയറും എപ്പോഴും കളിയും ചിരിയും വഴക്കും ഒക്കെയായി അങ്ങനെ... കൊച്ചുകുട്ടികളല്ലേ? അവരും ചേട്ടന്മാരെ കണ്ടു പഠിക്കട്ടെ. ഡെന്നീസ് പോകുന്നതിനുമുമ്പ് എന്റെകൂടെ കടയിൽ പണികൾക്കു വന്നിരുന്നു. ഡേവിസ് വീട്ടിലെ ജോലികളിൽ അമ്മയെ സഹായിക്കും. ഇളയകുഞ്ഞുങ്ങൾക്കു വസ്ത്രം വാങ്ങണ്ടേ? ഹോസ്പിറ്റലിൽ പോകണ്ടേ? അവരുടെ ചെരുപ്പ് ചീത്തയായല്ലോ, മേടിക്കണ്ടേ, പൈസ ഉണ്ടോ? ഇങ്ങനെ എല്ലാം ചോദിച്ചും കണ്ടും ചെയ്യുന്നതു മുതിർന്ന ചേട്ടന്മാരാണ്. ജെസിക്കും അവർ വലിയ ആശ്വാസമാണ്." ബെന്നി പറഞ്ഞു നിറുത്തി.



*അരുവിത്തുറ നെടുന്താനത്ത് ബെന്നിയും ജെസിയും മക്കളോടൊപ്പം*

"കല്യാണങ്ങൾക്കൊന്നും അധികം പോകാറില്ല. ആഘോഷങ്ങളും അധികമില്ല. കുഞ്ഞുങ്ങൾക്ക് അമിതമായ ആഗ്രഹങ്ങളുമില്ല. കുഞ്ഞുകുഞ്ഞു സന്തോഷങ്ങളിൽ അവർ തൃപ്തരാണ്. എല്ലാവരും ഒരുമിച്ച് വീട്ടിൽ ഉള്ളതാണ് അവർക്കേറ്റവും സന്തോഷം. ഡെന്നീസ് എന്താവശ്യമുണ്ടെങ്കിലും എവിടെയും ബൈക്കിൽ എന്നെ കൊണ്ടുപോകും. എട്ടാമത്തെ കുഞ്ഞിനെ പ്രഗ്നന്റായിരിക്കുമ്പോൾ, "വാ അമ്മേ, ധ്യാനം കൂടിക്കോ, ഞാൻ കൊണ്ടുപോകാം" എന്നു പറഞ്ഞവൻ കൂടെ വന്നു. എനിക്കുവേണ്ടി, ആദ്യംതന്നെ, ദൈവം മൂത്തമക്കളെ ഒരുക്കി അയച്ചതാണെന്നു തോന്നാറുണ്ട്. വീട്ടിൽ ആദ്യകാലത്ത് കറന്റില്ലായിരുന്നു. 10000 തുകയാകുന്ന അഞ്ചു പോസ്റ്റ് ഇട്ടാലേ വൈദ്യുതി ലഭിക്കൂ എന്നു കെ.എസ്.ഇ.ബിയിൽ നിന്നറിയിച്ചു. ഒരിക്കലും പ്രതീക്ഷിച്ചതല്ല കുഞ്ഞുങ്ങൾക്കു രാത്രി വെളിച്ചം കണ്ടു പഠിക്കാനാവുമെന്ന്. പ്രാർത്ഥിച്ചു. അപ്രതീക്ഷിതമായി ഗവണ്മെന്റ് ഓർഡർ വന്നു, വൈദ്യുതിരഹിതഭവനങ്ങളിലെല്ലാം വെളിച്ചമെത്തിക്കണമെന്ന്. ഇങ്ങനെയിങ്ങനെ സമയമാവുമ്പോൾ സ്വർഗത്തിൽനിന്നു കിട്ടുന്ന ഓരോരോ വെട്ടങ്ങളാണ് ഞങ്ങളെ നയിക്കുന്നത്." ജെസി ചിരിക്കുകയാണ്, വിശ്വാസത്തിന്റെ വെളിച്ചം പരത്തി. ■

Deepanalam Weekly
RNI No : 16998/68
Vol. 55 No. 1 Date of Publication 24 February 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist, Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org